Reg. M. No. 2293

ഒററപ്രതി 2ണ.

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."


പുസ്തകം 28 | 1130 മിഥുനം 29—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1955 ജൂലൈ 13 | ലക്കം 46

## അനാഥശിശുക്കളുടെ സ്നേഹതാതൻ

[ജയിംസ് പാലിയേക്കുന്നേൽ]

ജീവകാരുണ്യപ്രവർത്തനങ്ങളുടെയും പരസ്നേഹസേവാസംഘങ്ങളുടെയും സ്വർഗ്ഗീയമദ്ധ്യസ്ഥൻ എന്ന വിശിഷ്ട അപരനാമംപോലും അർഹിക്കത്തക്കവിധം പ്രമാണങ്ങളിൽ ഏററം വലിയ പ്രമാണമായ ദൈവസ്നേഹത്തിൻെറ ഔത്യം സഹജീവികളിലേക്കു പകരുന്നതിനു് അശ്രാന്തം അവിശ്രമം പരിശ്രമിച്ച ഒരു മഹാപുരുഷനാണു് വി. വിൻസെൻറു ഡി പോൾ. ദൈവസ്നേഹം അളക്കുന്നതിനുള്ള മാനദണ്ഡം സഹജീവികളോടുള്ള സ്നേഹമാണല്ലോ. അദ്ധ്വാനംകൊണ്ടും സ്വനെററിയിലെ വിയർപ്പുകൊണ്ടും അയൽക്കാരെ സേവിക്കുവാനാഗ്രഹിച്ചുകൊണ്ടു് ആയുഷ്കാലം ചെലവഴിച്ച ഈ വിശുദ്ധൻെറ ജീവിതത്തിൻെറ ഉള്ളറകളിലേക്കുള്ളൊരെത്തിനോട്ടം സാന്ത്വനവും പ്രചോദനവും നൽകുന്നതിനുപകരിക്കും. ആറു് വിശുദ്ധാത്മാക്കൾ ചെയ്തിട്ടുള്ളതിൽ കൂടുതൽ ഈ വിശുദ്ധൻ തൻെറ ജീവിതകാലത്തു് ചെയ്തിട്ടുണ്ടെന്നു് അദ്ദേഹത്തിൻെറ സുപ്രസിദ്ധനായ ഒരു ജീവചരിത്രകാരൻ സാക്ഷിക്കുന്നു. അദ്ദേഹത്തിൻെറദയാർദ്രദൃഷ്ടി ദുഃഖിതരിലേക്കും പീഡിതരിലേക്കും കടന്നുചെന്നു കരുണ പകരുന്നതിനു് ഉത്തേജനം നൽകിക്കൊണ്ടിരുന്നു. അതിൻെറ കാരണം ദാരിദ്ര്യത്തിൻെറയും കഷ്ടതകളുടെയും തനിനിറം ദർശിച്ചതായിരുന്നു അദ്ദേഹത്തിൻെറ ജീവിതം എന്നുള്ളതല്ലാതെ മറെറാന്നുമല്ല. അനുഭവജ്ഞാനം ഏതെല്ലാം പ്രവർത്തനങ്ങൾക്കു് മനുഷ്യനെ പ്രേരിപ്പിക്കുകയില്ല.

എല്ലാ തുറകളിലും നിലകളിലും ജീവിച്ചവർക്കു് വി. വിൻസെൻറിൻെറ പരസ്നേഹകൃത്യങ്ങളുടെ മാധുരി അനുഭവിച്ചറിയുന്നതിനു സാധിച്ചിട്ടുണ്ടു്. യുദ്ധം, പകർച്ചവ്യാധി, ക്ഷാമം എന്നിവയാൽ നാനാതരത്തിൽ പീഡിതയായിരുന്ന ഫ്റാൻസിനെ സഹായിക്കുന്നതിനു്, അദ്ദേഹം ആരംഭിച്ചു് അത്യദ്ധ്വാനങ്ങളാലും സജീവപ്രവർത്തനങ്ങളാലും പരിപോഷിപ്പിച്ചുകൊണ്ടുപോന്ന അനേകപരസ്നേഹസ്ഥാപനങ്ങളും സംഘടനകളും പ്രയോജനപ്പെട്ടിട്ടുണ്ടെന്നുള്ളതു് പ്രസ്താവയോഗ്യമത്രെ. അവയിലൊന്നാണു് അനാഥശിശുക്കളുടെ സംരക്ഷണത്തിനായി അദ്ദേഹം ചെയ്തിട്ടുള്ള ബഹുമുഖങ്ങളായ പ്രവർത്തനങ്ങൾ. പതിനേഴാംനൂററാണ്ടുവരെ അനാഥശിശുക്കളുടെ സംരക്ഷണത്തിനായി യാതൊരു നിയമവും ഫ്റാൻസിൽ നടപ്പിലിരുന്നതായി അറിവില്ല. നോട്ടർഡാം ദേവാലയത്തിൽനിന്നും ഇപ്രകാരമുള്ള അനാഥശിശുക്കളുടെ സംരക്ഷണം ചില വിധവകളെ ഏല്പിച്ചിരുന്നു. പല കുട്ടികളെ സംരക്ഷിക്കുവാൻ ഒരു വളർത്തമ്മ മാത്രമാണുണ്ടായിരുന്നതു്. തന്നിമിത്തം അവരുടെ ആരോഗ്യസ്ഥിതി തൃപ്തികരമായിരുന്നില്ലെന്നു മാത്രമല്ല ആദ്ധ്യാത്മികാവശ്യങ്ങൾ അവഗണിക്കപ്പെട്ടുമിരുന്നു. പൊതുജനശ്രദ്ധ ആകർഷിക്കുന്നതിനും അവരിൽനിന്നു ദാനധർമ്മങ്ങൾ ലഭിക്കുന്നതിനുമായി ശിശുക്കളെ പൊതുനിരത്തുകളിൽ കിടത്തി അവരുടെ വളർത്തമ്മമാർ ധർമ്മം യാചിച്ചിരുന്നു. ഇപ്രകാരം ലഭിച്ചിരുന്ന ദാനധർമ്മങ്ങളാലാണു് അവരുടെ ആവശ്യങ്ങൾ ഏകദേശമെങ്കിലും നിർവ്വഹിച്ചുകൊണ്ടുപോകുന്നതിനു് സാധിച്ചിട്ടുള്ളതു്.




സെൻറ് വിൻസെൻറ ഡി പോൾ

(തിരുനാൾ—ജൂലൈ 19.)

ശിശുക്കളുടെ ക്രയവിക്രയം അതിവിപുലമായ തോതിൽ നടന്നിരുന്നു. അവരെ വാങ്ങിയിരുന്നതു് അവരുടെ മാതാക്കളായി ഗണിക്കപ്പെടുന്നതിൽ അഭിമാനംകൊണ്ടിരുന്ന സ്ത്രീകളോ പിശാചുസേവയ്ക്കു നരബലി ഉപകരണമായി സ്വീകരിച്ചിരുന്ന മനുഷ്യാധമന്മാരോ യാചകന്മാരോ ആയിരുന്നു. സന്താനരഹിതരായ ചില ദമ്പതിമാർ ഇത്തരം ശിശുക്കളിൽ ചിലരെ ദത്തെടുക്കുന്നതിൽ ആനന്ദം കണ്ടെത്താതെയുമിരുന്നില്ല. യാചകന്മാർ ഇവരെ വാങ്ങിയിരുന്നതു് ദീനാനുകമ്പയാലല്ല, സ്വകാര്യലാഭത്തിനുവേണ്ടി മാത്രമായിരുന്നു. ശിശുക്കളുടെ ദയനീയസ്ഥിതിയിൽ കാണികളിൽ സഹതാപമുളവാക്കി പിച്ചച്ചട്ടി സമ്പന്നമാക്കുവാൻ അവരുടെ അംഗഭംഗം വരുത്തുന്നതിനുപോലും യാചകന്മാർ മടിച്ചിരുന്നില്ല. നമ്മുടെ വിശുദ്ധൻതന്നെ ഒരു സംഭവം വിവരിക്കുന്നുണ്ടു്. ഒരിക്കൽ അദ്ദേഹം പാരീസിലെ തെരുവീഥികളിൽക്കൂടി പോകുമ്പോൾ ഒരു യാചകൻ താൻ വാങ്ങിയ അനാഥശിശുവിൻെറ കൈകാലുകൾ ഛേദിച്ചുകളയുന്ന അതിദാരുണമായ ഒരു രംഗം ദർശിച്ചു. വി. വിൻസെൻറു് ആ മനുഷ്യാധമനെ സമീപിച്ചു് അയാളുടെ മൃഗീയതയെ കഠിനമായ ഭാഷയിൽ അപലപിച്ചു. അദ്ദേഹം ശിശുവിനെ വാത്സല്യപൂർവ്വം കരങ്ങളിലെടുത്തു് "ലാ കൗച്ചെ" എന്നുപേരുള്ള മന്ദിരത്തിലാക്കി. ശിശുക്കളുടെ ഈ ദുരവസ്ഥ നമ്മുടെ വിശുദ്ധനു് ഹൃദയഭേദകമായിത്തോന്നി. അദ്ദേഹം നിവൃത്തിമാർഗ്ഗങ്ങൾ ആരാഞ്ഞു. ഉപവിയുടെ വനിതാസമാജത്തിലെ (Ladies of Charity) ചില അംഗങ്ങളെ "ലാ കൗച്ചെ" സന്ദർശിക്കുന്നതിനു പ്രേരിപ്പിച്ചു. ശിശുക്കളുടെ ദയനീയാവസ്ഥ നേരിട്ടുകണ്ടു് അവർക്കെന്തെങ്കിലും കാര്യമായ സഹായസൗകര്യങ്ങൾ നൽകുന്നതിനു് അവർ ഉത്തേജിതരാകണമെന്നുള്ളതായിരുന്നു അദ്ദേഹത്തിൻെറ ലക്ഷ്യം. അതു കുറിക്കു കൊള്ളുകതന്നെ ചെയ്തു. മാഡ്മോസേൽ ലെഗ്രാസും മാഡം ഹാർഡിയും ഔദാര്യപൂർവ്വം അവരുടെ സഹായസഹകരണങ്ങൾ വാഗ്ദാനം ചെയ്തു. ശിശുക്കളെ ഒരു പ്രത്യേക സങ്കേതത്തിലാക്കി പോററുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്തു. ആദ്യം പന്ത്രണ്ടുപേരെ കുറിയിട്ടെടുത്തു് മാഡ്മോസേൽ ലെഗ്രാസിൻെറ ഭവനത്തിലാക്കി. കൂടുതൽ സൗകര്യമെന്നു കാണുകയാൽ എല്ലാവരേയും "ബൊളഞ്ചെഴ്സി"ലേക്കു മാററി ഏതാനും "ഉപവിയുടെ പുത്രിമാർക്കു്" അവരെ ഭരമേല്പിച്ചു. ക്രമേണ അനാഥകുട്ടികളുടെ സംരക്ഷണഭാരം മുഴുവൻ ഏറെറടുക്കുവാൻ വി. വിൻസെൻറു് ശ്രമിച്ചു. ഇതിനായി ഉപവിയുടെ പുത്രിമാരുടെ ഒരു മീററിംഗ് കൂടി. വിശുദ്ധൻെറ പ്രഭാഷണം അവരിൽ സ്നേഹാഗ്നി ജ്വലിപ്പിച്ചു് അത്ഭുതകരങ്ങളായ ഫലങ്ങൾ പുറപ്പെടുവിച്ചു. ആ പ്രഭാഷണത്തിൻെറ സമാപനം ഇപ്രകാരമായിരുന്നു. "ഈ ചെറുജീവികളെ നിങ്ങളുടെ കുഞ്ഞുങ്ങളെപ്പോലെ സ്വീകരിക്കുവാൻ നിങ്ങളെ പ്രേരിപ്പിച്ചതു് അനുകമ്പയും പരസ്നേഹവും മാത്രമാണു്. അവരുടെ മാതാക്കൾ അവരെ ഉപേക്ഷിച്ചപ്പോൾ നിങ്ങൾ ദൈവാനുഗ്രഹംവഴിയുള്ള അവരുടെ മാതാക്കളായിത്തീർന്നു. അവരുടെ മാതൃസ്ഥാനമുപേക്ഷിക്കുക; അപ്പോൾ നിങ്ങൾ അവരുടെ വിധികർത്താക്കളായി മാറും. അവരുടെ ജീവനും മരണവും ഇതാ, നിങ്ങളുടെ ഹസ്തങ്ങളിൽ. ഞാനിപ്പോൾ നിങ്ങളുടെ വോട്ടെടുക്കാം. വിധി പ്രസ്താവനയ്ക്കുള്ള സമയമായിരിക്കുന്നു."

അക്കാലത്തു് അസാന്മാർഗ്ഗികളായ മാതാപിതാക്കന്മാരാൽ ഫ്റാൻസിലെ വീഥികളിൽ അനേകം ശിശുക്കൾ ഉപേക്ഷിക്ക

പ്പെട്ടിരുന്നു. ഇപ്രകാരമുള്ള ശിശുക്കളെത്തേടി, ശീതകാലത്തെ മരംകോച്ചുന്ന തണുപ്പും മഞ്ഞും വകവയ്ക്കാതെ, വിശുദ്ധൻ രാത്രിയിൽ പട്ടണത്തിന്റെ നാനാഭാഗത്തുംപോയി കൊണ്ടുവന്നുകൊടുത്തിട്ടുള്ളതായി അന്ന് അനാഥശിശുക്കളുടെ സംരക്ഷണഭാരം സ്വീകരിച്ചിരുന്ന സിസ്റ്റർ കുറിച്ചുവെച്ചിരിക്കുന്ന ഡയറിയിൽ കാണാം. ഒരു രാത്രി വി. വിൻസെൻറ് പട്ടണത്തിന്റെ ഒരു ഭാഗത്തുകൂടി നടന്നുപോവുകയായിരുന്നു. കൊള്ളചെയ്യുവാൻ തരപ്പെട്ടെന്നു കരുതി "ബ്രിഗണ്ട്" എന്ന ഒരു തസ്കരസംഘം അദ്ദേഹത്തെ വളഞ്ഞു. അപ്പോൾ വിശുദ്ധൻ തന്നെത്താൻ അവർക്കു വെളിപ്പെടുത്തി. അദ്ദേഹത്തിന്റെ സ്വരം ശ്രവിച്ച മാത്രയിൽ വിൻസെൻറിന്റെ ഇത്തരം ജീവകാരുണ്യപ്രവർത്തനങ്ങൾ ഗ്രഹിച്ചിരുന്ന പ്രസ്തുത സംഘം അദ്ദേഹത്തിന്റെ പാദാന്തികത്തിൽ വീണു ക്ഷമയാചിച്ചു.

വി. വിൻസെൻറ്, ലൂയിസാ ഡിമരില്ലാക്കിനെഴുതിയ കത്തുകൾ, ഉപവിയുടെ വനിതാസംഘം ഉപവിയുടെ പുത്രികൾ എന്നിവർക്കു നടത്തിയിട്ടുള്ള കോൺഫറൻസുകൾ, അനാഥശിശുമന്ദിരത്തിന്റെ ഭാരം ഏററിരുന്ന സഹോദരികൾക്കു നൽകിയ നിയമസംഹിത എന്നിവ അനാഥശിശുക്കളുടെ ആത്മീയശാരീരികാവശ്യങ്ങളുടെ കാര്യത്തിൽ അദ്ദേഹം ചെലുത്തിയിരുന്ന ശ്രദ്ധ എമ്മാത്രമെന്നു തെളിയിക്കുന്നു.

ദരണ്ണയും പിടിക്കാത്ത വക്കും.
നീരിറക്കം.
എണ്ടൽ.
താരൻ.
മൊരിച്ചുണങ്ങ്.
പല്ലുവേദന.
പുഴുക്കടി.
എന്നിവക്കും.
അമൃതതൈലം.
കാളൻ ആയുർവ്വേദ ഔഷധശാല, നെല്ലായി.

1643 ഡിസംബർ 7-ാംതീയതി അദ്ദേഹം നൽകിയ ഉപദേശം അനാഥശിശുക്കളെ സംബന്ധിച്ചു മാത്രമുള്ളതായിരുന്നു. ഇതിനെപ്പററി സഹോദരികളോടു പറഞ്ഞപ്പോളെല്ലാം അദ്ദേഹത്തിന്റെ ഹൃദയം വികാരതരളിതമായിരുന്നു. അദ്ദേഹം പറഞ്ഞു: "ധനികരുടെ കുഞ്ഞുങ്ങളുടെ സംരക്ഷണാഭാരം അഭിമാനകരമായി ലൗകികർ കരുതുന്നെങ്കിൽ ദൈവത്തിന്റെ കുഞ്ഞുങ്ങളെ സേവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്ന നിങ്ങൾ അപ്രകാരം ചെയ്യുന്നതിൽ എത്രയധികം അഭിമാനംകൊള്ളണം! ഈ സാധുശിശുക്കൾ യഥാർത്ഥമായും ദൈവത്തിന്റെ കുഞ്ഞുങ്ങളാകുന്നു. എന്തുകൊണ്ടെന്നാൽ അവിടുന്നു അവരെ പരിത്യജിച്ച മാതാപിതാക്കന്മാരുടെ സ്ഥാനം സ്വീകരിച്ച് അവരുടെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുന്നു.......ഈ കുട്ടികളെ, ക്രിസ്തുവിന്റെമാത്രം വധുക്കളായിരിക്കുവാൻ ആഗ്രഹിച്ച് കന്യകകളായി ജീവിക്കുന്ന—ഒരേസമയം കന്യകകളുംമാതാക്കളുമായിരിക്കുന്ന—നിങ്ങളെയത്രെ ഏല്പിച്ചിരിക്കുന്നതു്. ഇവ്വിധം കന്യകയും മാതാവുമായിരുന്ന ദൈവജനനിയോടും ഈ ശിശുക്കളോട് സദാ അടുത്തിരിക്കുന്നതിൽ ആനന്ദിക്കുന്ന അവരുടെ കാവൽമാലാഖമാരോടും നിങ്ങൾ ആനുരൂപ്യം പ്രാപിക്കുന്നതിൽ അവർ അഭിമാനംകൊള്ളുന്നുണ്ടാവാം......"

വി. വിൻസെൻറിന്റെ സഭാംഗങ്ങളായ വിൻസെൻഷ്യൻ വൈദികരും അദ്ദേഹത്തിന്റെ ആദ്ധ്യാത്മികപുത്രിമാരായ 25000-ൽപരം ഉപവിയുടെ സഹോദരികളും പ്രസ്തുത വിശുദ്ധന്റെ ഉപവിയാൽ പ്രേരിതരായി ദുഃഖിതർക്കും പീഡിതർക്കും സമാശ്വാസം പകർന്നുവരുന്നു.

# അദ്ധ്യയനമണ്ഡലം

## (Study Circle)

(ഫാദർ മാത്യു നടയ്ക്കൽ)

അദ്ധ്യയനമണ്ഡലത്തെ അധികാരികളും, നേതാക്കളും വളരെയധികം പ്രോത്സാഹിപ്പിക്കുന്നുണ്ട്. ചില സ്ഥലങ്ങളിൽ സ്റ്റഡിസർക്കിൾ നടത്തിവരുന്നുമുണ്ട്. എന്നാൽ അദ്ധ്യയനമണ്ഡലത്തെ ഒരു സംഘടനഎന്നനിലയിലല്ല, ഒരു പാഠക്ലാസ്സ് എന്ന നിലയിലാണ് നാം പരിഗണിക്കുന്നതു്. ആകയാൽ അദ്ധ്യയനമണ്ഡലത്തോടു പൊതുവായ ചില നിയമങ്ങളും, സാമൂഹികങ്ങളും കലാപരങ്ങളുമായ ചിലപരിപാടികളും, ചേർത്തു ഒരുസംഘടനയുടെ മാതൃകയിൽ കൊണ്ടുവരുവാൻ സാധിക്കുമോ എന്നു ഒന്നു പരീക്ഷിച്ചു നോക്കുന്നതു നല്ലതുതന്നെ.

കാനൻ നിയമം 711: 2-ാം വകുപ്പിൽ Confraternitas Doctrinae Christanae-ക്രിസ്തുമതസിദ്ധാന്തസഖ്യം- എന്നൊരു സംഘടനയെപ്പററി പറഞ്ഞിരിക്കുന്നു. ഈ സഖ്യത്തിന്റെ ലക്ഷ്യങ്ങൾ പ്രാപിക്കത്തക്കവിധം അദ്ധ്യയനമണ്ഡലം പ്രയോജനപ്പെടുത്താവുന്നതാണ്.

സ്റ്റഡിസർക്കിൾ നടത്തുക എന്നതു് ഇന്നത്തെ ഒഴിച്ചുകൂടുവാൻ പാടില്ലാത്ത ഒരാവശ്യകതയാണെന്നുള്ളതു് നിസ്സംശയമാകുന്നു. എന്നാൽ അതു വിജയപ്രദമായും കാര്യക്ഷമതയോടുകൂടിയും ആരംഭിച്ചു തുടർന്നുകൊണ്ടു പോകുക പ്രയാസമുള്ള ഒരു കാര്യമാണ്. വിഷയങ്ങൾ തിരഞ്ഞെടുത്തു തയ്യാറാക്കുന്നതു പ്രയാസകരം. ഈ വിഷയത്തിൽ നമ്മെ സഹായിക്കുന്ന ഗ്രന്ഥങ്ങൾ മലയാളത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. ഒരു ക്രൈസ്തവൻ സാമാന്യമായി അറിഞ്ഞിരിക്കേണ്ട പ്രധാനപ്പെട്ട എല്ലാ വിഷയങ്ങളും തിരഞ്ഞെടുത്തു ചർച്ചചെയ്ത "അദ്ധ്യയനമണ്ഡലം ഗ്രന്ഥാവലി" എന്ന പേരിൽ പ്രസിദ്ധം ചെയ്യുന്നതിനു കേരളത്തിലെ പ്രസിദ്ധ പണ്ഡിതന്മാരായ പതിനെട്ടുപേർ ഇപ്പോൾശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ചർച്ചകളുടെയും വാദപ്രതിവാദങ്ങളുടെയും ഒരു രംഗമാണ് അദ്ധ്യയനമണ്ഡലം. കുറെനാൾ നടത്തിക്കഴിയുമ്പോൾ സ്വാഭാവികമായിത്തന്നെ അതിൽ ഒരു വിരസത അനുഭവപ്പെടുവാൻ പാടുണ്ട്. ഈ വിരസതയെ നീക്കിക്കളയുന്നതിനും, പ്രവർത്തനങ്ങൾക്കു വൈവിധ്യം നൽകുന്നതിനും സാമൂഹികവും കലാപരവുമായ പരിപാടികൾ കൂടി അദ്ധ്യയനമണ്ഡലത്തോടു ഘടിപ്പിക്കുന്നതു ഉചിതമായിരിക്കും.

ഗ്രന്ഥശാലകൾ, കായികവും മാനസികവുമായ വിനോദങ്ങൾ, സോഷ്യൽ മുതലായവ സ്റ്റഡീസർക്കിൾ നടത്തുന്നതിനുള്ള സഹായപരിപാടികളായി നിർദ്ദേശിക്കപ്പെട്ടിരിക്കുകയും ചെയ്യുന്നു.

ഒരിടവകയിൽ അദ്ധ്യയനമണ്ഡലം വിജയപ്രദമായി നടത്തുന്നതിനു് ഒരു വൈദികന്റെ നേതൃത്വവും, സഹായവും അപരിത്യാജ്യമാകുന്നു. എന്നാൽ വർദ്ധിച്ചുവരുന്ന വിവിധങ്ങളായ ഇടവകജോലികൾക്കിടയിൽ അദ്ധ്യയനമണ്ഡലം സമ്മേളനങ്ങളിലും മററും സംബന്ധിക്കുന്നതിനും ഇടവകവികാരിക്കു പലപ്പോഴും കഴിഞ്ഞില്ലെന്നുവരാം. അഥവാ ഒരിടവകയിൽ ഒരച്ചൻമാത്രമേയുള്ളു. അദ്ദേഹം വൃദ്ധനാണ്. ഈദൃശ സാഹചര്യങ്ങളിൽ സംഘടനാനടപടികൾ എങ്ങിനെ മുന്നോട്ടുകൊണ്ടുപോകും? പ്രബോധനപരവും, ശിക്ഷണപരവുമായ കാര്യങ്ങളിൽ ഡയാക്കറായ ബ. വൈദികനെ സഹായിക്കുന്നതിനു വിദ്യാസമ്പന്നനും സുസമ്മതനുമായ ഒരൾമേനിയെ തിരഞ്ഞെടുത്താൽ മേൽവിവരിച്ച ന്യൂനത പരിഹരിക്കപ്പെടുമെന്നു പ്രതീക്ഷിക്കാം.

കർത്താവു വീടു പണിയുന്നില്ലെങ്കിൽ പണിക്കാർ വ്യഥാ പണിയുന്നു എന്നു സങ്കീർത്തകൻ പറഞ്ഞിരിക്കുന്നു. മണ്ഡലം പ്രവർത്തനങ്ങൾ ഫലം പുറപ്പെടുവിക്കണമെങ്കിൽ ദൈവസഹായം ധാരാളമായി ലഭിക്കണം. ആകയാൽ പ്രാർത്ഥനാപരമായ ഒരു ജീവിതത്തോടു നമ്മുടെ പ്രവർത്തനങ്ങൾ നാം ബന്ധിക്കണം. ഇതു അവശ്യം ആവശ്യമാകുന്നു. ഈ ആവശ്യകതയെ നിറവേററുന്നതിനാണ് പ്രാർത്ഥനാമഞ്ജരി എന്ന ചെറുഗ്രന്ഥം അദ്ധ്യയനമണ്ഡലം അംഗങ്ങൾക്കുവേണ്ടി ക്രമീകരിച്ചിരിക്കുന്നതു്. വേദഗ്രന്ഥങ്ങളിൽനിന്നും തിരഞ്ഞെടുത്തിരിക്കുന്ന അതിലെ കീർത്തനങ്ങൾ ജ്ഞാനസമ്പൂർണ്ണങ്ങളാണ്. ഇതിലെ പ്രാർത്ഥനകൾ എല്ലാം തന്നെ ബന്ധവിമോചനങ്ങൾ ഉള്ളവയാണ്. കീർത്തനഭാഗങ്ങൾ ഗാനങ്ങളായി ചേർത്തിരിക്കുന്നതുകൊണ്ട് ആഘോഷപൂർവ്വം അനുഷ്ഠിക്കാവുന്ന ഒരു പ്രാർത്ഥനാപരിപാടിയാണ് പ്രാർത്ഥനാമഞ്ജരി ഉൾക്കൊള്ളുന്നതു്.

### അദ്ധ്യയനമണ്ഡലവും പരിശുദ്ധാത്മാവിനോടുള്ള ഭക്തിയും

കത്തോലിക്കാതിരുസ്സഭ ഔദ്യോഗികമായി ഉൽഘാടനം ചെയ്യപ്പെട്ടതു പന്തക്കുസ്താദിനമാണ്. പരിശുദ്ധാത്മാവിന്റെ ആഗമനത്തിനുശേഷം ക്രിസ്തുവിന്റെ അപ്പോസ്തലന്മാരിലും ശിഷ്യഗണങ്ങളിലും സംഭവിച്ച പരിവർത്തനങ്ങൾ സുവിദിതങ്ങളാകുന്നു. തിരുപ്പട്ടം എന്ന കൂദാശ നൽകപ്പെടുമ്പോൾ സ്വീകരിക്കുന്നവനിൽ പ. ആത്മാവ് എഴുന്നെള്ളിവരുന്നതിനെ സൂചിപ്പിക്കുന്ന തിരുക്കർമ്മങ്ങൾ നിർവ്വഹിക്കപ്പെടുന്നുണ്ട്. വിശ്വാസികൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതിനു ഒരു പ്രത്യേക കൂദാശതന്നെ ക്രിസ്തുനാഥൻ സ്ഥാപിച്ചിരിക്കുന്നു. ഇവയെല്ലാം പരിശുദ്ധാത്മാവിന്റെ പ്രവർത്തനം നമ്മെ സംബന്ധിച്ചു എത്രമാത്രം ആവശ്യമായിരിക്കുന്നുവെന്നു തെളിയിക്കുന്നുണ്ട്. വിശ്വാസം പ്രചരിപ്പിക്കുന്നതിനും അതു ഫലങ്ങൾ പുറപ്പെടുവിക്കുന്നതിനും പരിശുദ്ധാത്മാവിന്റെ പ്രത്യേക സഹായം അനുപേക്ഷണീയമാകുന്നു.

കൂടാതെ ആധുനികപ്രശ്നങ്ങളെല്ലാംതന്നെ, വിശ്വാസത്തെ പ്രത്യക്ഷമായോ പരോക്ഷമായോ സ്പർശിക്കുന്നവയാകുന്നു. ഈശ്വരവിശ്വാസത്തെ ഭൂമുഖത്തുനിന്നും നിർമ്മാർജ്ജനം ചെയ്യുന്നതിനു അന്ധകാരശക്തികൾ സംഘടിച്ചിരിക്കുകയാണ്. അതുകൊണ്ട് വിശ്വാസസംരക്ഷണത്തിൽ പരിശുദ്ധാത്മാവിന്റെ സഹായം പ്രത്യേകവിധത്തിൽ നാം അപേക്ഷിക്കേണ്ടിയിരിക്കുന്നു.

വീണ്ടും ബോധജ്ഞാനത്തിന്റെ ഉറവയും, ജ്ഞാനസമ്പാദനത്തിന്റെയും വിതരണത്തിന്റെയും മൂലസഹായവും പരിശുദ്ധാരൂപിയാകുന്നു. തൻമൂലം പരിശുദ്ധാത്മാവിനോടുള്ള ഭക്തി അദ്ധ്യയനമണ്ഡലത്തോടു എത്ര അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നുവെന്നു ഗ്രഹിക്കുവാൻ പ്രയാസമില്ല. പരിശുദ്ധാത്മാവിന്റെ ഭക്തി അഭ്യസിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും കൂടി അദ്ധ്യയനമണ്ഡലം പരിശ്രമിക്കേണ്ടതാണ്.

പ്രധാനമായി പരിശുദ്ധാത്മാവിനോടുള്ള ഭക്തിയുടെ അടിസ്ഥാനത്തിലാണ് പ്രാർത്ഥനാമഞ്ജരി ക്രമീകരിക്കപ്പെട്ടിരിക്കുന്നതു്. പരിശുദ്ധാത്മാവിനോടുള്ള പ്രധാനപ്പെട്ട പ്രാർത്ഥനകളും സൂക്തജപങ്ങളും തിരഞ്ഞെടുത്തു് അതിൽ ചേർക്കുകയും ചെയ്തിരിക്കുന്നു.

മിഷൻ പ്രവർത്തനങ്ങൾ ജീവകാരുണ്യപരമായ പ്രവർത്തനങ്ങൾ എന്നു തുടങ്ങിയവ മുന്നേറിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നതു്. നമുക്കതിൽ സന്തോഷിക്കുവാനും അവകാശമുണ്ട്. എന്തുകൊണ്ട് ആരും യുവജനങ്ങളുടെ കാര്യത്തിൽ ശ്രദ്ധിക്കുന്നില്ല എന്ന ചോദ്യവും പല രംഗങ്ങളിൽനിന്നും ഉണ്ടാകാതിരിക്കുന്നുമില്ല. യുവജനങ്ങൾ വിഗണിക്കപ്പെട്ടിരിക്കുന്ന ഒരു കൂട്ടത്തിലാണെന്നും ചിലർ പറഞ്ഞു കേട്ടിട്ടുണ്ട്. യുവജനങ്ങൾ അനിയന്ത്രിതരാണെന്നുള്ള ചിന്താഗതിയിൽ കഴിഞ്ഞുകൂടുന്നവരുമുണ്ട്.

യാഥാർത്ഥ്യം പറഞ്ഞാൽ, ഇന്നു മാതാപിതാക്കന്മാരും യുവജനശിക്ഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഗുരുക്കന്മാരും, വൈദികാധികാരികളും വളരെ പ്രത്യാശയോടെ വിദൂരത്തിൽനിന്നു യുവസഹോദരങ്ങളെ വീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. യുവജനങ്ങൾ ശക്തിനികേതനങ്ങളാണെന്ന് എല്ലാവർക്കുമറിയാം. നമ്മുടെ യുവജനങ്ങളെ സംബന്ധിച്ചു എന്തെങ്കിലും ചെയ്യേണ്ടിയിരിക്കുന്നു എന്നുള്ള സംസാരം എവിടെയും കേൾക്കാം.

സ്വതന്ത്രമനസ്കരായ യുവജനങ്ങളെ സംഘടിപ്പിക്കുന്നതു് പ്രയാസമേറിയ ഒരു കൃത്യമാകുന്നു. എന്നാൽ പ്രയോജനകരമായ ലക്ഷ്യം പ്രാപിക്കുന്നതിനു പ്രയാസമേറിയ മാർഗ്ഗങ്ങൾതന്നെ തരണംചെയ്യണമെന്നുള്ളതു ആദ്ധ്യാത്മികരംഗത്തും ഭൗതികരംഗത്തും ദൈവം നിശ്ചയിച്ചിരിക്കുന്ന ഒരു ക്രമമാകുന്നു. പ്രയാസമേറിയ മാർഗ്ഗങ്ങൾ പരിത്യാഗത്തേയും, സഹനത്തേയും സൂചിപ്പിക്കുന്നു.

മതനിഷിദ്ധസംഘടനകൾ വളർന്നുകൊണ്ടിരിക്കുന്ന ഇക്കാലത്തു നമ്മുടെ യുവാക്കന്മാരെ സംഘടിപ്പിച്ചു സൃഷ്ടിപരമായ പ്രവർത്തനങ്ങൾ അവരുടെ മുമ്പിൽ വച്ചു കൊടുക്കേണ്ടതു് ഏററം വലിയ ഒരാവശ്യകതയാകുന്നു.

മനുഷ്യൻ ഒരു സ്വതന്ത്രവ്യക്തിയാണ്. ആകയാൽ ക്രമക്കേടുകൾ എക്കാലത്തും എവിടെയും അനുഭവപ്പെട്ടുകൊണ്ടിരിക്കും. പക്ഷെ ചെയ്യേണ്ടതു ചെയ്യാതിരുന്നാൽ അതിന്റെ ദുഷ്ഫലങ്ങൾ അപരിഹാര്യങ്ങളായിരിക്കും. ചെയ്യേണ്ടവ ചെയ്യാതിരുന്നതിന്റെ ഫലമാണ് കമ്മ്യൂണിസമെന്നു പണ്ഡിതനും ചിന്തകനുമായ ഒരു ഫ്രഞ്ചുവൈദികൻ പറഞ്ഞിരിക്കുന്നതിൽ പരമാർത്ഥം മാത്രമേയുള്ളു. യുവജനങ്ങളെ സംബന്ധിച്ച് ചെയ്യേണ്ടതും ചെയ്യാവുന്നതുമായ എല്ലാം ചെയ്യുന്നതിനു ശ്രമിച്ചുകൊണ്ടിരിക്കണം.

—o—

പുസ്തകാഭിപ്രായം

## വിമലാംബിക

രചയിതാവ്: വിൻസെൻഷ്യൻ ഫാദർ എമ്മാനുവേൽ പള്ളിക്കുന്നേൽ. പ്രസാധകർ: എസ്. എച്ച്. ലീഗ്. ആലുവാദനാത്ത്. അവതാരകൻ: ഫാദർ ലേത്തുസ് ടി. ഒ. സി.ഡി. പേജ് 86 + 14. വില 8ണ.

മരിയാംബികയുടെ വിമലത്വം ശരിയായി ഗ്രഹിക്കുവാൻ ഒട്ടും എളുപ്പമല്ല—ക്രിസ്തുനാഥന്റെ അമ്മ, വിമലയായിരിക്കണമെന്നുള്ളതിലല്ല തർക്കം—എന്നു്, എപ്പോൾ ആ അമ്മ വിമലയായി?

നമ്മുടെ സഹോദരങ്ങളായ യാക്കോബായക്കാരും നമ്മോടൊന്നുചേർന്നു കന്യകാംബയുടെ വിമലത്വത്തിൽ വിശ്വസിച്ചുകൊണ്ട് നമ്മെപ്പോലെതന്നെ വചനിപ്പ്, വാങ്ങിപ്പ് തുടങ്ങിയുള്ള തിരുനാളുകളും ആഘോഷിക്കുന്നുണ്ട്. പക്ഷെ "അമലോത്ഭവം" എന്ന വാക്കിനു് അവർ കല്പിക്കുന്ന അർത്ഥം നമ്മുടേതിൽനിന്നു വിഭിന്നമാണ്. എന്റെ നിരൂപണത്തിനു് വിഷയമായിട്ടുള്ളതും എന്നാൽ ഞാൻ ഇതഃപര്യന്തം നിരൂപണം ചെയ്യാതിരുന്നിട്ടുള്ളതുമായി ഒരു ബൃഹത്ഗ്രന്ഥമുണ്ട് ഇതുസംബന്ധിച്ച്. അതിൽ ഇങ്ങനെ കാണുന്നു: "ഹന്നായിൽനിന്നും പ്രകൃതിസാധാരണമായി ജനിച്ചതുകൊണ്ടു മനുഷ്യവർഗ്ഗത്തിനു പൊതുവായ ജന്മപാപത്തിൽനിന്നു വിമുക്തയായിരിപ്പാൻ വഴിയില്ല. എന്നാൽ കർമ്മപാപത്തിനു മറിയാം വശംവദയായിരിക്കുകയില്ല. (എന്തുകൊണ്ട്?—നിരൂപകൻ)മറിയാമിന്റെ ജനനം ദൈവനിയോഗപ്രകാരമായിരുന്നുവെങ്കിലും ദൈവകൃപനിമിത്തം അവൾ ജന്മപാപലേശരഹിതയായിരുന്നുവെന്നു സമർത്ഥിക്കാൻ സാദ്ധ്യമല്ല. ദൈവനിയോഗമനുസരിച്ചു ജനിച്ച യോഹന്നാൻ സ്നാപകനും ജന്മപാപവിമുക്തനല്ലല്ലോ" (ദേവമാതാവും പൂർവ്വഗാമിയും (Precourser) തമ്മിൽ വ്യത്യാസമില്ലെന്നോ?—നിരൂപകൻ)

("മിശിഹായുടെ മാതാവ്," ടി. ടി. അബ്രാഹം, എം. എ. ബി. എൽ. എഴുതിയതു്—378 പേജുകൾ, മലങ്കര യാക്കോബായ മെത്രാപ്പോലീത്തായുടെ 70-ാം നമ്പർ കല്പനാനുഗ്രഹത്തോടുകൂടിയതു്—പേജ് 13.)

മാർ ഗ്രീഗോരിയോസ് തെപ്പോലോഗോസു പറയുന്നു: "ആദ്യമേ പരിശുദ്ധാത്മാവിനാൽ, ആത്മാവിലും ശരീരത്തിലും ശുദ്ധീകരിക്കപ്പെട്ട കന്യകയിൽനിന്നു ദൈവം മനുഷ്യനായി ജനിച്ചു." (കുസ്തന്തീനോസിലെ പാത്രിയർക്കീസിന്റെ ഈ ഒന്നാം സാക്ഷിയുടെ മൊഴിയിൽനിന്നു യാക്കോബായ വാദത്തിനനുകൂലമായി ഒന്നും കിട്ടുന്നില്ല—നിരൂപകൻ)

"മിശിഹായെ ഗർഭം ധരിച്ച സമയത്തു ജന്മപാപത്തിൽനിന്നു മറിയം വിമുക്തയായി." യറുശലേമിലെ വി. കൂറിലോസ്—(ഈ രണ്ടാം സാക്ഷിയും കൊള്ളുകയില്ല. കാരണം ഇദ്ദേഹം അധികം പ്രസംഗിക്കുന്നു—നിരൂപകൻ) കന്യകാമറിയം "ഉത്ഭവനിമിഷത്തിൽ തന്നെ മറിയാമിന്റെ ആത്മാവ്, ആകളങ്കത്താൽ അസ്പൃഷ്ടമായിരുന്നുവെന്നും അതിനാൽ മറിയം അമലോത്ഭവയാണെന്നും സ്ഥാപിച്ചു ക്രൈസ്തവസഭയിലെ ഒരു

പുരാതീനവകുപ്പുകാർ ഏതാനും ദശകങ്ങളായി അതു ഒരു വിശ്വാസസത്യമായി കരുതിപ്പോരുന്നു. എന്നാൽ മറിയം ഉത്ഭവനിമിഷത്തിൽത്തന്നെ ജന്മപാപരഹിതയായിരുന്നുവെന്നു് നാം വിശ്വസിക്കുന്നില്ല." ടി പുസ്തകം പേജ് 8&9.

കേരളത്തെ അധിവസിക്കുന്ന ക്രിസ്ത്യാനികളിൽ അപ്രധാനമല്ലാത്ത ഒരു വിഭാഗം ഇന്നും ഇങ്ങനെ ധരിച്ചുവശായിരിക്കുന്ന സ്ഥിതിക്കു ഫാദർ പള്ളിക്കുന്നേലിൻെറ "വിമലാംബിക"യുടെ പ്രസിദ്ധീകരണം അത്യന്താപേക്ഷിതമാണെന്നു സിദ്ധിക്കുന്നു. എന്നുമുതലാണു് ഈ യാക്കോബായവിശ്വാസം മലങ്കരെ ഇറങ്ങിയതെന്നുള്ളതല്ല, വാദം. മറിയാംബികയുടെ വിമലത്വത്തെപ്പററി തർക്കമില്ല—അതു ജന്മനാസിദ്ധമോ പില്ക്കാലത്തുണ്ടായതോ? ഇങ്ങനെയൊരുവാദം ഇവിടങ്ങളിൽ നിലവിലുണ്ടെന്നു ഫാദർ പള്ളിക്കുന്നേൽ ഉദ്ധരിച്ചതായി കാണുന്നില്ല—അദ്ദേഹത്തിൻെറ ഗ്രന്ഥത്തിനു് നാലു ഭാഗങ്ങളുള്ളതിൽ, ഒന്നാംഭാഗം ഏതാണ്ടീ വിഷയത്തിനു സമാധാനം നൽകുന്നുണ്ടു്. "വ്യത്യാസം സമാരംഭിക്കപ്പെടുന്നതു് ആത്മാവു് ശരീരത്തിൽ നിക്ഷേപിക്കപ്പെടുന്ന ആ ദിവസം മുതല്ക്കാണു്." ആദിമാതാപിതാക്കന്മാരുടെ ആത്മാവുകൾ അവരുടെ ശരീരങ്ങളിൽ നിക്ഷിപ്തമായപ്പോൾ അമലോത്ഭവരായിരുന്നു. പക്ഷേ, പിന്നീടു് അവർ അധഃപതിച്ചതുകൊണ്ടു് അവരുടെ സന്തതികൾക്കു് ജന്മപാപം അവകാശമായി ലഭിച്ചു. മാതാവിൻെറ പുത്രി എന്ന നിലയിൽ കന്യകാമറിയത്തിനും പരിത്രാണകൃത്യം ആവശ്യമായിരുന്നു. പക്ഷേ, മറിയത്തെ ദൈവം പാപത്തിൽനിന്നും മുൻകൂട്ടി സംരക്ഷിച്ചു. മറിയത്തിൻെറ ആത്മാവിനെ പാപത്തിനു വിധേയമാക്കാതെ മുൻകൂട്ടി ദൈവം കാത്തുസൂക്ഷിച്ചു. എങ്ങനെയെന്നുവച്ചാൽ മഷി കടലാസിൽ വീഴുവാൻ പോകുന്നതു് നിങ്ങൾ മുൻകൂട്ടി കാണുകനിമിത്തം, പേന കടലാസിൻെറ മുകളിൽനിന്നു മാററി മഷി അതിൽ നിപതിക്കുന്നതിനു അനുവദിക്കാതെ കടലാസു് നിർമ്മലമായി സൂക്ഷിച്ചാൽ നിങ്ങളുടെ പ്രവൃത്തി സംരക്ഷണകൃത്യം (Act of Prevention or Preservation) ആകും. ഇതുപോലെ, ദൈവം മറിയത്തെ സൃഷ്ടിച്ചപ്പോൾ, അവളുടെ ആത്മാവിൽ ജന്മപാപക്കറ പുരളാതെ മുൻകൂട്ടി കാത്തുസൂക്ഷിച്ചെന്നുമാത്രം. ആകയാൽ, കന്യകമറിയത്തിൻെറ അമലോത്ഭവം എന്നു പറയുമ്പോൾ നാം ഗ്രഹിക്കേണ്ടതു പരിപൂർണ്ണമായ ജന്മപാപരാഹിത്യം എന്നാണു്. പ്രകാരാന്തരേണ പറയുന്നതായാൽ മിശിഹായുടെ യോഗ്യതകളെ പരിഗണിച്ചു്, സർവ്വശക്തനായ ദൈവത്തിനു തൻെറ പ്രത്യേക പ്രസാദവരത്താലും വിശേഷാനുകൂല്യത്താലും മറിയത്തെ, അവൾക്കു് ജന്മാവകാശമായി ലഭിക്കേണ്ടിയിരുന്ന പാപത്തിൽനിന്നു് ഏതു നിമിഷത്തിൽ വിമോചിക്കുകയും ദൈവദാനങ്ങളാൽ സമലങ്കരിക്കുകയും ചെയ്യാമായിരുന്നോ ആ നിമിഷത്തിൽതന്നെ അവിടുന്നു അപ്രകാരം ചെയ്തു എന്നാണു്. (വിമലാംബിക പേജ് 8.)

ഫാദർ പള്ളിക്കുന്നേൽ യുക്തി, വിശുദ്ധ ലിഖിതങ്ങൾ, പാരമ്പര്യം, മാർപ്പാപ്പാമാർ, സൂനഹദോസുകൾ, മഹാന്മാരുടെ അഭിപ്രായങ്ങൾ ഇങ്ങനെ പല ഖണ്ഡികകളിലായി അമലോത്ഭവത്തിനു സാക്ഷ്യങ്ങൾ നൽകുന്നുണ്ടു്. യുക്തി, വിശുദ്ധലിഖിതങ്ങൾ, പാരമ്പര്യം, സഭാപിതാക്കന്മാർ ഇങ്ങനെ പല ഖണ്ഡികകളിലായി ശ്രീ ടി. ടി. എബ്രാഹവും പല ന്യായങ്ങളും ഉദ്ധരിക്കുന്നുണ്ടു്. സെൻറു് അഗസ്റ്റിൻ, രണ്ടുപേരുടേയും ഒന്നുപോലുള്ള സാക്ഷിയാണു്. ദേവമാതാവു് വിമലയാണെന്നു് രണ്ടു ഗ്രന്ഥകർത്താക്കന്മാരും ഒന്നുപോലെ സമ്മതിക്കുകയും ചെയ്യുന്നു. പക്ഷേ എന്നുമുതൽ? ഈ തർക്കം തീർക്കാൻ ഫാദർ എമ്മാനുവലിൻെറ "വിമലാംബിക" പരോക്ഷമായി ശ്രമിച്ചിട്ടുണ്ടു്. എങ്കിലും അതിനു ഈ ഗ്രന്ഥം തികച്ചും പര്യാപ്തമാണെന്നു് ഒരു നിഷ്പക്ഷബുദ്ധിക്കു് സമ്മതമാകുമോയെന്നു സംശയം. യാക്കോബായവാദം പ്രത്യേകം മുൻനിർത്തി ഒരു ഗ്രന്ഥം മലയാളഭാഷയിൽ ആവശ്യമാണെന്നു് തോന്നുന്നു.

ദേവമാതാവിൻെറ ഭക്തി കേരളത്തിൽ കൂടുതൽ പ്രചരിപ്പിക്കുന്നതിനു് "വിമലാംബിക" തികച്ചും സഹായിക്കുമെന്നുള്ളതിനു സംശയമില്ല. (C·K·M·)


# കേരളകർമ്മലീത്താസഭയുടെ ശതാബ്ദജൂബിലിവർഷത്തിലെ
# കർമ്മലനാഥയുടെ തിരുനാൾ

(ഫാദർ ജെ. ഹില്ലാരിയോൻ സി. ഡി. എം. ഏ)

മരിയമക്കൾക്കു് ഏററം പ്രിയംകരമായ ഒരു സുദിനമാണു് ജൂലൈ പതിനാറു്. അന്നാണു് കർമ്മലറാണിയുടെ തിരുനാൾ നാം ആഘോഷിക്കുന്നതു്. കേരളകത്തോലിക്കർക്കു് ഒരിക്കലും മറക്കാനാവാത്ത ഒരു തിരുനാൾ, സ്വർഗ്ഗതീരത്തേക്കു് നമ്മുടെ ജീവിതനൗകയെ ബന്ധിച്ചു വലിച്ചുകൊണ്ടുപോകുന്ന ഒരു തുണിക്കഷണത്തിൻെറ അതുല്യശക്തിയെ നമ്മെ അനുസ്മരിപ്പിക്കുന്ന തിരുനാൾ. 1251 ജൂലൈ 16-ാം തീയതി കർമ്മലസഭയുടെ പൊതുതലവനായിരുന്ന വിശുദ്ധസൈമൺ സ്റ്റോക്കിനു് നമ്മുടെ സ്വർഗ്ഗറാണി തൻെറ പ്രത്യേക വാത്സല്യചിഹ്നമായി ഉത്തരീയം പ്രദാനം ചെയ്തതിനുശേഷം സംഭവബഹുലങ്ങളായ ഏഴു് ശതവത്സരങ്ങൾ കടന്നുപോയി. പ്രസ്തുതമഹൽകൃത്യത്തിൻെറ ജൂബിലിസ്മരണയെ ശാശ്വതീകരിക്കുന്നതിനുവേണ്ടി ലോകവ്യാപകമായ തോതിൽ ആഘോഷങ്ങൾ നടക്കുകയുണ്ടായി എന്നു നമുക്കറിയാം. മൂന്നു സംവത്സരങ്ങൾക്കു് മുൻപു് എറണാകുളത്തു നടന്ന മരിയൻ ജൂബിലി ആഘോഷത്തിൻെറയും ഭക്തിനിർഭരമായ ഹൃദയത്തുടിപ്പുകളുടേയും ഓർമ്മ നമ്മുടെ മനോമുകുരങ്ങളിൽനിന്നും ഒരുനാളും മാഞ്ഞുപോകാതിരിക്കട്ടെ.

### പ്രത്യേക പ്രാധാന്യത

ഇക്കൊല്ലത്തെ കർമ്മലനാഥയുടെ തിരുനാളിനു് ഒരു പ്രത്യേക പ്രാധാന്യമുണ്ടെന്നു് ഇതിനകം കേരളീയകത്തോലിക്കർ അറിഞ്ഞിരിക്കുമല്ലോ. കേരളത്തിലെ എന്നല്ല ഭാരതത്തിലെ തന്നെ ഏററം പുരാതനമായ ഏക ഏതദ്ദേശീയ കർമ്മലീത്താ സന്യാസസഭയിലെ ആദ്യപിതാക്കന്മാർ വ്രതവാഗ്ദാനം ചെയ്തതിൻെറ ശതാബ്ദജൂബിലിവത്സരമാണു് ഇതു്. ഒരു നൂററാണ്ടിനുമുൻപു് പ്രശാന്തരമണീയമായ മാന്നാനംകുന്നിൽ മുളയെടുത്ത ഈ സഭാതരു കർമ്മലനാഥയുടെ പരിപാലനയിൽ വളർന്നുവളർന്നു് ഇന്നു് കേരളത്തിലും കേരളത്തിനു പുറത്തും പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന കാഴ്ച ഏതൊരു കേരളീയനെയാണു ആനന്ദാഭിമാനപൂരിതനാക്കാത്തതു്? ഈ ഘട്ടത്തിൽ കർമ്മലാംബികയോടുള്ള ഭക്തി പൂർവ്വാധികം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങളോടു കേരളീയ കത്തോലിക്കർ സർവ്വാത്മനാ സഹകരിക്കുമെന്നു് വിശ്വസിക്കയും, മാതൃഭവനമായ മാന്നാനത്തു് നടക്കുവാനിരിക്കുന്ന ജൂബിലി സമാപനചടങ്ങുകളിൽ സംബന്ധിക്കുന്നതിനും തിരുവുത്തരീയറാണിക്കു് കൃതജ്ഞത പ്രകാശിപ്പിക്കുന്നതിനും അത്യുത്സാഹം പ്രദർശിപ്പിക്കുമെന്നു പ്രതീക്ഷിക്കുകയും ചെയ്യുന്നു.



(കർമ്മലനാഥയുടെ തിരുനാൾ—ജൂലൈ 16)

### നിത്യജീവിതത്തിലേക്കു്

കത്തോലിക്കാവിശ്വാസത്തെ ഉജ്ജീവിപ്പിച്ചു സാന്മാർഗ്ഗികത്തോതുയർത്തുന്നതിനു് സഹായകമായി തീർന്നിട്ടുള്ള വിവിധമരിയഭക്താഭ്യാസങ്ങളിൽവച്ചു് ഏററം പ്രാധാന്യമേറിയതു് കർമ്മലീത്താ ഉത്തരീയഭക്തിയാണെന്നുഭാഗ്യമോടെ വാണരുളുന്ന പരിശുദ്ധപിതാവു് പന്ത്രണ്ടാംപീയൂസ് തിരുമനസ്സുകൊണ്ടു് നാലു സംവത്സരങ്ങൾക്കു മുൻപു് പ്രസിദ്ധപ്പെടുത്തിയ ജൂബിലിലേഖനത്തിൽ സുവിശദമാക്കിയിട്ടുണ്ടു്. അതിനുള്ള കാരണം അവിടുന്നു തന്നെ പറയുന്നു: "ഏററം പരിശുദ്ധയായ കന്യകാമാതാവു് (ഉത്തരീയത്തോടു അനുബന്ധിച്ചു്) നമുക്കു് നൽകിയിട്ടുള്ള വാഗ്ദാനം വെറും നിസ്സാരവും കടന്നുപോകുന്നതുമായ ഒരു കാര്യത്തെക്കുറിച്ചല്ല, നിത്യജീവൻ പ്രാപിക്കേണ്ടതിനെക്കുറിച്ചു തന്നെയാണു്." കേംബ്രിജിൽ വച്ചു ഉത്തരീയം പ്രദാനം ചെയ്തുകൊണ്ടു് സൈമൺസ്റ്റോക്കിനോടു നമ്മുടെ നാഥ പറഞ്ഞ വാക്കുകൾ സ്മരണീയങ്ങളാണു്: "എൻെറ പ്രിയ മകനേ,......ഈ വസ്ത്രം ധരിച്ചുകൊണ്ടു മരിക്കുന്ന ഏവരും നിത്യാഗ്നിയിൽനിന്നു് സംരക്ഷിക്കപ്പെടും. ഇതു രക്ഷയുടെ ചിഹ്നവും, ആപത്തിൽ സംരക്ഷണവും, സമാധാനത്തിൻെറയും അനന്തമായ ബന്ധത്തിൻെറയും അച്ചാരവുമാകുന്നു." കർമ്മലനാഥയോടുള്ള ഭക്തിയിൽ വർദ്ധിക്കുന്നതിനുള്ള മറെറാരു ന്യായം മരണാനന്തരം വരുന്ന ആദ്യശനിയാഴ്ചതന്നെ ഉത്തരീയ സഖ്യാംഗങ്ങളായി മരിച്ച ആത്മാക്കളെ എല്ലാം ശുദ്ധീകരസ്ഥലത്തുനിന്നു് നിത്യാനന്ദസദനമായ സ്വർഗ്ഗത്തിലേക്കു് അവിടുന്നു് ആനയിക്കുമെന്നുള്ള വസ്തുതയാണു്. "പ്രസാദവരത്തിൻെറ മാതാവായ ഞാൻ......നിത്യജീവിതത്തിൻെറ പരിശുദ്ധ ഗിരിയിലേക്കു് കൂട്ടിക്കൊണ്ടു പോകും" എന്നത്രെ അവിടുന്നു് സസ്നേഹം XXII-ാം യോഹന്നാൻ മാർപ്പാപ്പായോടു് വാഗ്ദാനം ചെയ്തിട്ടുള്ളതു്. എന്നാൽ പന്ത്രണ്ടാം പീയൂസ് തന്നെ പ്രസ്താവിക്കുന്നതുപോലെ "ഈ കാരണത്താൽ അലസമായും ചൈതന്യരഹിതമായും ജീവിച്ചാലും ഉത്തരീയം ധരിക്കുന്നവർക്കു് നിത്യരക്ഷ പ്രാപിക്കാമെന്നു് അവർ വിചാരിക്കരുതു്" ചാവുദോഷത്തോടുകൂടിയിരിക്കുമ്പോൾ മരണാസന്നരാകുന്ന ഉത്തരീയധാരികൾക്കു് ഉത്തമമനസ്താപപ്രകരണം ചെയ്യുന്നതിനുള്ളവരമെങ്കിലും നമ്മുടെ അമ്മ പ്രദാനം ചെയ്യുമെന്നാണു് വേദാന്തികളും ആദ്ധ്യാത്മികഗ്രന്ഥകാരന്മാരും അഭിപ്രായപ്പെടുന്നതു്.

### മാർപ്പാപ്പാമാരുടെ പ്രസ്താവനകൾ

ഒരു പ്രത്യേക ലേഖനത്താൽ ഉത്തരീയത്തിൻെറ ഏഴാം ശതാബ്ദജൂബിലി മോടിപിടിപ്പിച്ച ഇപ്പോഴത്തെ പരിശുദ്ധപിതാവു മാത്രമല്ല തൻെറ മുൻഗാമികളായി പത്രോസിൻെറ സിംഹാസനം അലങ്കരിച്ചിട്ടുള്ള പലേ മാർപ്പാപ്പാമാരും ഉത്തരീയഭക്തിയെക്കുറിച്ചു് സാഭിമാനം പ്രസ്താവനകൾ നടത്തിയിട്ടുണ്ടു്. "എൻെറ അമ്മയുടെ കരങ്ങളിൽ വെച്ചാണു് ഉത്തരീയനാഥയെ സ്നേഹിക്കുന്നതിനു് ഞാൻ പഠിച്ചതു്.... മരണസമയത്തു് പരിശുദ്ധ കന്യകാ മാതാവിനെ സഹായികയായി ലഭിക്കണമെന്നു് ആഗ്രഹിക്കുന്നവർ പാപത്തിൽനിന്നു് ഒഴിഞ്ഞുകൊണ്ടും അവിടുത്തെ ബഹുമാനാർത്ഥം പ്രയത്നിച്ചുകൊണ്ടും പ്രസ്തുത അനുഗ്രഹത്തിനു് അർഹരായിത്തീരേണ്ടിയിരിക്കുന്നു" എന്നത്രെ പതിനൊന്നാം പീയൂസ് പാപ്പാ പ്രസ്താവിച്ചിട്ടുള്ളതു്. ആദ്യആഗോളസമരകാലത്തു് മുക്കുവൻെറ മോതിരമണിഞ്ഞ പതിനഞ്ചാം ബെനഡിക്താസ് തിരുമനസ്സിലെ വാക്കുകളും പ്രകൃതത്തിൽ സ്മരണീയമാണു്. "നിങ്ങൾക്കു് ഒരു പൊതുവായ ഭാഷയും ഒരു പൊതുവായ കവചവും ഉണ്ടായിരിക്കട്ടെ; ആ ഭാഷ സുവിശേഷത്തിലെ വാക്യങ്ങൾ; പൊതുകവചം കർമ്മലനാഥയുടെ ഉത്തരീയം. മരണത്തിനുശേഷവും നിങ്ങളെ സംരക്ഷിക്കുവാൻ ശക്തിയും അനിതരസാധാരണമായ അവകാശവുമുള്ള ഇതു് നിങ്ങൾ എല്ലാവരും ധരിച്ചിരിക്കണം." പാവനസ്മരണാർഹനായ വി. പത്താംപീയൂസ് മാർപ്പാപ്പാ ഉത്തരീയം ധരിച്ചിരുന്നു എന്നു മാത്രമല്ല അവിടുന്നു് കർമ്മലീത്താ മൂന്നാംസഭയുടെ ഒരംഗവുമായിരുന്നു. തൊഴിലാളികളുടെ പാപ്പാ എന്ന അപരാഭിധാനത്താൽ വിഖ്യാതനായ ലെയോ പതിമൂന്നാമൻ തിരുമനസ്സുകൊണ്ടു മരണാസന്നനായിക്കിടക്കയിൽ തൻെറ ചില ഉററമിത്രങ്ങളെ സമീപത്തുവിളിച്ചുകൊണ്ടു പറയുകയാണു് "നമ്മുടെ ഉത്തരീയനാഥയോടു് നമുക്കു് ഒരു നൊവേന കഴിക്കാം. മരിക്കുന്നതിനു് ഞാൻ സന്നദ്ധനായിത്തീരും." നമ്മുടെ നാഥയുടെ അമലോത്ഭവത്തെ വിശ്വാസസത്യമായി പ്രഖ്യാപനംചെയ്ത ഒൻപതാംപീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ വാക്കുകളും ഉദ്ധാര്യങ്ങളാണു്: "മറിയത്തിൻെറ വലിയ കർമ്മലീത്താ കുടുംബത്തിനു മാത്രമല്ല, പ്രസ്തുതകുടുംബത്തോടു് യോജിച്ചു് വർത്തിച്ചുകൊണ്ടു്, മറിയത്തെ പ്രത്യേകമായ ഭക്ത്യാഭ്യാസത്താൽ അനുഗമിക്കുവാൻ ആഗ്രഹിക്കുന്ന എല്ലാ വിശ്വാസികൾക്കും ഉത്തരീയമെന്ന ഏററം അസാധാരണമായ ഈ ദാനം അതിൻെറ വലിയ പ്രയോജനത്തെ പ്രദാനം ചെയ്യുന്നുണ്ടു്". പതിനൊന്നാംലെയോൻ മാർപ്പാപ്പായുടെ കിരീടധാരണസമയത്തു്, തോളിൽനിന്നും തൻെറ ഉത്തരീയം തെന്നിമാറിപ്പോയി. അപ്പോൾ അവിടുന്നു് പറഞ്ഞതു് "മറിയം എന്നെ വിട്ടുപിരിയാതിരിക്കുന്നതിനുവേണ്ടി മറിയത്തെ എനിക്കു വിട്ടുതരിക" എന്നാണു്. ഇങ്ങനെ കർമ്മലനാഥയോടുള്ള ഭക്തിയിൽ മികച്ചുനിന്നിട്ടുള്ള പത്രോസിൻെറ അനുഗാമികൾ പലരാണു്. ഇവരുടെ മാതൃകയെ അനുകരിച്ചു് നമുക്കു് ജീവിക്കാം. ഉത്തരീയറാണി നമ്മെ അനുഗ്രഹിക്കും നിശ്ചയം.

മനുഷ്യരിലേക്കും രാഷ്ട്രങ്ങളിലേക്കും ദൈവത്തെ കൊണ്ടുവരുന്നതിനുള്ള കുരിശുയുദ്ധത്തിൽ

തിരുസഭാചരിത്രം 75

# തിരുസ്സഭ 4-ം 5-ം ശതാബ്ദങ്ങളിൽ

## പാപസങ്കീർത്തനം

[പ്രൊഫസർ പി. റ്റി. തോമസ് എം. എ.]

പാപസങ്കീർത്തനം എന്ന കൂദാശ ക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ടതായതുകൊണ്ട് ആദിമകാലംമുതൽ തന്നെ വിശ്വാസികൾ അതിനെ ഗൗരവമായ ഒരു ആത്മീയകർത്തവ്യമായി കരുതിപ്പോന്നു. പാപികൾ സ്വന്തകുററങ്ങൾ ഏററുപറയുക എന്നതായിരുന്നു ഇതിൻെറ പ്രധാന അംശം. കുമ്പസാരം കേൾക്കുകയും പാപമോചനം നൽകുകയുംചെയ്യുക എന്നതു് സഭയിലെ ഉദ്യോഗസ്ഥന്മാരുടെ (Church Officers) അതായതു് മെത്രാന്മാരുടെ കർത്തവ്യമായി ആദ്യശതകങ്ങൾമുതൽതന്നെ പരിഗണിക്കപ്പെട്ടുപ്പോന്നു. നാലും അഞ്ചും ശതാബ്ദങ്ങളിൽ റോമാസഭയിൽ മെത്രാനല്ലാതെ മററാരും ഈ കർത്തവ്യം നിർവ്വഹിച്ചിരുന്നതായി കാണുന്നില്ല. എന്നാൽ കോൺസ്റ്റാൻറിനോപ്പിളിൽ 4-ാം ശതാബ്ദത്തിൽപോലും വൈദികർ പാപസങ്കീർത്തനം കേൾക്കുകയും പാപമോചനം നൽകുകയും ചെയ്യുന്നതായി നാം കാണുന്നു.

കുമ്പസാരം സാധാരണ രഹസ്യമായിട്ടാണു് നടത്തപ്പെട്ടിരുന്നതു്. പരസ്യമായ പാപസങ്കീർത്തനം ഒരുകാലത്തും നിർബ്ബന്ധിതമായിരുന്നില്ല. ഇററലിയിലെ ചില പ്രവിശ്യകളിൽ വിശ്വാസികൾ അവരവരുടെ പാപങ്ങളുടെ ഒരു പട്ടിക എഴുതി സമൂഹത്തിൻെറ മുമ്പാകെ പരസ്യമായി വായിക്കുന്ന ഒരു സമ്പ്രദായം പ്രചാരത്തിൽ വന്നു. അചിരേണ ലിയോ മാർപ്പാപ്പ ഈ ആചാരത്തെ നിരോധിച്ചു നിറുത്തലാക്കി. ലജ്ജകൊണ്ടോ രാജ്യനിയമപ്രകാരം ശിക്ഷാർഹങ്ങളായ തങ്ങളുടെ കുററങ്ങൾ ശത്രുക്കൾ അറിയാനിടയാകുമെന്നുള്ള ഭയംകൊണ്ടോ ആളുകൾ പാപസങ്കീർത്തനത്തിൽനിന്നും ഒഴിഞ്ഞുനിൽക്കാൻ പ്രേരിതരായേക്കാമെന്നുള്ളതുകൊണ്ടാണു് ലിയോ പരസ്യമായ പാപസങ്കീർത്തനത്തെ നിരോധിച്ചതു്. അഞ്ചാംശതാബ്ദത്തിൽ രഹസ്യമായ പാപസങ്കീർത്തനസമ്പ്രദായം സഭയിൽ സാർവ്വത്രികമായി നടപ്പിൽവന്നു.

പാപസങ്കീർത്തനത്തേത്തുടർന്നുള്ള പരിഹാരക്രിയകൾ പരസ്യമായി അനുഷ്ഠിക്കണമെന്നായിരുന്നു ആദിമശതകങ്ങളിലെ നിയമം. വിശുദ്ധബലിയുടെ പ്രധാനഭാഗങ്ങളിൽ സംബന്ധിക്കുന്നതിനും ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനുമുള്ള അവകാശം നിഷേധിക്കപ്പെടുക എന്നതായിരുന്നു ഏററവും വലിയ പ്രായശ്ചിത്തം. പൗരസ്ത്യദിക്കിൽ പാപപരിഹാരക്രിയകൾ അനുഷ്ഠിക്കുന്ന വിശ്വാസികളെ നാലായി വിഭജിച്ചിരുന്നു. ഓരോ വിഭാഗക്കാരും വ്യത്യസ്തമായ രീതിയിലാണു് പ്രായശ്ചിത്തം അനുഷ്ഠിക്കേണ്ടിയിരുന്നതു്. ഒരു കൂട്ടർ ദേവാലയകവാടത്തിൽനിന്നുകൊണ്ടു് ഉള്ളിലേക്കു കടക്കുന്ന വിശ്വാസികളോടു തങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ എന്നു യാചിച്ചിരുന്നു. രണ്ടാമത്തവർ അദ്ധ്യേതാക്കളുടെ കുർബ്ബാന അവസാനിക്കുന്നതോടുകൂടി ദൈവാലയത്തിൽനിന്നും ബഹിഷ്കരിക്കപ്പെട്ടിരുന്നു. വിശുദ്ധ കുർബ്ബാനയുടെ മർമ്മപ്രധാനമായ ചടങ്ങുകളിൽ സംബന്ധിക്കുവാൻ അവരെ അനുവദിച്ചിരുന്നില്ല. മൂന്നാമത്തവർ ഇപ്രകാരം ബഹിഷ്കരിക്കപ്പെടുന്നതിനുമുൻപായി കാർമ്മികനായ മെത്രാൻെറ പാദത്തിങ്കൽ സാഷ്ടാംഗപ്രണാമംചെയ്തു് അദ്ദേഹത്തിൻെറ കൈവയ്പു വാങ്ങിക്കേണ്ടിയിരുന്നു. നാലാമത്തവർ ദൈവാലയത്തിൽനിന്നും ഇറങ്ങിപ്പോരേണ്ടിയിരുന്നില്ല. ആരാധകസമൂഹത്തിൻെറ പിന്നിൽ അടുത്തു നിൽക്കുവാൻ അവരെ അനുവദിച്ചിരുന്നു. എന്നാൽ കാഴ്ചവയ്പിലാകട്ടെ ദിവ്യഭോജനത്തിലാകട്ടെ ഭാഗഭാക്കുകളാകുവാൻ അവക്കു് അനുവാദമില്ലായിരുന്നു. പാശ്ചാത്യദിക്കിൽ അനുതാപികളെ ഇങ്ങനെ തരംതിരിക്കുന്ന ഏർപ്പാടില്ലായിരുന്നു. അവക്കു് പൊതുവിൽ ഒരു പ്രായശ്ചിത്തമുറയേ ഉണ്ടായിരുന്നുള്ളു. മേൽവിവരിച്ച നാലാമത്തെ കൂട്ടരുടെ മുറയായിരുന്നു അതു്.

പ്രായശ്ചിത്തം മുഴുവൻ വിധിപ്രകാരം അനുഷ്ഠിച്ചുകഴിയുമ്പോൾ മെത്രാൻ അനുതാപിക്കു് പരസ്യമായി പാപമോചനം നൽകുന്നു. ആഘോഷമായ ഈ ചടങ്ങു് റോമിൽ പെസഹാ വ്യാഴത്തിലും സ്പെയിനിലും പൗരസ്ത്യദിക്കിലും ദുഃഖവെള്ളിയാഴ്ചയും ആണു് നടത്തപ്പെട്ടിരുന്നതു്.

പ്രായശ്ചിത്തം അനുഷ്ഠിക്കേണ്ട കാലം സാധാരണയായി വളരെ നീണ്ടതായിരുന്നു. നിർദ്ദിഷ്ടമായ പരിഹാരക്രമങ്ങൾക്കുശേഷം പാപമോചനം ലഭിക്കുന്ന ഒരാൾ വീണ്ടും ചാവുദോഷത്തിൽ പതിച്ചാൽ അയാൾക്കു കുമ്പസാരംതന്നെ നിഷേധിക്കപ്പെട്ടിരുന്നു. പാപസങ്കീർത്തനവും പ്രായശ്ചിത്തങ്ങളും ആവർത്തനംകൊണ്ടു് ദുഷിച്ചുപോയേക്കാമെന്നുള്ള ശങ്കയായിരുന്നു ഇതിനു കാരണം. എങ്കിലും ആത്മരക്ഷയെപ്പററി നിരാശപ്പെടാതെ ദൈവത്തിൻെറ കരങ്ങളിൽ സ്വയം അർപ്പിച്ചുകൊള്ളുവാൻ സഭാധികാരികൾ അയാളെ ഉൽബോധിപ്പിച്ചിരുന്നു.

നാലും അഞ്ചും ശതാബ്ദങ്ങളിൽ പ്രായശ്ചിത്തത്തിൻെറ അനുഷ്ഠാനരീതിയിൽ ചില മാററങ്ങൾ സംഭവിച്ചു.

ക്രിസ്തീയചക്രവർത്തിമാരുടെ മർദ്ദനം ഹേതുവായി അസംഖ്യം പുറജാതിക്കാർ ക്രിസ്തുമതാവലംബികളായിത്തീർന്ന ഒരു കാലഘട്ടമായിരുന്നു അതു്. അവരിൽ മതതീക്ഷ്ണത വളരെ കുറവായിരുന്നു എന്നു മേൽപ്രസ്താവിച്ചിട്ടുണ്ടല്ലോ. തിരുസ്സഭയിൽ അക്കാലത്തും വിശ്വാസദാർഢ്യവും ഭക്തിതീക്ഷ്ണതയുമുള്ള ക്രിസ്ത്യാനികളുടെ എണ്ണം ഒട്ടും കുറവായിരുന്നില്ല. എന്നിരുന്നാലും സദാചാരഭ്രംശം എവിടെയും ദൃശ്യമായിരുന്നു. തദ്ഫലമായി മുൻശതാബ്ദങ്ങളിലെപ്പോലെ കർക്കശമായ പ്രായശ്ചിത്തപരിപാടികൾ വച്ചുപുലർത്തുക അസാദ്ധ്യമായിത്തീർന്നു. ജ്ഞാനസ്നാനം സ്വീകരിച്ചതിനുശേഷവും ഗൗരവമായ പാപങ്ങളിൽ പതിക്കുവാൻ ഇടയാകുന്നവരോടു് കുറേക്കൂടി സഹാനുഭൂതി പ്രകടിപ്പിക്കേണ്ടതു് ഏററം ആവശ്യമായിത്തീർന്നു. നാലാം ശതാബ്ദത്തിൻെറ അന്ത്യഘട്ടമായപ്പോഴേക്കും പൗരസ്ത്യപ്രദേശത്തു് പരസ്യമായ പ്രായശ്ചിത്തങ്ങൾ മിക്കവാറും നിറുത്തലാക്കപ്പെട്ടു. വളരെ അപൂർവ്വമായും ഗൗരവതരങ്ങളായ അപവാദങ്ങൾക്കോ ദുർമ്മാതൃകകൾക്കോ പരിഹാരമായിട്ടും മാത്രമേ പരസ്യപ്രായശ്ചിത്തങ്ങൾ വിധിക്കപ്പെട്ടിരുന്നുള്ളു. പശ്ചിമഭാഗത്തു് മഹാനായ ലിയോ മാർപ്പാപ്പാ ഏററം ഗൗരവതരങ്ങളായ മൂന്നു പാപങ്ങൾക്കു് അതായതു് കൊല, വ്യഭിചാരം, വിശ്വാസത്യാഗം എന്നിവയ്ക്കു മാത്രമേ പരസ്യപ്രായശ്ചിത്തം നൽകാവൂ എന്നു കല്പന പുറപ്പെടുവിച്ചു. ഏതുതരത്തിലുള്ള പാപമായാലും രഹസ്യമായ കുമ്പസാരം മതിയാകുമെന്നും അദ്ദേഹം വിധിച്ചു. അങ്ങനെ അഞ്ചാംശതാബ്ദത്തിൽ പരസ്യമായ പാപസങ്കീർത്തനവും പരസ്യമായ പ്രായശ്ചിത്തസമ്പ്രദായവും മിക്കവാറും നാമാവശേഷമായിത്തീർന്നു. എങ്കിലും അക്കാലത്തും ഭക്തിതീക്ഷ്ണതയാൽ പ്രേരിതരായ പലരും സ്വമനസ്സാലെ പരസ്യപ്രായശ്ചിത്തങ്ങൾ അനുഷ്ഠിച്ചുകൊണ്ടുപോന്നു എന്നുള്ള സംഗതി പ്രത്യേകം സ്മരിക്കേണ്ടതുണ്ടു്.

—o—

വിജയംവരിക്കണമെങ്കിൽ നാം നമ്മെയും ലോകത്തെ മുഴുവനും മറിയത്തിൻെറ വിമലഹൃദയത്തിനു് പ്രതിഷ്ഠിക്കണമെന്നാണു് ഫാത്തിമായിൽവച്ചു് അവിടുന്നു് ഉൽബോധിപ്പിച്ചതു്. മറിയത്തിൻെറ പ്രത്യേകവസ്ത്രമായ ഉത്തരീയം ധരിക്കുന്നവർ പ്രസ്തുത സമർപ്പണം ഏററം ഫലപ്രദമായി നിർവഹിക്കുകയാണു് ചെയ്യുന്നതെന്നുള്ള വസ്തുത നാം വിസ്മരിച്ചുകളയരുതു്. ആഗോളസമാധാനവും തിരുസഭയുടെ സുസ്ഥിതിയും മരണാനന്തരവിജയവും നമ്മുടെ ഏററം പ്രിയമാതാവായ കർമ്മലനാഥ നമുക്കു് പ്രദാനം ചെയ്യട്ടെ. കർമ്മലനാഥേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ.

—o—

ആദ്ധ്യാത്മികവീഥി 55

# ആദ്ധ്യാത്മികോപദേഷ്ടാവു്

ദൈവത്തിൻെറ വത്സലമക്കളേ,

ധ്യാനത്തെ സംബന്ധിച്ചു വളരെ ദീർഘമായി പ്രതിപാദിക്കയുണ്ടായല്ലൊ. അതിൻെറ വിശേഷമറിഞ്ഞതുകൊണ്ടു മാത്രമായില്ല. നമുക്കു ആദ്ധ്യാത്മികമായി എന്തെങ്കിലും പ്രയോജനമുണ്ടാകണമെങ്കിൽ പഠിച്ചതു് അഭ്യസിക്കയും കൂടി ചെയ്യണം. പുതുതായി ധ്യാനം ആരംഭിച്ചിട്ടുള്ളവർ എത്ര പേരുണ്ടെന്നറിയാൻ വളരെ ആഗ്രഹമുണ്ടു്. ഊരും പേരും അറിയണമെന്നില്ല. ഒരു കാർഡു് ചെലവാക്കിയാൽ വിവരമറിയിക്കാമല്ലൊ. വായിക്കുന്നതു കുറെപ്പേരെങ്കിലും ഫലിപ്പിക്കുന്നുണ്ടെന്നു കാണുന്നതു എഴുതുന്നവക്കു പ്രോത്സാഹകമായിരിക്കും.

സൈ്വര്യമായി ധ്യാനിക്കുന്നതിനു ഏററവും നല്ല സമയം വെളുപ്പാൻകാലമാണു്. ഉറങ്ങാൻ പോകുന്നതിനു അടുത്തു മുൻപായി പിറെറ ദിവസത്തെ ധ്യാനത്തിനുള്ള ഭാഗം വായിച്ചു അതിൽനിന്നു എടുക്കേണ്ട ഫലത്തെക്കുറിച്ചു അല്പം ചിന്തിച്ചിട്ടു കിടക്കുകയാണെങ്കിൽ ഉണരുമ്പോൾ ആദ്യം വരുന്ന വിചാരം ധ്യാനവിഷയമായിരിക്കും. കുടുംബത്തിൽ മററുള്ളവർ ഉണരുന്നതിനു അല്പം മുൻപേ എഴുന്നേല്ക്കുന്ന പക്ഷം ആരുടേയും ഉപദ്രവം കൂടാതെ നന്നായി ധ്യാനിക്കുവാൻ സാധിക്കും. ഫലപ്രദമായി ധ്യാനിക്കുന്നെങ്കിൽ അതിൻെറഫലം ആ ദിവസംമുഴുവനും പ്രത്യക്ഷപ്പെടാതിരിക്കയില്ല.

ധ്യാനസമയത്തു നാം ദൈവത്തോടും ദൈവം നമ്മോടും സംസാരിക്കുന്നു എന്നാണു സാധാരണ കരുതപ്പെട്ടുപോരുന്നതു്. ധ്യാനത്തിൻെറ ഉദ്ദേശവുമതുതന്നെയാണു്. എന്നാൽ പലപ്പോഴും ദൈവമല്ലായിരിക്കും നമ്മോടു സംസാരിക്കുന്നതു്. കുറഞ്ഞപക്ഷം ദൈവത്തിൻെറ സ്വരം കേൾക്കാൻ മാത്രം നന്മനസ്സോ ക്ഷമയോ നമുക്കുണ്ടായിരിക്കയില്ല. ഉദാഹരണമായി നമ്മുടെ പുണ്യാഭിവൃദ്ധിക്കായി അല്പം വിഷമമുള്ള ഒരു ത്യാഗം ചെയ്യണമെന്നു ദൈവപ്രേരണയുണ്ടാകുമ്പോൾ, നമ്മുടെ സ്വസ്നേഹം അതിനു നൂറു തടസ്സങ്ങൾ കാണും. ആ ത്യാഗംകൊണ്ടു നമുക്കു രോഗം പിടിപെടുമെന്നോ, ജനങ്ങൾ ആക്ഷേപിക്കുമെന്നോ, ജോലിക്കു തടസ്സമായി വരുമെന്നോ എന്തെങ്കിലും പറഞ്ഞു ഒഴിയാൻ നാം ശ്രമിക്കും. നമ്മുടെ ജന്മശത്രുവായിരിക്കുന്ന പിശാചും ആ തീരുമാനത്തിൽ എത്തുവാനുള്ള പല ന്യായങ്ങൾ നമുക്കു കാണിച്ചുതരാതിരിക്കയില്ല. അങ്ങനെ ധ്യാനംകൊണ്ടു പറയത്തക്ക പ്രയോജനമില്ലാതെ പോകും.

ഈ അബദ്ധം ഉണ്ടാകാതെയിരിക്കുന്നതിനു ഒരൊററമാർഗ്ഗമേയുള്ളു. അതു ഒരാദ്ധ്യാത്മികോപദേഷ്ടാവിനെ തെരഞ്ഞെടുത്തു് അദ്ദേഹത്തോടു നമ്മുടെ ആത്മാവിൻെറ സ്ഥിതി വെളിപ്പെടുത്തുകയെന്നുള്ളതാണു്. അദ്ദേഹം ദൈവത്തിൻെറ പ്രതിപുരുഷനാകയാൽ അദ്ദേഹത്തെ അനുസരിക്കുന്ന പക്ഷം നാം മേല്പറഞ്ഞ അബദ്ധത്തിൽ പെടുകയില്ല. ഇതു സംബന്ധിച്ചു കൂടുതലായി അടുത്തതിൽ

എന്നു്,

പ്രാർത്ഥനയുടെ ഐക്യത്തിൽ

സ്വന്തം ആത്മപിതാവു്.

—o—

കുറഞ്ഞ പലിശയ്ക്കു്
സ്വർണ്ണപ്പണ്ടം പണയത്തിന്മേൽ
പണംകടംകൊടുക്കുന്നതാകുന്നു.
ബാങ്ക് ഓഫ്
കൊച്ചിൻ
ലിമിററഡ്
എറണാകുളം, തൃശ്ശൂർ,
മട്ടാഞ്ചേരി, ചാലക്കുടി,
വില്ലിംഗ്ഡൺ ദ്വീപു്.

## വിനോദവീഥി



കൊച്ചുമ്മേടൊരുസാരീകാരണം എൻെറ കാളേമ്മാരു് വള്ളിപൊട്ടിച്ചോടിക്കളഞ്ഞല്ലോ! പെണ്ണുങ്ങളിങ്ങനെ ചായത്തിപൊതിഞ്ഞു നടക്കാതിരുന്നാലെന്തു പുണ്യമായേനേ!

* * *

തീവണ്ടിയാത്രചെയ്തിരുന്ന ഒരു പ്രൊഫസർ അടുത്തിരുന്ന കർഷകനോടു്: "നമുക്കു കടംകഥപറയാം. ഉത്തരംകിട്ടാത്തയാൾ ഒരു രൂപ മറെറയാൾക്കു കൊടുക്കണം."


കർഷകൻ: "എനിക്കു പഠിപ്പില്ലാത്തതല്ലേ. അതിനാൽ ഞാൻ തോററാൽ അര രൂപയേ തരൂ."

പ്രൊഫസർ: "ഓ, മതി. തുടങ്ങിക്കോളൂ."

കർഷകൻ: "മൂന്നുകാലുകൊണ്ടു നടക്കുകയും രണ്ടുകാലുകൊണ്ടു പറക്കുകയും ചെയ്യുന്ന ഒരു ജന്തുവിൻെറ പേരുപറയുക."

പ്രൊഫസർ: (വളരെനേരം ചിന്തിച്ചശേഷം) "എനിക്കു ഉത്തരം കിട്ടുന്നില്ല. ഇതാ ഒരു രൂപ. ഉത്തരം പറഞ്ഞുതരൂ."

കർഷകൻ: (രൂപ വാങ്ങിയശേഷം) "ഓ, എനിക്കും ഉത്തരം അറിഞ്ഞുകൂടാ. ഇതാ അര രൂപ പിടിച്ചോളൂ."



# വിവിധവൃത്താന്തങ്ങൾ

## ഭാരതത്തിനു മാർപ്പാപ്പായുടെ ആശിസ്സുകൾ

യൂറോപ്യൻ രാജ്യങ്ങളിൽ പര്യടനം നടത്തിക്കൊണ്ടിരിക്കുന്ന ഇന്ത്യൻ പ്രധാനമന്ത്രി പണ്ഡിററു നെഹ്റുവും പരിവാരങ്ങളും വത്തിക്കാനിലെത്തി മാർപ്പാപ്പായെ സന്ദർശിച്ചിരിക്കുന്നു. വത്തിക്കാനിലെ പാരമ്പര്യങ്ങൾക്കനുസരിച്ച ആഡംബരങ്ങളോടുകൂടിയാണ് അതിഥികൾ സ്വീകരിക്കപ്പെട്ടതു്. പ്രധാനമന്ത്രിയുമായി മാർപ്പാപ്പാ 20 മിനിട്ടു ദീർഘിച്ച ഒരു രഹസ്യസംഭാഷണം നടത്തി. അതിഥികളെ എല്ലാവരേയും സ്വീകരിച്ചുകൊണ്ടു പരിശുദ്ധപിതാവു് ഇംഗ്ലീഷിൽ ഇപ്രകാരം ഒരു ലഘുപ്രസംഗം നിർവ്വഹിച്ചു:-

"ഇപ്പോൾ നേരിട്ടുകാണുവാൻ ആദ്യമായി നമുക്കു അവസരം സിദ്ധിച്ചിട്ടുള്ള, മഹാനായ ഒരു രാജ്യതന്ത്രജ്ഞനും പ്രശസ്തനായ ഒരു പ്രധാനമന്ത്രിയുമായ ദേഹത്തെ (നെഹ്റുവിനെ) സൗഹൃദപൂർവ്വം സ്വാഗതം ചെയ്യുന്നതിനും, അദ്ദേഹത്തോടൊന്നിച്ചുള്ള ഇന്ത്യയിലെ പ്രമുഖരായ വ്യക്തികളെ അഭിവാദ്യം ചെയ്യുന്നതിനും നമുക്കതീയായ സന്തോഷമുണ്ടു്. സ്നേഹത്തേയും നീതിയേയും അടിസ്ഥാനമാക്കിയുള്ള യഥാർത്ഥസമാധാനം ലോകജനതയുടെ ഇടയിൽ സ്ഥാപിക്കുന്ന കാര്യത്തിൽ ആധുനികസംഭവഗതികളെ ഉചിതമായും വസ്തുനിഷ്ഠമായും തങ്ങളുടെ രാജ്യത്തിലെ പൗരലക്ഷങ്ങളെ അറിയിച്ചുകൊടുക്കുന്നതിനു ബാദ്ധ്യസ്ഥരായവർക്കും അധികാരസ്ഥാനങ്ങളിലിരിക്കുന്നവർക്കും ഉള്ള ഗൗരവാവഹമായ ഉത്തരവാദിത്വത്തെപ്പററി നിങ്ങൾക്കു നല്ലപോലെ അറിയാം എന്നു നമുക്കുറപ്പുണ്ടു്.

"നിങ്ങളുടെ എല്ലാ പ്രവർത്തനങ്ങളിലും മഹത്തായ നിങ്ങളുടെ ശ്രേഷ്ഠാദർശങ്ങളെ ഫലപ്രദമായ വിധത്തിൽ പ്രായോഗികമാക്കുന്നതിനുള്ള സംരംഭങ്ങളിലും സർവ്വവിധ വിജയങ്ങളുമുണ്ടാകുന്നതിനു ഹൃദയപൂർവ്വകമായ ആശംസകൾ നാം നേരുന്നു. ഇന്ത്യയുടെ പ്രശസ്തസന്താനങ്ങളിലൊരാളെ കർദ്ദിനാൾസ്ഥാനത്തേക്കും തിരുസംഘത്തിലെ അംഗത്വത്തിലേക്കും ഉയർത്തുകയുണ്ടായെന്ന വസ്തുതയെ നാമിവിടെ അനുസ്മരിക്കുന്നു. കൂടാതെ, ഇന്ത്യയുടെ പ്രസിഡണ്ടിൻെറനേർക്കും അദ്ദേഹത്തിൻെറ ഗവമ്മെണ്ടിൻെറനേർക്കും ഭാരതത്തിലെ ഉൽകൃഷ്ടരായ എല്ലാ ജനങ്ങളുടെനേർക്കും നിങ്ങളുടെ സ്നേഹഭാജനങ്ങളുടെനേർക്കും നമുക്കുള്ള സ്നേഹസമ്പന്നമായ ഓൾസൃഷ്ടിയുടെ ... വഴി അവരെ അറിയിക്കുവാൻ ഈ അവസരം നാം വിനിയോഗിച്ചുകൊള്ളുന്നു. സർവ്വശക്തനായ ദൈവത്തോടുള്ള നമ്മുടെ പ്രാർത്ഥനയിൽ അവരുടെ ക്ഷേമവും ആനന്ദവും സദാപി നാമനുസ്മരിക്കുന്നതാണു്."

## പുണ്യചരിതനായ മാററാൽബോട്ടിൻെറ മുറി സന്ദർശിക്കുന്നു

മാതൃകാപരമായ ഭക്തജീവിതം നയിച്ച വിശ്വവിഖ്യാതനായിത്തീർന്നിട്ടുള്ള തൊഴിലാളിയായ മാററാൽബോട്ടു് 1925-ൽ അദ്ദേഹം മരണമടയുന്നതുവരെ 22 കൊല്ലക്കാലം താമസിച്ചിരുന്നതു ഡബ്ളിനിലുള്ള അപ്പർ റട്ട്ലണ്ടു സ്റ്റ്റീററിൽ 4-ാംനിലയിലുള്ള ഒരു മുറിയിലായിരുന്നു. ഡബ്ളിൻമെത്രാപ്പോലീത്താ മാക്ക്കേയ്സ് തിരുമനസ്സിൻെറ അനുമതിയോടെ ഇപ്പോൾ ഞായറാഴ്ചതോറും ഉച്ചകഴിഞ്ഞു 3 മണിക്കൂർനേരത്തേക്കു പൊതുജനങ്ങൾക്കു സന്ദർശനത്തിനായി ആ മുറി തുറന്നിടുന്നുണ്ടു്. അനേകായിരം ജനങ്ങൾ കോവണികളിന്മേലും നഗരമദ്ധ്യത്തിലും അണിനിരന്നു "ക്യൂ" ആയിട്ടാണു് മുറി സന്ദർശിക്കുന്നതു്. മുറിയിൽ അദ്ദേഹം ഉപയോഗിച്ചിരുന്ന കുരിശുരൂപവും, പുതിയനിയമഗ്രന്ഥവും, ജീവചരിത്രത്തിൻെറ പ്രതികളും കാണാവുന്നതാണു്. അദ്ദേഹം കിടക്കാൻ ഉപയോഗിച്ചിരുന്ന കട്ടിൽ മാററാൽബോട്ടു ലീജിയൻ സംഘടനക്കാർ ന്യൂജേഴ്സിയിലേക്കു കൊണ്ടുപോയി സൂക്ഷിക്കുന്നതുകൊണ്ടു് തൽസ്ഥാനത്തു അതേമാതൃകയിലുള്ള ഒരു കട്ടിലാണിപ്പോൾ കിടക്കുന്നതു്. അദ്ദേഹത്തിൻെറ ജീവചരിത്രം ഇതിനകം 15-ൽപരം ഭാഷകളിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടു്.

## മാനസാന്തരപ്പെട്ട വില്യം ഓർച്ചാർഡ്" നിര്യാതനായി

എവഞ്ചെലിക്കൽ വിഭാഗത്തിലെ ഏററം വിഖ്യാതനായ ഒരു മതപ്രസംഗകനായിരുന്നു ഡോക്ടർ വില്യം ഓർച്ചാർഡു്. ലണ്ടനിലെ മേയ്ഫെയർ ചർച്ചിൽ 18 കൊല്ലം അദ്ദേഹം മിനിസ്റ്റർ ജോലി നിർവ്വഹിച്ചു. അദ്ദേഹം മതകർമ്മങ്ങൾ കത്തോലിക്കാസഭയെ അനുകരിച്ചു ജനങ്ങൾക്കു ആകർഷകമായ വിധത്തിൽ നടത്തുന്നതിനാരംഭിച്ചു. ഓരോ ഞായറാഴ്ചയും അദ്ദേഹത്തിൻെറ ദേവാലയത്തിൽ ജനങ്ങൾ തിങ്ങിക്കൂടി. 1932-ൽ അദ്ദേഹം റോമിലേക്കു പോകുകയും അവിടെ വച്ചു കത്തോലിക്കാസഭയിൽ ചേരുകയും ചെയ്തു. 1935-ൽ വെസ്റ്റ്മിനിസ്റററിൽവച്ചു അദ്ദേഹത്തിനു വൈദികപട്ടം "സംശയത്തിൻകീഴ്" വീണ്ടും നൽകപ്പെട്ടു. 78-ാമത്തെ വയസ്സിൽ കഴിഞ്ഞ മാസം അദ്ദേഹം തൻെറ മഹത്തായ സേവനങ്ങൾക്കു വിരാമമിട്ടു മരണമടഞ്ഞു.

## വിശുദ്ധ പത്താം പീയൂസിൻെറ തിരുശരീരം കൊണ്ടുപോകുന്നില്ല

വിശുദ്ധനായ പത്താം പീയൂസ് പേരുവിളിക്കപ്പെട്ട അവസരത്തിൽ അദ്ദേഹത്തിൻെറ തിരുശരീരം അദ്ദേഹത്തിൻെറ മെത്രാസനമായിരുന്ന വെനീസിലേക്കു ആഘോഷമായി സംവഹിക്കപ്പെടുമെന്നവാർത്ത വളരെ പ്രചരിച്ചിരുന്നതാണു്. ഈ പരിപാടിയെ പരിശുദ്ധമാർപ്പാപ്പാ പര്യാലോചനയ്ക്കായി അംഗീകരിക്കുകയും അതിൻെറ സാങ്കേതികസാഹചര്യങ്ങളെപ്പററി ആരായുവാൻ മെത്രാന്മാരുടെ ഒരു വിദഗ്ദ്ധകമ്മീഷനെ ഭരമേല്പിക്കുകയും ചെയ്തു. കമ്മീഷൻെറ അനുകൂലമായ അഭിപ്രായം നൽകിയിട്ടില്ലാത്തതുകൊണ്ടു പ്ലാൻ അനിശ്ചിതകാലത്തേക്കു നീട്ടിവച്ചിരിക്കുകയാണു്.

## ഒരു ചരമം



ഒളനാട്ടു് സെൻറു് വിൻസെൻറു ഡി പോൾ സംഘത്തിൻെറ ഇതുവരെ പ്രസിഡൻറായിരുന്നയാളും, ഉദാരമതിയും, ധനാഢ്യനുമായ തേയ്ക്കാനത്തു് പൗലോ ആഗസ്തി ജൂലൈ 6-ാംനു കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരം 7-ാംതീയതി വ്യാഴാഴ്ച കാലത്തു അനേകം വൈദികരുടെ സാന്നിദ്ധ്യത്തിൽ നടന്നു. പുത്തൻപള്ളി പള്ളിയിൽ ഏതാനും കൊല്ലങ്ങൾക്കു മുൻപു് ഫ്രാൻസിൽനിന്നും വരുത്തിയ മണി പരേതൻെറ സംഭാവനയാണു്. R. I. P.

(8-ാംപേജ് തുടർച്ച)

**എടത്വാ:** ഇവിടെ കെ. വി. തോമസ് കരിക്കംപള്ളിൽ ആരംഭിച്ചിരിക്കുന്ന പുതിയ ജൗളിവ്യാപാരശാലയുടെ വെഞ്ചരിപ്പും ആശീർവ്വാദവും ജൂലൈ 6-ാം തീയതി റവ. ഫാ. ഈപ്പൻ ആലംചേരി നിർവ്വഹിച്ചിരിക്കുന്നു.

**എറണാകുളം:** ഉദ്ദേശം 3 കൊല്ലത്തിനുമുമ്പ്, രണ്ടുമൂന്നു തൊഴിലാളികളുടെ വിനീതപരിശ്രമഫലമായി ഇവിടെ ഉടലെടുത്ത ഒരു പ്രസ്ഥാനമാണു് "പരിഹാരരാത്രിയാരാധന". മെത്രാപ്പോലീത്താ തിരുമേനിയുടെ ആശീർവ്വാദത്തിൻേറയും, ബ: വൈദികരുടെ പ്രോത്സാഹനങ്ങളുടേയും ഫലമായി ഇന്ന വരാപ്പുഴ അതിരൂപതയിലെ 45 പള്ളികളിൽ അതു നടന്നുവരുന്നുണ്ടു്. രാത്രിയിൽ ഒമ്പതുമണിക്കുശേഷം പരിശുദ്ധ കുർബാനയുടെ മുമ്പിൽ പ്രത്യേക പ്രാർത്ഥനകളോടെ ഒരുമണിക്കൂർ കഴിച്ചുകൊണ്ടാണു് ഇതു നടത്താറുള്ളതു്.

**ഉപ്പുതറ:** മാർത്തോമ്മാദിനം പ്രമാണിച്ചു് സ്ഥലം സെൻറു് ഫിലോമിനാപ്പള്ളിയിൽ ജൂലൈ 3-ാംനു തിരുകർമ്മങ്ങളും പൊതുദിവ്യകാരുണ്യസ്വീകരണവും വിദ്യാർത്ഥികളുടെ റാലിയും പൊതുയോഗവും സാഘോഷം നിർവ്വഹിക്കപ്പെട്ടിരിക്കുന്നു. അന്നേദിവസം ചെമ്മണ്ണു് സെൻറു് തോമസ്മൗണ്ടു് ദൈവാലയത്തിൽ ഉച്ചകഴിഞ്ഞു് 3-30-നു് ലദീഞ്ഞും അതിനെത്തുടന്നു് ആഘോഷമായ പാട്ടുകുർബാനയും പൊതുദിവ്യകാരുണ്യസ്വീകരണവും പരി. കുർബാനയുടെ ആശീർവ്വാദവും തിരുനാൾപ്രസംഗവും വെട്ടിക്കാട്ടു് ബ: ജയിംസച്ചൻെറ പ്രധാനകാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

## സ്വർഗ്ഗരാജ്ഞി

ദേവമാതാവിൻെറ സ്ഥാനങ്ങളും വരങ്ങളും, അവയുടെ വിശദീകരണവും സംശയനിവാരണവും, സംബന്ധിച്ചു് വെ. റവ. മോൺ. ജേക്കബ്ബ് നടുവത്തുശേരി അവർകൾ സത്യദീപത്തിൽ തുടർച്ചയായി എഴുതിയിരുന്ന ലേഖനങ്ങളുടെ സമാഹാരമായി, ക്രൗൺ എട്ടിലൊന്നു സൈസിൽ, നൂറു പേജിൽ കമനീയമായി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഈ ഗ്രന്ഥത്തിനു വില 6 ണ മാത്രം.

കച്ചവടക്കാർക്കു് പതിനു രണ്ടു കമ്മീഷൻ.

ആവശ്യപ്പെടുക:
മാർ ളൂയിസ് മെമ്മോറിയൽ പ്രസ്, എറണാകുളം—1

**പെരിങ്ങുഴ:** ജാതീയദിനാഘോഷം പ്രമാണിച്ചു ജൂലൈ 3-ാംനു ശ്രീ കെ. ടി. ആൻറണി ബി. എസ്സി. ബി. എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ പൊതുയോഗം നടത്തപ്പെട്ടു. ബി. എൽ. പരീക്ഷയിൽ പ്രശസ്തവിജയം നേടിയ അദ്ധ്യക്ഷനെ അനുമോദിച്ചുകൊണ്ടു് ശ്രീ നെല്ലൂർ മാത്യു പ്രസംഗിച്ചു. കൂടാതെ ശ്രീ. ഇ. വി. ജോസഫ് ബി. എ., ജോൺ നമ്പേലി ആർ. ബി. വി. എന്നിവരും ഓരോ പ്രസംഗംചെയ്തു. മിഷൻഗ്രൂപ്പിനുവേണ്ടി ലേലംചെയ്ത ഒരു കോഴിമുട്ടക്കു 31 രൂ 10 ണ ലഭിക്കുകയുണ്ടായി. ശ്രീ ഉലഹന്നൻ തെങ്ങനാലിൻെറ കലാപ്രകടനങ്ങൾ സദസ്സിനെ മോടിപിടിപ്പിച്ചു.




## ചരമവാർത്തകൾ

**കറുകുററി:** ഈ ഇടവക പൈനാടത്തു് ദേവസ്സി കുര്യപ്പൻ തൻെറ 70-ാമത്തെ വയസ്സിൽ ജൂലൈ 7-ാംനു നിര്യാതനായിരിക്കുന്നു. ശവസംസ്കാരകർമ്മം ഉച്ചതിരിഞ്ഞു നാലു മണിക്കു് പല വൈദികരുടേയും സാന്നിദ്ധ്യത്തിൽ നിർവ്വഹിക്കപ്പെട്ടു.

**ഒളനാട്ട്:** എം. പി. സ്കൂളിൽ 5-ാം ക്ലാസ്സിൽ പഠിച്ചിരുന്ന എം. വി. മാത്തു എന്ന കുട്ടി, കുട്ടികളെ വെളിക്കു വിട്ടിരുന്ന സമയത്തു് ഒരു തെങ്ങു വീണു് നിര്യാതനായിരിക്കുന്നു. മാതാപിതാക്കളുടെ ഏക സന്താനമാണു് പ്രസ്തുതകുട്ടി.


**കുഴൂർ:** ഈ ഇടവക വടക്കിനേത്തു പൗലോ ഔസേപ്പു അവർകളുടെ അമ്മ അന്നം 91-ാമത്തെ വയസ്സിൽ ജൂൺ 23-ാംനു വ്യാഴാഴ്ച ഉച്ചകഴിഞ്ഞു കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരം പിറെറദിവസം 4 മണിക്കു പല ബ: വൈദികരുടേയും ദർശനസമൂഹത്തിൻേറയും വൻപിച്ചജനാവലിയുടേയും സാന്നിദ്ധ്യത്തിൽ ആഘോഷമായി നടത്തപ്പെട്ടു.

**മൂക്കന്നൂർ:** ഈ പള്ളി ഇടവക പുളിപ്പറമ്പൻ ഔസേപ്പ് കൊച്ചാപ്പു അവർകൾ 84-ാമത്തെ വയസ്സിൽ ജൂലൈ 4-ാംനു തിങ്കളാഴ്ച ചരമം പ്രാപിച്ചു. ശവസംസ്കാരം അന്നു് ഉച്ചകഴിഞ്ഞു് 5 മണിക്കു് അനേകം ജനങ്ങളുടെ സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ടു.

R. I. P.

## വിവാഹവാർത്ത

**പൊൻകുന്നം:** സ്ഥലത്തെ വീട്ടുവേലികുന്നേൽ ശ്രീ വക്കച്ചൻെറ സീമന്തപുത്രൻ ശ്രീ ചാക്കോച്ചനും, എരുമേലി കാവാലം പുതുപ്പറമ്പിൽ മി. കെ. ററി. ഫീലിപ്പിൻെറ പുത്രി ശ്രീമതി തങ്കമ്മയും തമ്മിലുള്ള വിവാഹം 7-ാംനു സമംഗളം നടത്തപ്പെട്ടിരിക്കുന്നു.



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വീതയത്തിൽ

Vol. 28 || ERNAKULAM, JULY 13 || No. 46


# മതവും രാഷ്ട്രവും പ്രവർത്തനരംഗത്തിൽ

മനുഷ്യനെ അവൻെറ സ്രഷ്ടാവായ ദൈവവുമായുള്ള ബന്ധത്തിൽ നിലനിർത്തുന്നതിനും, അവൻെറ ആത്മാവിൻെറ നിത്യസൗഭാഗ്യത്തിനു നിദാനമായ മാർഗ്ഗത്തിലൂടെ അവനെ നയിക്കുന്നതിനുംവേണ്ടി നിലകൊള്ളുന്ന ഒരു പരിപൂർണ്ണസമുദായസംഘടനയാണു മതമെന്നു നിർവ്വചിക്കാം. ദൈവവുമായുള്ള ബന്ധത്തേയും ആത്മാവിൻെറ നിത്യസൗഭാഗ്യത്തേയും സംബന്ധിക്കുന്ന പരമലക്ഷ്യങ്ങൾ ഉൾക്കൊള്ളുന്നതുകൊണ്ടു് അതു ആദ്ധ്യാത്മികസ്വഭാവമുള്ളതാണു്. ഒരു പരിപൂർണ്ണ മാനവസമുദായസംഘടനയായതുകൊണ്ടു സാമൂഹികമായ എല്ലാ അവകാശാധികാരങ്ങൾക്കും അതിനർഹതയുണ്ടു്. ഇഹത്തിൽ മനുഷ്യൻെറ സാമൂഹികവും ഭൗതികവുമായ സൗഭാഗ്യത്തെ അവനു സുകരമാക്കുന്നതിനുദ്ദേശിക്കപ്പെട്ടിട്ടുള്ള ഒരു പരിപൂർണ്ണസമുദായസംഘടനയാണു് രാഷ്ട്രം എന്നും നിർവ്വചിക്കാം. മനുഷ്യൻെറ ഐഹികമായ സൗഭാഗ്യമാണു് അതിൻെറ പ്രവർത്തനലക്ഷ്യം. ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം സാമൂഹികമായ എല്ലാ അധികാരാവകാശങ്ങളും കൈകാര്യം ചെയ്യുന്നതിനുള്ള അർഹത അതിനു സിദ്ധിക്കുന്നു. അതുകൊണ്ടു പ്രാവർത്തികരംഗത്തു മതവും രാഷ്ട്രവും സ്വകീയമായ അധികാരാവകാശങ്ങളോടുകൂടിയ രണ്ടു പരിപൂർണ്ണസമുദായസംഘടനകളാണു്. എന്നാൽ ഈ രണ്ടു സംഘടനകളും ഒരേ മനുഷ്യവ്യക്തിയെ സ്പർശിക്കുന്ന പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതുകൊണ്ടു്, താത്വികമായി ഇവ രണ്ടും വ്യതിരിക്തങ്ങളാണെങ്കിലും പ്രായോഗികമായി ഇവയുടെ പ്രവർത്തനങ്ങൾ തമ്മിലിടഞ്ഞുവരാവുന്നതാണു്. സമ്മിശ്രമായ പ്രസ്തുത രംഗങ്ങളിൽ സമ്യക്കായ പരസ്പരബന്ധം പാലിക്കുന്നതിലാണു് മതവും രാഷ്ട്രവും തമ്മിലുള്ള സഹകരണം നിലകൊള്ളേണ്ടതു്. ഏതാദൃശമായ സഹകരണംകൂടാതെ ഏതെങ്കിലും ഒരു വിഭാഗം അതിൻെറ അവകാശാധികാരങ്ങളെസംബന്ധിച്ചു ന്യായരഹിതമായി മർക്കടമുഷ്ടി പിടിക്കുമ്പോൾ സംഘട്ടനം ഉളവാകുന്നു. സമ്മിശ്രവും സംഘർഷപരവുമായ പ്രസ്തുത പ്രശ്നങ്ങളിൽ സ്വീകരിക്കപ്പെടേണ്ട മാർഗ്ഗം താരതമ്യേന ഉന്നതലക്ഷ്യത്തിനു പ്രാഥമ്യം നൽകുക എന്നുള്ളതാണു്. ഈ മൗലികതത്വങ്ങൾ യഥാവിധി അംഗീകരിക്കപ്പെടാത്തതാണു് ഇന്നത്തെ ലോകത്തിൽ സർവ്വവ്യാപകമായി കാണുന്ന നിരവധി അസ്വസ്ഥതകൾക്കും ദാരുണമായ സംഭവങ്ങൾക്കും കാരണമാകുന്നതു്.


### വിശദാംശങ്ങൾ സങ്കീർണ്ണങ്ങളാണ്

മതത്തിൻേറയും രാഷ്ട്രത്തിൻേറയും മൗലികാവകാശങ്ങളെ വ്യവഹരിക്കുന്ന സിദ്ധാന്തങ്ങൾ വ്യക്തങ്ങളും സുഗ്രഹങ്ങളുമാണെങ്കിലും മനുഷ്യജീവിതത്തിൻെറ പ്രായോഗിക രംഗങ്ങളിലേക്കിറങ്ങുമ്പോൾ അവ കൂടുതൽ സങ്കീർണ്ണങ്ങളും ദുർഗ്രഹങ്ങളുമായിത്തീരുന്നുണ്ടു് എന്നുള്ളതു അനിഷേധ്യമായ ഒരു യാഥാർത്ഥ്യമാണു്. 1951 ഒക്ടോബർമാസത്തിൽ പരിശുദ്ധ പിതാവു് 12-ാം പീയൂസ് മാർപ്പാപ്പാ അൽമായപ്രേഷിതരുടെ സാർവ്വലൗകികകോൺഗ്രസ്സിനെ അഭിസംബോധനംചെയ്തു നടത്തിയ പ്രഭാഷണത്തിൽ ഈ പ്രശ്നത്തെ വിശദമായും സുദീർഘമായും പ്രതിപാദിക്കുകയുണ്ടായി. ഈ വിഷയത്തിൽ ഇതാകുന്നു എന്നു തോന്നുന്നു ഏററവും അവസാനത്തെ ഔദ്യോഗികപ്രസ്താവന. അതിൽ പരിശുദ്ധപിതാവു വ്യക്തമായി പറഞ്ഞിരിക്കുന്നതു്, മതാത്മകമായ പ്രേഷിതത്വവും രാഷ്ട്രീയമായ പ്രവർത്തനവും തമ്മിലുള്ള ബന്ധം ഏററവും വിഷമകരവും അതുപോലെതന്നെ ലോലതരവുമായ തത്വങ്ങളെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ ഉളവാക്കുന്നു എന്നാണു്. അതുകൊണ്ടു് പ്രസ്തുത വിഷയത്തിൽ സ്വീകരിക്കപ്പെടുന്ന നയപരിപാടികൾ മിക്കവാറും അബദ്ധസമ്പൂർണ്ണങ്ങളും അസ്വീകാര്യങ്ങളുമായിരിക്കുന്നു. ഒരുകൂട്ടർ മൂന്നുനാലു പൊതുനിയമങ്ങൾ സ്വീകരിച്ചു തൃപ്തിയടയുവാൻ ശ്രമിക്കുന്നു. പക്ഷെ ആ നിയമങ്ങൾ അപരിമിതങ്ങളും പ്രയോഗത്തിൽ കൊണ്ടുവരുന്നതിനു വളരെയധികം ഉപനിയമങ്ങൾ ആവശ്യമുള്ളവയുമാണു്. വേറൊരു കൂട്ടരുണ്ടു്, ഒററവാക്യത്തിൽ പ്രശ്നത്തിനു പരിഹാരം നിർണ്ണയിക്കുന്നവർ. "സഭയ്ക്കു രാഷ്ട്രത്തിൽ ഒന്നുംചെയ്യാനില്ല" എന്ന ഒററ മുദ്രാവാക്യംകൊണ്ടു് അവർ പ്രശ്നത്തെ മാററിവച്ചുകഴിയും. ഈവിധത്തിൽ ഉപരിപ്ലവവും പ്രശ്നത്തെ വേണ്ട രീതിയിൽ നേരിടാത്തതുമായ സമാധാനങ്ങൾകൊണ്ടു് ഏററവും കൂടുതൽ പ്രായോഗികവിഷമതകളുണ്ടാകുന്നതു് ഒരുത്തമകത്തോലിക്കനും ഒരുത്തമപൗരനുമായി ജീവിക്കുന്നതിനുദ്യമിക്കുന്ന ക്രിസ്ത്യാനിക്കാണു്. ഒരുത്തമക്രിസ്ത്യാനിയുടെ ജീവിതത്തിൻെറ എല്ലാ രംഗങ്ങളും ക്രിസ്തുവിലും തിരുസഭയിലുമുള്ള വിശ്വാസത്തിൻെറ അസ്ഥിവാരമായ തത്വസംഹിതയാൽ പ്രചോദിതങ്ങളായിരിക്കണം. അതേസമയം ഉത്തമമായ പൗരജീവിതം നയിക്കത്തക്കവണ്ണം ഈ തത്വസംഹിതയോടൊത്തുപോകുന്ന നിർണ്ണായകവും മാർഗ്ഗദർശകവുമായ രാഷ്ട്രനിയമസംഹിതയും അവനു അപരിത്യാജ്യമാണു്. ചുരുക്കിപ്പറഞ്ഞാൽ മതതത്വങ്ങളും രാഷ്ട്രനിയമങ്ങളും ഊടും പാവുംപോലെ അവൻെറ പ്രായോഗികജീവിതത്തിൽ ഒത്തിണങ്ങിച്ചേരണം. മതത്തിൻേറയും രാഷ്ട്രത്തിൻേറയും സ്വഭാവത്തെ അവഗാഢമായി പഠിക്കുകയും നിഷ്പക്ഷവും നീതിനിഷ്ഠവുമായ മനോഭാവത്തോടുകൂടി അവയെ താരതമ്യം ചെയ്തു് കൊള്ളേണ്ടവ കൊണ്ടും, തള്ളേണ്ടവ തള്ളിയും യുക്തിയുക്തവും വ്യക്തവുമായ പ്രായോഗികനിയമങ്ങളെ സ്വീകരിക്കുകയും ചെയ്തെങ്കിൽ മാത്രമേ സുഗമമായ ഒരു മാർഗ്ഗം തെളിഞ്ഞുകിട്ടുകയുള്ളു.

### മാർപ്പാപ്പായുടെ നിർദ്ദേശങ്ങൾ

അൽമായപ്രേഷിതരുടെ സാർവ്വലൗകികകോൺഗ്രസ്സിൽ പരിശുദ്ധമാർപ്പാപ്പാ നിർവ്വഹിച്ച മേലുദ്ധരിച്ച പ്രഭാഷണത്തിൽ ഒരു ഭാഗത്തു തിരുമേനി ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:- "വ്യക്തിഗതവും സാമൂഹികവുമായ മനുഷ്യജീവിതം അവശ്യവും അനുസ്യൂതവുമായി ക്രിസ്തുവിൻെറ നിയമത്തോടും ആദർശത്തോടും അനുബദ്ധമായിരിക്കുന്നു. തന്മൂലം സാഹചര്യങ്ങളുടെ സമ്മർദ്ദത്തിൽ മതപരമായ പ്രേഷിതത്വവും രാഷ്ട്രപരമായ പ്രവർത്തനങ്ങളും തമ്മിൽ പരസ്പരം സമ്മിളിതമായി നിലകൊള്ളാതെ ഗത്യന്തരമില്ല. രാഷ്ട്രീയം എന്നതു് പ്രസ്തുത പദത്തിൻെറ സമുന്നതമായ വിവക്ഷയിൽ നാം മനസ്സിലാക്കുന്നതായാൽ, രാജ്യത്തിൻെറ നന്മയെ മുൻനിർത്തിയുള്ള സഹകരണം എന്നതല്ലാതെ മറെറാന്നല്ല എന്നു ഗ്രഹിക്കാം. ഇവിടെ രാജ്യത്തിൻെറ നന്മ എന്നുള്ളതു് വിപുലമായ അർത്ഥത്തിൽ മനസ്സിലാക്കണം. തദ്വാരാ, രാഷ്ട്ര

## തിരുനാൾ മംഗളം



തിരുവനന്തപുരം മെത്രാൻ
റൈററ് റവ. ഡോ. വിൻസെൻറ് ഡെരീരാ ഒ. സി. ഡി.
നാമഹേതുകദിനം
ജൂലൈ 19

രംഗത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന പല നിയമങ്ങളും തർക്കവിഷയങ്ങളായും വ്യവച്ഛേദിക്കപ്പെട്ടവയായും നിലകൊള്ളുന്നു. ഉദാഹരണമായി വിവാഹം, കുടുംബം, സന്താനങ്ങൾ, സ്കൂൾ മുതലായവ. ഇവ ഒന്നാമതായി മതത്തെ സംബന്ധിക്കുന്ന പ്രശ്നങ്ങളല്ലയോ? ഇവയിൽ ഒരു പ്രേഷിതനു നിഷ്പക്ഷവും നിരുൽസുകവുമായ ഒരു നില പാലിക്കുവാൻ കഴിയുമോ?

"കഴിഞ്ഞ ഒരു പ്രസംഗത്തിൽ (1951 മേയ് 3) കത്തോലിക്കാ പ്രവർത്തനത്തിൻേറയും രാഷ്ട്രീയപ്രവർത്തനത്തിൻെറയും അതിർത്തികളെ നിർണ്ണയിക്കുന്നതിനു നാം ശ്രമിച്ചിട്ടുള്ളതാണു്. പാർട്ടി പൊളിററിക്സിൽ കത്തോലിക്കാപ്രവർത്തനം ഒരു കക്ഷിയായി വരരുതു്. എന്നാൽ, ഓലിവൻറ് കോൺഫറൻസിലെ അംഗങ്ങളോടു നാം യഥാകാലം (1948 മാർച്ച് 28) പ്രസ്താവിച്ചതുപോലെ, പാർട്ടികളുടെ പരിശ്രമങ്ങളെ വിഷപങ്കിലമാക്കുന്ന ആനുഷംഗികങ്ങളായ മത്സരങ്ങളിൽനിന്നു അകന്നുനിൽക്കുന്നതു എത്രമാത്രം പ്രശംസാർഹമാണോ, അത്രത്തോളം തന്നെ കുററാർഹമാണു് ഈ രംഗത്തെ, രാജ്യത്തിൻെറ താല്പര്യങ്ങളെ നയിക്കുന്നതിനു അപ്രാപ്തരും അയോഗ്യരുമായ ആളുകൾക്കു സ്വാതന്ത്ര്യമായി ഒഴിഞ്ഞുകൊടുക്കുന്നതും." മതപ്രേഷിതത്വവും രാഷ്ട്രപ്രവർത്തനവും തമ്മിൽ പ്രായോഗികരംഗത്തിൽ കലർപ്പില്ല എന്നുള്ള വാദത്തെ എററവും യുക്തിപൂർവ്വകമായി പരിശുദ്ധപിതാവു് ഇവിടെ ഖണ്ഡിച്ചിരിക്കുകയാണു്. മതപ്രേഷിതൻ ഇടപെടേണ്ട രംഗങ്ങളും ഇടപെടേണ്ട രീതിയും വ്യക്തമാക്കുകയും ചെയ്തിരിക്കുന്നു. കത്തോലിക്കാപ്രവർത്തനത്തിൻെറ പരിധിയിൽ പെടുന്ന തക്കപ്പെട്ട ഉത്കൃഷ്ടതരംഗങ്ങളുടെ പട്ടികയിൽ "സാമൂഹികക്രമ"വും ചേർക്കപ്പെടണമെന്നു പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പാ വേറൊരവസരത്തിൽ വ്യക്തമാക്കിയിട്ടുണ്ടു്. രാഷ്ട്രീയമായ പ്രവർത്തനത്തെയും ദുഷിച്ചപാർട്ടിപൊളിററിക്സിനേയുംകൂട്ടിക്കുഴയ്ക്കരുതെന്നും, രാജ്യത്തിൻെറ നന്മയ്ക്കായുള്ള രാഷ്ട്രീയ പ്രവർത്തനം പരസ്പരസഹകരണത്തിൻെറ രംഗമാകയാൽ കത്തോലിക്കാപ്രവർത്തകർ അതിൽ പങ്കെടുക്കേണ്ടതാണെന്നും, പാർട്ടികളുടെ ദുഷിച്ച മത്സരരംഗമായ പ്രവർത്തനങ്ങളിൽ ഉൾപ്പെടാതിരിക്കാനാണു് അവർ ശ്രദ്ധിക്കേണ്ടതെന്നും തിരുമേനി വിശദീകരിച്ചിരിക്കുകയാണു്. അതുകൊണ്ടു് മതത്തിനു രാഷ്ട്രീയരംഗങ്ങളിൽ കാര്യമൊന്നുമില്ല എന്നു മുറവിളി കൂട്ടുന്നവരുടെ വാദഗതി എത്ര ബാലിശമാണെന്നും, അതിനു കീഴ്പ്പെട്ടു നിഷ്പക്ഷതാമനോഭാവത്താലോ നിരുൽസുകതയാലോ പ്രേരിതരായിരാഷ്ട്രീയത്തെ അയോഗ്യരും അപ്രാപ്തരുമായവർക്കുവേണ്ടി കൈയൊഴിയുന്നതു എത്ര കുററാർഹമാണെന്നും പരിശുദ്ധ മാർപ്പാപ്പാ വ്യക്തമാക്കിയിരിക്കുന്നു.

### സംഘടിതമായി പ്രവർത്തിക്കണം

ഇതുപോലെതന്നെ ചിന്താക്കുഴപ്പങ്ങൾക്കു കാരണമാകാറുള്ള ഒരു പ്രശ്നമാണു്, മതം രാഷ്ട്രീയത്തിൽ ന്യായമായി ഇടപെടേണ്ടിവരുമ്പോൾ അതു മതവിശ്വാസികളുടെ വ്യക്തിപരമായ പ്രവർത്തനങ്ങൾക്കായി വിട്ടുകൊടുക്കണമോ, അതോ മതസംഘടനകൾ സഭാഹയരാർക്കിയോടു ബന്ധപ്പെട്ടുനിന്നുപ്രവർത്തിക്കണമോ എന്നുള്ളതു്. 1951 മേയ് 3-ാം തീയതി പരിശുദ്ധ മാർപ്പാപ്പാ ഇററാലിയൻ കത്തോലിക്കാപ്രവർത്തനസംഘടനയ്ക്കു നൽകിയ ഒരു പ്രസ്താവനയിൽ ഈ പ്രശ്നത്തെപ്പററി തിരുമേനി പ്രതിപാദിച്ചിട്ടുണ്ടു്, ആ ഭാഗം ഇപ്രകാരമാണു്:-"കത്തോലിക്കാ പ്രവർത്തനം പാർട്ടിപൊളിററിക്സിൻെറ പ്രവർത്തനരംഗത്തിൽ ഒരു പ്രബലശക്തിയായിത്തീരണമെന്നല്ലാ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്നു നാം നിങ്ങളോടു വീണ്ടും പറയേണ്ട ആവശ്യമില്ല. എന്നാൽ കത്തോലിക്കാപൗരന്മാർക്കു രാഷ്ട്രീയപ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ഒരു സംഘടനയായി ഒന്നുചേർന്നു പ്രവർത്തിക്കുന്നതിനുള്ള അവകാശമുണ്ടു്; അവർ പൗരന്മാരെന്നുള്ള നിലയിലും ക്രിസ്ത്യാനികളെന്നുള്ളനിലയിലും ഇതവരുടെ രാഷ്ട്രീയാവകാശമാണു്. മുകളിൽ വ്യക്തമാക്കിയിട്ടുള്ള അർത്ഥത്തിലും പരിമിതികൾക്കു വിധേയമായും, കത്തോലിക്കാ പ്രവർത്തനസംഘടനകളുടെ അംഗങ്ങൾ അതിൽ ചേരുകയും പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും ചെയ്യുന്നതു് നിയമാനുസാരവും അഭിലഷണീയവുമാണു്." ഏവംവിധം രാഷ്ട്രീയോദ്ദേശ്യത്തോടുകൂടിയുള്ള സംഘടനകളിൽ പ്രവർത്തിക്കുന്നതിനു് കത്തോലിക്കർക്കു മറേറതൊരു പൗരനേയും പോലെ അവകാശവും സ്വാതന്ത്ര്യവുമുള്ളതാണു്. കത്തോലിക്കാ പ്രവർത്തനസംഘടനകൾ നേരിട്ടു അവയുടെ നിയന്ത്രണം നടത്തുന്നില്ലാത്തതുകൊണ്ടു ആ സംഘടനയുടെ അംഗങ്ങൾക്കു ഏതാദൃശസംഘടനകളിൽ സജീവമായി പ്രവർത്തിക്കുവാൻ യാതൊരു തടസ്സവുമില്ല. മാത്രമല്ല, ഈ സംഘടനകൾ "കത്തോലിക്കാസംഘടനകളും ഹയറാർക്കിയോടു ബന്ധപ്പെട്ടിരിക്കുന്ന സംഘടനകളും" ആയി നിലകൊള്ളുകയും ചെയ്യും. ചുരുക്കത്തിൽ കത്തോലിക്കാ സംഘടനകൾക്കു രാഷ്ട്രീയമായി നിലകൊള്ളുന്നതിനോ രാഷ്ട്രീയകാര്യങ്ങളിൽ ഇടപെട്ടു പ്രവർത്തിക്കുന്നതിനോ മൗലികമായഅവകാശസ്വാതന്ത്ര്യങ്ങളുണ്ടു്. രാജ്യത്തിൻെറ സുസ്ഥിതിയെ ലക്ഷ്യമാക്കിയുള്ള അവരുടെ പ്രവർത്തനം, അയോഗ്യരും അപ്രാപ്തരുമായ ആളുകൾ ഭരണകൂടത്തിൽ കയറിപ്പററി രാജ്യത്തെ അധഃപ്പതിപ്പിക്കാതിരിക്കുന്നതിനു യഥാകാലം പ്രായോഗികമാക്കേണ്ടതു ഗൗരവതരമായ കർത്തവ്യവുമാണു്. കത്തോലിക്കാസഭയും കത്തോലിക്കാപ്രവർത്തനസംഘടനകളും അതിനാവശ്യമായ മാർഗ്ഗനിർദ്ദേശവും സഹായസഹകരണങ്ങളും നൽകുന്നതുമാണു്. സങ്കുചിതമായ പാർട്ടി പൊളിററിക്സിൽ സംഘാതമായി ഇടപെട്ടു അനാവശ്യമായ മത്സരങ്ങളുംസമുദായത്തിൻെറ നാശവും വരുത്തിവയ്ക്കുന്ന നയമാണു് തിരുസഭ എന്നും വെറുക്കുന്നതും പ്രതിഷേധിക്കുന്നതും. അതുകൊണ്ടു മതവും രാഷ്ട്രവും പ്രവർത്തനരംഗത്തിൽ സൗമനസ്യവും സഹകരണവും പ്രകടമാക്കുകയും മനുഷ്യൻെറ ഐഹികവും പാരത്രികവുമായ ജീവിതലക്ഷ്യങ്ങളെ കൈവരിക്കുന്നതിനു സഹായകമായ വിധത്തിൽ ഒത്തിണങ്ങി പ്രവർത്തിക്കുകയും ചെയ്യേണ്ടതാണു്.

## പ്രസാധകക്കുറിപ്പുകൾ

### മതബോധനം നൽകാത്ത വിദ്യാഭ്യാസം അപൂർണ്ണമാണ്

തിരുപ്പരത്തുരയിൽ വിവേകാനന്ദ ട്രെയിനിംഗ് കോളേജ്, മദ്രാസ് യൂണിവേഴ്സിററി വൈസ് ചാൻസലർ സർ ഏ. ലക്ഷ്മണസ്വാമി മുതലിയാർ ജൂലൈ 4-ാംതീയതി ഉൽഘാടനം ചെയ്തു. ഉൽഘാടനപ്രസംഗം നിർവ്വഹിച്ചതു് വിദ്യാഭ്യാസമന്ത്രി സി. സുബ്രഹ്മണ്യം അവർകളായിരുന്നു. ഇന്ത്യക്കു സ്വാതന്ത്ര്യം കൈവന്നതിനു ശേഷം വിദ്യാഭ്യാസം എല്ലാവർക്കും നൽകുക എന്നതാണു് ഗവമ്മേണ്ടിൻെറ നയമെന്നും, ഇപ്രകാരം വിദ്യാഭ്യാസം സാർവ്വത്രികമായികഴിഞ്ഞപ്പോൾ അതു സംബന്ധിച്ച പുതിയ പ്രശ്നങ്ങൾ സംജാതമായിട്ടുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. മുമ്പു ചുരുക്കം ചിലർ മാത്രമേ വിദ്യാഭ്യാസം ചെയ്തിരുന്നുള്ളു. അവരെ ഓരോ ജോലികളിൽ നിയമിക്കുന്നതിനു സാധിക്കുകയും ചെയ്യുമായിരുന്നു. ഇന്നതു സാദ്ധ്യമല്ല. അതുകൊണ്ടു വിദ്യാർത്ഥികൾക്കു ഓരോ ജീവിതമാർഗ്ഗം സ്വീകരിക്കത്തക്കവണ്ണം വിദ്യാഭ്യാസരീതിയിൽ വ്യത്യാസം വരുത്തണം. അദ്ധ്യാപകന്മാർക്കുണ്ടാകേണ്ട ഗുണങ്ങളെപ്പററി അദ്ദേഹം ഊന്നിപ്പറഞ്ഞു. അദ്ധ്യാപകന്മാർ നല്ലവരായിരുന്നെങ്കിൽ മാത്രമേ വിദ്യാർത്ഥികൾ നല്ല പൗരന്മാരായിത്തീരുകയുള്ളു എന്നും, അദ്ധ്യാപകവൃത്തി മാന്യമായ ഒരു സേവനരംഗമാണെന്നുള്ളതിൽ അദ്ധ്യാപകന്മാർ അഭിമാനം കൊള്ളണമെന്നും അദ്ദേഹം പ്രസ്താവിച്ചു. അദ്ധ്യാപകന്മാരുടെ ശമ്പളവും സേവനസാഹചര്യങ്ങളും സംബന്ധിച്ച കാര്യങ്ങളിൽ ആവശ്യമായ നവീക

രണങ്ങൾ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾക്കൊള്ളുമെന്നദ്ദേഹം പ്രത്യാശിച്ചു.

മതേതരരാഷ്ട്രമായ ഇന്ത്യയിൽ വിദ്യാഭ്യാസരംഗത്തിൽ മതബോധനത്തിനു എന്തു സ്ഥാനമാണനുവദിക്കേണ്ടതെന്നു വിശകലനം ചെയ്തുകൊണ്ടദ്ദേഹം പ്രസ്താവിച്ചതു്, മതബോധനം നൽകാത്ത വിദ്യാഭ്യാസം അപൂർണ്ണമായിരിക്കുമെന്നാണു്. വിദ്യാലയം മതം മാററുന്നതിനുള്ള ഒരു മാർഗ്ഗമാക്കരുതെന്നു വിശദമാക്കിയശേഷം മതവിദ്യാഭ്യാസത്തിന്റെ ഗുണങ്ങളെപ്പററി അദ്ദേഹം പ്രതിപാദിച്ചു. "വിദ്യാർത്ഥികൾക്കു അത്യാവശ്യമായ ഏകാഗ്രചിത്തത പാലിക്കുന്നതിനുള്ള കഴിവു മനസ്സിന്റെ ശരിയായ പരിശീലനംകൊണ്ടു മാത്രമേ ലഭിക്കുകയുള്ളു. ഇതിനു മതശിക്ഷണം അപരിത്യാജ്യമാണു്. ദൈവത്തിലുള്ള വിശ്വാസവും ദൈവത്തെ ആരാധിക്കുന്നതിനുള്ള മനോഭാവവും കൊണ്ടുമാത്രമേ ഈ ഗുണം ഒരു വ്യക്തിയിൽ വികസിപ്പിക്കുവാൻ കഴിയൂ. ദൈവവിശ്വാസവും ദൈവാരാധനയും അന്ധവിശ്വാസങ്ങളാണു് എന്നു ചിലർ മുദ്രയടിച്ചു കളഞ്ഞതു് നിർഭാഗ്യകരമായിപ്പോയി. വിദ്യാലയങ്ങളിൽ ഒരു മതപരമായ അന്തരീക്ഷം പ്രബലമായി നിലകൊള്ളണം. അതിനു പററിയ അദ്ധ്യാപകന്മാരെക്കൊണ്ടു മാത്രമേ ഇപ്രകാരമുള്ള ഒരു സ്ഥിതി സൃഷ്ടിക്കുന്നതിനു സാധിക്കുകയുള്ളു."

x x x

### നെഹ്റു റഷ്യയിൽ

## ഇരുമ്പുമറ കണ്ടില്ലത്രേ!

പണ്ഡിററു നെഹ്റു റഷ്യയിൽ നിർവ്വഹിച്ച സന്ദർശനപരിപാടികൾക്കുശേഷം വിയന്നായിൽ വച്ചു ചെയ്ത ഒരു പ്രസ്താവനയിൽ, അദ്ദേഹം റഷ്യയിൽ ഇരുമ്പുമറയോ മറേറതെങ്കിലും തരത്തിലുള്ള മറയോ കണ്ടില്ല എന്നു പറയുകയുണ്ടായി. തൃശ്ശൂർ മദ്ദാസ് ക്രിസ്ത്യൻ കോളേജിലെ രാഷ്ട്രീയ ശാസ്ത്ര പ്രൊഫസറായ മിസ്റ്റർ ഡേയ്സി മൊറേയ്സ് എം. എ. ആ പ്രസ്താവനയെപ്പററി ഇങ്ങനെയാണു് വിമർശിച്ചിരിക്കുന്നതു്:-

"മി. നെഹ്റു റഷ്യയിൽ ഇരുമ്പുകർട്ടനോ മറേറതെങ്കിലും കർട്ടനോ ദർശിച്ചില്ല എന്നു വിയന്നായിൽവച്ചു ഈയിടെ പ്രസ്താവിച്ചതായി അറിയുന്നതു വളരെ നിർഭാഗ്യകരമായിരിക്കുന്നു. മി. നെഹ്റു കാണാത്ത പലതും റഷ്യയിൽ ഉണ്ടാകാവുന്നതാണു്, ഉണ്ടുതാനും. അവിടെയുള്ള ഏതെങ്കിലും തടങ്കൽ പാളയമോ, അവയിലുള്ള ദുർഭഗരുടെ അടിമത്തസഹജമായ കഷ്ടസ്ഥിതിയോ അദ്ദേഹത്തെ കാണിച്ചിട്ടില്ല. ജി. വി. യു., എൻ. കെ. വി. ഡി., എം. വി. ഡി. മുതലായ രഹസ്യപ്പോലീസ് സംഘടനകളെപ്പററിയോ, എതിരാളികളെ നിർമ്മൂലമാക്കുന്ന അവരുടെ പ്രവർത്തനരീതികളെപ്പററിയോ അദ്ദേഹത്തോടു പറഞ്ഞിട്ടില്ല. അവരുടെ മതവിശ്വാസത്തിൽ ജീവിക്കണമെന്നും ജനകീയമായ ഭരണസിദ്ധാന്തങ്ങൾ സ്വീകരിക്കണമെന്നും വാദിക്കുന്ന കാരണത്താൽമാത്രം നാനാതരത്തിലുള്ള തടവുശിക്ഷകൾ അനുഭവിച്ചുപോരുന്ന ദുർഭഗരായ ജനങ്ങളെ അദ്ദേഹം സന്ദർശിച്ചിട്ടില്ല. റഷ്യയിലും മററു കമ്മ്യൂണിസ്റ്റ്രാജ്യങ്ങളിലും അനുഗൃഹീതരായ ചുരുക്കംപേരെ ഒഴിച്ചാൽ ബാക്കിയുള്ളവരെല്ലാം അടിമകളാണെന്നുള്ളതു് ഒരു തുറന്ന പരമാർത്ഥമാണു്. എല്ലാം കാണുന്ന, എല്ലാമറിയുന്ന സർവ്വശക്തവും സ്വേച്ഛാജഡിലവുമായ ഒരു രാഷ്ട്രശക്തിയാണു് റഷ്യയിലുള്ളതു്. അതു പ്രായപൂർത്തിയായ ഓരോ പൗരന്റേയും പ്രവർത്തനങ്ങളെ അനുധാവനം ചെയ്തുകൊണ്ടിരിക്കുകയാണു്. അതുകൊണ്ടു് ഓരോ പൗരനും ഓരോ ദിവസവും ഓരോ നിമിഷവും നാമമാത്രമായ ഏതെങ്കിലും കാരണത്തിന്മേൽ അറസ്റ്റു് ചെയ്യപ്പെട്ടേക്കുമെന്നുള്ള ആശങ്കയിൽ കഴിഞ്ഞുകൂടുകയാണു്. ഈ വസ്തുതകളെയെല്ലാം വിസ്മരിച്ചുകൊണ്ടു്, അവിടെ കർട്ടനുമില്ല, ഇരുമ്പുമില്ല എന്നും മററും ഒരാൾക്കു എങ്ങിനെ പറയുവാൻ കഴിയും? റഷ്യയിലുള്ള യഥാർത്ഥവസ്തുതകൾ വിദഗ്ദ്ധമായ കമ്മ്യൂണിസ്റ്റു് പ്രചരണംമൂലം മൂടിവെച്ചിരിക്കുന്നു എന്നുള്ളതു് നിരാശാജനകമാണു്. വഞ്ചനയ്ക്കു വിദഗ്ദ്ധന്മാരാണല്ലോ കമ്മ്യൂണിസ്റ്റുകൾ."

റഷ്യയും റഷ്യയുടെ ഏതാനും ഉപഗ്രഹരാജ്യങ്ങളും സന്ദർശിച്ചശേഷം യുഗോസ്ലാവിയായിൽ വച്ചു പണ്ഡിററു നെഹ്റു ചെയ്ത ഒരു പ്രസ്താവനയിൽ മേലുദ്ധരിച്ച അഭിപ്രായത്തിൽനിന്നും വിഭിന്നമായ അനുഭവം സാക്ഷ്യപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. അദ്ദേഹം പറഞ്ഞു:- "നാം പലപ്പോഴും കേട്ടറിഞ്ഞിട്ടുള്ള ഒന്നാണു് ഇരുമ്പുമറ എന്നതു്. അതു കുറെയെല്ലാം ശരിയാണെന്നു് എനിക്കും തോന്നുന്നു. പക്ഷെ ഏററവും വലിയ ഇരുമ്പുമറ നമ്മുടെ മനസ്സിനു ചുറവും കെട്ടിച്ചമച്ചിട്ടുള്ളതാണു്." യാതൊരുത്തരുടേയും മുഖംനോക്കാതെ തന്റെ അനുഭവങ്ങളേയും ആദർശങ്ങളേയും ലോകോപകാരത്തിനു യോജിക്കുന്നവിധത്തിൽ ബുദ്ധിപൂർവ്വം പ്രകടമാക്കുന്നതിൽ പ്രഖ്യാതനായ നമ്മുടെ പ്രധാനമന്ത്രിയുടെ റഷ്യൻസന്ദർശനം തക്കകാലത്തു റഷ്യയെപ്പററി കൂടുതൽ മനസ്സിലാക്കുന്നതിനു നമുക്കു സൗകര്യം നൽകുന്നതാണു്.

x x x

### പഞ്ചശീലതത്വങ്ങൾ അംഗീകരിക്കുന്ന

## ഉടമ്പടികൾ

പഞ്ചശീലങ്ങൾ എന്നറിയപ്പെടുന്ന അഞ്ചു തത്വങ്ങളെ ഉള്ളടക്കിക്കൊണ്ടുള്ള ഉടമ്പടികൾ നെഹ്റു ഈയിടെ സന്ദർശിച്ച കമ്മ്യൂണിസ്റ്റ്രാജ്യങ്ങളുമായി ഒപ്പുവച്ചു എന്നുള്ളതു് ലോകസമാധാനസ്ഥാപനമാർഗ്ഗത്തിൽ ഗണ്യമായ ഒരു പുരോഗതിയെക്കുറിക്കുന്നതാണു് എന്നു പറയാം. റഷ്യയും, കമ്മ്യൂണിസ്റ്റ്ചൈനയും, പോളണ്ടും ഇന്ത്യയുമായി ഈവക ഉടമ്പടിയിൽ ഒപ്പുവച്ചുകഴിഞ്ഞിട്ടുണ്ടു്. ഈ ഉടമ്പടികളും സംയുക്തപ്രസ്താവനകളും അതിൽതന്നെ ശുഭകരമായ ഒരു സംരംഭമാണെങ്കിലും ഓരോ രാജ്യങ്ങളും അവയിലടങ്ങിയിരിക്കുന്ന വ്യവസ്ഥകളെ വിശ്വസ്തതാപൂർവ്വം നിറവേററുന്നില്ലായെങ്കിൽ ഇതെല്ലാം വെറും ജലരേഖകളായി കലാശിക്കുകയേയുള്ളു. ഈ വ്യവസ്ഥകളെ നിറവേററുന്നതിൽ ഇന്ത്യാ യാതൊരു വിമുഖതയും പ്രദർശിപ്പിക്കുകയില്ല എന്നു എല്ലാവർക്കും വിശ്വാസമാണു്. പക്ഷെ കമ്മ്യൂണിസ്റ്റുകളായ ഇതരകക്ഷികൾ എത്രമാത്രം വിശ്വസ്തത പ്രകടിപ്പിക്കുമെന്നു പൊതുജനങ്ങളും ഇതരരാഷ്ട്രങ്ങളും സംശയിക്കുന്നതു അകാരണമാണെന്നു പറയാൻ നിവൃത്തിയില്ല. മഹത്തായ ഉടമ്പടികൾക്കു അതെഴുതുന്ന കടലാസിന്റെ വിലപോലും കല്പിക്കാത്തതും, അതിലെ മഷിയുണങ്ങുന്നതിനുമുമ്പുതന്നെ അതിലെ വ്യവസ്ഥകളെ ലംഘിക്കുന്നതുമായ ഒരു പാരമ്പര്യമാണു് കമ്മ്യൂണിസ്റ്റുകൾ ഇതുവരെയും അനുഷ്ഠിച്ചുപോന്നിട്ടുള്ളതു്. അതുകൊണ്ടാണു് ഈ ഉടമ്പടിവ്യവസ്ഥകളെ സംബന്ധിച്ചും അശുഭാപ്തിവിശ്വാസം നിലകൊള്ളുന്നതു്. ലോകത്തിന്റെ ഈ അവിശ്വാസം ദൂരീകരിക്കുന്നതിനു ഉടമ്പടിയിലേർപ്പെട്ടിരിക്കുന്ന രാജ്യങ്ങൾ അടിയന്തിരമായി ചെയ്യാവുന്നതും ചെയ്യേണ്ടതുമായ പല കാര്യങ്ങളുമുണ്ടു്. ഉദാഹരണമായി പഞ്ചശീലങ്ങളിൽ ഒന്നാമത്തേതു ഓരോ രാജ്യവും മററു രാജ്യത്തിന്റെ അതിർത്തികളേയും അധികാരത്തേയും പരസ്പരം ആദരിച്ചുകൊള്ളാമെന്നാണു്. ആദ്യത്തെ ഉടമ്പടി രാജ്യമായ ചൈനാ ഒരു ഭൂപടം വച്ചു സൂക്ഷിക്കുന്നുണ്ടു്. അതിൽ ഇന്ത്യയുടെ 39000ത്തിൽപരം ചതുരശ്രമൈൽ സ്ഥലം ചൈനയുടേതായിട്ടാണു് കാണിച്ചിട്ടുള്ളതു്. ഈ ഭൂപടം ചൈനീസ്ഗവമ്മേണ്ടുതന്നെ ഔദ്യോഗികമായി തയാറാക്കിയിട്ടുള്ളതുമാണു്. അതിലുൾപ്പെടുത്തിയിട്ടുള്ള ഇന്ത്യയുടേതായ ആസാമിന്റെ ഭാഗങ്ങളും കാഷ്മീരിന്റെ ഭാഗങ്ങളും മററും വെട്ടിമാററി അതിർത്തിരേഖയെ ആദരിക്കുന്നതിനു ചൈന സന്നദ്ധമാകുമോ? ഇന്നുവരെയും ആ സന്നദ്ധത ദൃശ്യമായിട്ടില്ല. മാത്രമല്ല, ഇതേപ്പററി സൂചിപ്പിച്ചപ്പോൾ തൽക്കാലം സമയമില്ല എന്നു നീരസഭാവത്തിൽ പറഞ്ഞതായും അറിയുന്നു. പഞ്ചശീലങ്ങളിലെ മൂന്നാമത്തെ വ്യവസ്ഥ, സാമ്പത്തികമോ, രാഷ്ട്രീയമോ, ആദർശപരമോ ആയ യാതൊരു കാരണങ്ങളാലും ഒരു രാജ്യം ഇതരരാജ്യത്തിന്റെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുകയില്ല എന്നാണു്. ഈ വ്യവസ്ഥയിൽ ഉറച്ചുനില്ക്കണമെന്നു റഷ്യക്കു ആത്മാർത്ഥമായ ഉദ്ദേശ്യമുണ്ടെങ്കിൽ ഉടനെ ചെയ്യേണ്ട ഒരു കാര്യമുണ്ടു്. കഴിവുള്ള എല്ലാ രാജ്യങ്ങളിലും റഷ്യ സംഘടിതമായി പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രസ്ഥാനമാണു കോമിൻഫോം എന്നറിയപ്പെടുന്നതു്. റഷ്യയുടെ നയപരിപാടികൾക്കനുസരിച്ചു പ്രസ്തുത രാജ്യങ്ങളുടെ ആഭ്യന്തരകാര്യങ്ങളിൽ സർവ്വപ്രകാരേണയും കൈകടത്തുന്ന ഒരേർപ്പാടാണതു്. നെഹ്റുവിന്റെ റഷ്യൻ സന്ദർശനാവസരത്തിൽ കോമിൻഫോം പിരിച്ചുവിട്ടിരിക്കുന്നതായി ബാഹ്യമായ ഒരു ഭംഗിവാക്കെങ്കിലും മാർഷൽ ബുൾഗാനിനിൽനിന്നു ഉണ്ടാകുമെന്നു ലോകം പ്രതീക്ഷിച്ചു. പക്ഷെ അതേപ്പററി ശബ്ദിച്ചുകേട്ടില്ല. പ്രധാനമന്ത്രിമാർ സംയുക്തപ്രസ്താവനമൂലം പഞ്ചശീലങ്ങൾക്കു ഒപ്പുവച്ചിരിക്കുന്ന സ്ഥിതിക്കു ഇന്ത്യയിൽ അഹോരാത്രം നടന്നുകൊണ്ടിരിക്കുന്ന കോമിൻഫോം പ്രവർത്തനം ഒരു നിമിഷംപോലും തുടരുന്നതു് ഉടമ്പടിയുടെ വ്യക്തമായ അനാദരമായിരിക്കുകയില്ലേ? റഷ്യ ഇക്കാര്യത്തിൽ എന്തുചെയ്യുന്നു? അതുകൊണ്ടു ഉടമ്പടികളെ ആദരിക്കുന്നതിനു കമ്മ്യൂണിസ്റ്റ്രാജ്യങ്ങൾ സ്പഷ്ടമായ നടപടികളെടുക്കുന്നില്ലായെങ്കിൽ അവയെപ്പററി നിലവിലുള്ള പൊതുജനാഭിപ്രായം ദൃഢമൂലമാകുക വെറും സ്വാഭാവികമായിരിക്കും. ശ്രീ നെഹ്റുവിന്റെ ലോകസമാധാനാർത്ഥമുള്ള അത്യദ്ധ്വാനങ്ങൾ വിഫലങ്ങളാവുകയും കമ്മ്യൂണിസ്റ്റ്രാഷ്ട്രങ്ങൾ അദ്ദേഹത്തെ ഒരിക്കൽക്കൂടി വഞ്ചിച്ചു എന്നതുമാത്രം അവശേഷിക്കുകയും ചെയ്യും.


## ക്രിസ്തുരാജനഴ്സിംഗ് ഹോം

### എറണാകുളം നോർത്ത്

**മെഡിക്കൽ സിസ്റ്റേഴ്സ് നടത്തുന്ന**

ദൂരസ്ഥലങ്ങളിൽനിന്നും വരുന്ന രോഗികളെ കിടത്തി ചികിത്സിക്കുന്നതു കൂടാതെ മററു ആസ്പത്രികളിൽനിന്നും വിടുതൽ ചെയ്യുന്ന രോഗികൾക്കു കൂടുതൽ വൈദ്യസഹായവും പരിചരണയും (Convalescent Home) ഇവിടെ ലഭിക്കുന്നതാണു്. പൈപ്പുവെള്ളം. ഇലക്ട്രിക്കലൈററു്, ഫാൻ മുതലായ സുഖസൗകര്യങ്ങളുണ്ടു്.

**സിസ്റ്റർ സുപ്പീരിയർ**


## അടുത്തയാഴ്ചയിൽ

ജൂലൈ

14 വ്യാ: വി. ബൊനവന്തൂരാ
15 വെ: വി. യാക്കോബു്
16 ശ: കർമ്മേലമാതാവു്
17 ഞാ: പന്തക്കുസ്താ 7-ാംഞായർ
18 തി: വി. കമില്ലോസ്
19 ചൊ: വി. വിൻസെൻറു് ഡി പോൾ
20 ബു: വി. മർഗരീത്താ

## കണ്ടതു കൊണ്ടാൽ

(10-ാം പേജു് തുടർച്ച)

പൊതുവെ തീരുമാനിക്കപ്പെട്ടു. അങ്ങിനെ മനസ്സില്ലാമനസ്സോടെ അയാൾ അതിനു സമ്മതിച്ചു.

അദ്ധ്വാനിച്ചു ക്ഷീണിച്ചു് എല്ലാവരും അങ്ങുമിങ്ങും ഇരുന്നു. കുചേലനും കുബേരനും പണ്ഡിതനും പാമരനും യുവാവും വൃദ്ധനും എല്ലാവരും ഒരുപോലെ പ്രയത്നിച്ചു ക്ഷീണവിവശരായിരിക്കയാണു്. വക്കിച്ചേട്ടന്റെ വീട്ടിൽനിന്നു കാപ്പി കൊണ്ടുവന്നു! ഒരു വലിയ കലം നിറയെ. കുടവൻ ചട്ടികളും പിഞ്ഞാണങ്ങളും എടുത്തു് അതു പകന്നു. ഒരു ചെറുപ്പക്കാരൻ അല്പം രുചിച്ചുനോക്കിയിട്ടു അതു നിലത്തൊഴിച്ചു. തുടന്നു പലരും. കാര്യമറിയാതെ മററുള്ളവർ വിഷമിച്ചു. പഞ്ചായത്തുമെമ്പർ കലത്തിലെ കാപ്പിവെള്ളത്തിൽ ഒരു സൂക്ഷ്മപരിശോധന നടത്തി. കാപ്പിച്ചെടിയുടെ തളിരിലകൾ അതിൽ കിടക്കുന്നു. അയാൾ അല്പം രുചിച്ചുനോക്കി. കടും കയ്പാണു്. ഒരു വിധത്തിലും ഇറക്കാൻ പാടില്ല.

x x x

### III

അർദ്ധരാത്രി; കോരിച്ചൊരിയുന്ന ഘോരമാരി. വാനമണ്ഡലം അടന്നുവീഴുമോ എന്നു തോന്നുമാറുള്ള ഭയങ്കരമായ ഇടിമുഴക്കം. ചക്രവാളംമുതൽ ചക്രവാളംവരെ ആഞ്ഞടിക്കുന്ന കൊടുങ്കാററു്. വക്കിച്ചേട്ടൻ എഴുന്നേററു വിളക്കു കത്തിച്ചു. അതു തൽക്ഷണം കെട്ടുപോയി. വാതിൽ ബലമായി അടച്ചുപൂട്ടിയിട്ടു് അയാൾ വീണ്ടും നെരിപ്പോടിൽ തീ ഊതിക്കത്തിച്ചു. കുറെ സമയം അയാൾ തീ കാഞ്ഞു. കൈയും കാലുമൊക്കെ ചൂടുപിടിപ്പിച്ചു.

വക്കിച്ചേട്ടൻ ഒരു പൂച്ചയെപ്പോലെ ഒച്ചയുണ്ടാക്കാതെ നടന്നുചെന്നു് അറതുറന്നു. അയാൾ പണപ്പെട്ടി പരിശോധിച്ചു. ആ കാളരാത്രിയിൽ വല്ലകള്ളന്മാരും കടന്നു അതു തട്ടിക്കൊണ്ടു പോകുമോ എന്നുള്ള ഭയം അയാളെ അലട്ടി. അതാ! അഞ്ചിന്റെയും പത്തിന്റേയും നൂറിന്റെയും നോട്ടുകൾ അവിടെ അടുക്കിയടുക്കി വച്ചിരിക്കുന്നു. അയാൾ അവയെല്ലാം ഒന്നുകൂടി എണ്ണി നോക്കി. ഒട്ടും കുറവില്ല. തികഞ്ഞ കൃതാർത്ഥതയോടെ പെട്ടിയും അറയും പൂട്ടിയിട്ടു് ആ മനുഷ്യൻ താക്കോലുകൾ സ്വന്തം അരയിൽത്തന്നെ കെട്ടിവച്ചു.

വക്കിച്ചേട്ടൻ വിളക്കണച്ചു പിന്നെയും കിടന്നു. നെരിപ്പോടിൽ തീ പുകഞ്ഞുകൊണ്ടിരുന്നു.

"വക്കിച്ചായാ...വക്കിച്ചായാ" കൂരിരുട്ടും ഘോരമാരിയും ഭേദിച്ചു ആ ശബ്ദം അയാളുടെ ചെവികളിൽ ചെന്നലച്ചു.

"ആരാടാ! ഈ നട്ടപ്പാതിരാക്കു്?" വക്കിച്ചേട്ടൻ ക്ഷോഭ്യപ്പെട്ടു. രാത്രിയിൽ ആരും ഒരു കാര്യത്തിനും തന്റെ വീട്ടിൽ ചെല്ലുന്നതു് അയാൾക്കിഷ്ടമല്ല. അതിലും പ്രത്യേകിച്ചു ബന്ധുജനങ്ങൾ. അവർക്കു പണസംബന്ധമായ എന്തെങ്കിലും ആവശ്യമുണ്ടായിരിക്കുമെന്നു് അയാൾക്കറിയാം. കൂട്ടത്തിലുള്ളവർക്കു കൊടുത്താൽ നെററിക്കു വരച്ചുകൊണ്ടാൽ മതി എന്നു അയാൾതന്നെ പറയാറുണ്ടു്. അച്ചായനെന്നും അമ്മാവനെന്നും പറഞ്ഞു വല്ലതും ലാക്കിൽ തട്ടിക്കൊണ്ടുപോകാൻ ചെന്നിരിക്കുന്നു.

"ഞാനാണേ, മാത്തുക്കുട്ടി"

"ഞാനാണേകിത്തുക്കുട്ടി, പോ നേരം വെളുത്തുവാ."

"അയ്യോ, അതുപോരാ, ഒരത്യാവശ്യം........"

"അത്യാവിശ്യോംകൊണ്ടു പോകാൻ പറഞ്ഞില്ലേടാ......"

"അങ്ങിനെ പറയല്ലേ വക്കിച്ചായാ! ദേ ഗോവിന്ദക്കയ്മളും കൂടെയുള്ളതു്. കുറച്ചുപണയോം കൊണ്ടാ വന്നിരിക്കുന്നതു്."

പണയമെന്നു കേട്ടപ്പോൾ വക്കിച്ചേട്ടന്റെ കോപം ഒട്ടു കുറഞ്ഞു.

പണയമോ? എന്നാ പണയമാടാ."

"കുറെ സ്വർണ്ണമുരുപ്പടികളാണേ."

കുറെ സമയത്തെ നിശ്ശബ്ദത. പിന്നെയും അവിടെ ദീപം പ്രകാശിച്ചു. കതകുകളിൽ ഒന്നു തുറക്കപ്പെട്ടു. വക്കിച്ചേട്ടൻപുറത്തേക്കു തലനീട്ടി. മാത്തുക്കുട്ടിക്കൈകെട്ടിഓച്ഛാനിച്ചുനിന്നു. ഇരുട്ടിനെ വാരിപ്പിടിച്ചു കയ്മൾ വിസ്മരിച്ചൊന്നു തൊഴുതു. അവർ ഇരുവരും വല്ലാതെ നനഞ്ഞിട്ടുണ്ടു്.

"ഇങ്ങോട്ടുകേറിൻ." വക്കിച്ചേട്ടൻ വാതില്ക്കൽനിന്നു മാറി. അവർ ഇരുവരും അകത്തു പ്രവേശിച്ചു.

കയ്മൾ ഒരു ആജാനുബാഹുവാണു്. ഓടിക്കിതച്ചുവന്നിട്ടായിരിക്കാം അയാൾ അണയ്ക്കുന്നതു്.

"ഇങ്ങേരേതാ ..."

"അയ്യോ നമ്മുടെ കോലോത്തു കൃഷ്ണക്കയ്മളുടെ അനന്തിരവന്റെ ബന്ധുക്കാരനല്ലേ?" മാത്തുക്കുട്ടി പരിചയപ്പെടുത്തി. "കൃഷ്ണക്കയ്മളു് ഞാനറിയും. ഇവിടെവന്നു രൂപായൊക്കെ വാങ്ങിച്ചോണ്ടുപോകും. പിടിപ്പതു് ഈടുതരും. നല്ല പലിശയും."

"അദ്ദേഹത്തിന്റെ അനന്തിരവന്റെ സംബന്ധക്കാരിയുടെ ഉടപ്രന്നോനാണ ഞാൻ." കയ്മൾ ഒന്നുകൂടി വിശദീകരിച്ചു.

"ഇരുന്നാട്ടെ" വക്കിച്ചേട്ടൻ പുല്പായ് നിവത്തിട്ടുകൊടുത്തു. കയ്മൾ ഇരുന്നു. മാത്തുക്കുട്ടി കട്ടിൽപ്പടിയിൽ പിടിച്ചുകൊണ്ടുനിന്നതേയുള്ളു.

"പിന്നെന്നാ കൊച്ചുയ്മള വന്നതു്?"

"എന്റെ മൂത്തമാപ്പേ! ഒരത്യാവശ്യം. നാളെ പരാന്നു വെളുക്കുമ്പം അഞ്ഞൂറു രൂപാവേണം. നമ്മുടെ ഭാര്യ തിരുവനന്തപുരത്തു്

ആശുപത്രീയിലാ. നാളെ ഒരോപ്പറേഷൻ നടക്കും. രൂപാ കൂടിയേ കഴിയൂ. അതുകൊണ്ടു് അവളുടെയും ഉടപ്രന്നോരുടെയും കാതും കഴുത്തുമൊക്കെ പറിച്ചുകൊണ്ടുന്നീരിക്യാ. നേരം വെളുക്കാതെ ബാങ്കിലെങ്ങും വയ്ക്കാൻ നിവൃത്തിയില്ല." കയ്സർ ഒററശ്വാസത്തിൽ പറഞ്ഞു. എന്നിട്ട മടിയിൽനിന്നു് ഒരു കടലാസുപൊതി എടുത്തു നിവർത്തുവച്ചു.

വക്കീച്ചേട്ടൻ അതു പരിശോധിച്ചുനോക്കി. മാല, നെക്ക്ലേസ്, വള, കമ്മൽ, എന്നിങ്ങനെ വിവിധാഭരണങ്ങളായി ഇരുപതിൽപ്പരം പവൻെറ ഉരുപ്പടികൾ. എല്ലാം തനി മാററിലുള്ള സ്വർണ്ണം.

"രൂപായൊന്നുമിരിപ്പില്ലല്ലോ കൊച്ചുയ്സളെ!"

"അയ്യോ അങ്ങിനെ പായരുതേ. അത്യാവശ്യത്തിൻെറ കാര്യമറിയാമല്ലോ."

വക്കീച്ചേട്ടൻ കുറച്ചുസമയം മിണ്ടാതിരുന്നു.

"ആട്ടെ കൊച്ചുയ്സൾക്കു എത്ര രൂപാവേണമെന്നാ പറയുന്നെ."

"കുറഞ്ഞപക്ഷം അഞ്ഞൂറുവേണം. പിന്നെ പണയംനോക്കി മൂത്തമാപ്ലയ്ക്കിഷ്ടമുള്ളതു തന്നാട്ടെ."

വക്കീച്ചേട്ടൻ അകത്തെ മുറിയിലേക്കുപോയി. കതകു ബലമായി അടച്ചു സാക്ഷായിട്ടു. കഴിയുന്നത്ര ശബ്ദമുണ്ടാക്കാതെ അയാൾ അറ തുറന്നു. അല്പംമുമ്പു് എണ്ണിവച്ചുപണത്തിൽനിന്നു നാനൂററിരുപത്തഞ്ചുരൂപാ എടുത്തുകൊണ്ടു തിരിച്ചുവന്നു.

"തേണ്ടെ, ഇത്രേയുള്ളു കൊച്ചുയ്സളെ! ഇതു നാളെ ഒരാൾക്കു കൊടുക്കാൻ വച്ചിരുന്നതാ. ഇതു മതിയെങ്കിൽ കൊണ്ടുപോയാട്ടെ. ഒന്നരപ്പണപ്പലിശയും തരണം. അനീതികേടൊന്നും ഞാൻ പറയേല."

"തരാമല്ലോ." കയ്സർ സവിനയം പറഞ്ഞു.

അയാൾ പണം വാങ്ങി യാത്ര പറഞ്ഞുപിരിഞ്ഞു. വക്കീച്ചേട്ടൻ പണയമുരുപ്പടികൾ എടുത്തുകൊണ്ടു വീണ്ടും അറയിലേക്കുപോയി. ഉരുപ്പടികളുടെ എണ്ണവും തൂക്കവും ഒന്നുകൂടെ തിട്ടപ്പെടുത്തി അവ പ്രത്യേകം പ്രത്യേകം കടലാസ്സിൽ പൊതിഞ്ഞു് അയാൾ ഇരുമ്പുപെട്ടിയിൽവച്ചു പൂട്ടി.

വക്കീച്ചേട്ടൻ വീണ്ടും കിടക്കയിൽ വന്നുചേന്നപ്പോൾ നേരം വെളുപ്പായിരുന്നു. കമ്പിളിവലിച്ചുപുതച്ചു് നീണ്ടുനിവന്നു കിടന്നപ്പോൾ ആ രാത്രിയെപ്പററി തികഞ്ഞ ചാരിതാർത്ഥ്യമാണയാൾക്കനുഭവപ്പെട്ടതു്.

X X X

നേരം എട്ടുനാഴിക പുലന്നു. വക്കീച്ചേട്ടൻ ഉണന്നില്ല. താമസിച്ചെഴുന്നേല്ക്കുക അയാളുടെ പതിവൊന്നുമല്ല. എങ്കിലും തലേരാത്രിയിലെ ഉറക്കമിളപ്പിൻെറ ക്ഷീണമാണു്.

കട്ടൻ കാപ്പിയും കപ്പപുഴുക്കും അയാളെ കാത്തു കട്ടിലിനടുത്തിരിക്കുന്നു. മകൾ ചെന്നു വിളിച്ചെങ്കിലും അയാൾ ഒന്നു ഞരങ്ങിമൂളി തിരിഞ്ഞുകിടന്നതേയുള്ളൂ.

കാക്കിയുടുപ്പും തൊപ്പിയുമണിഞ്ഞു നാലഞ്ചുപേർ അങ്ങോട്ടുകടന്നുചെന്നു. മകൾ വീണ്ടും ചെന്നു വക്കീച്ചേട്ടനെ വിളിച്ചുണത്തി. അയാൾ നിദ്രാഭാരമുള്ള കണ്ണുകളാൽ ആഗതരെ നോക്കി. പോലീസുകാരുടെ മദ്ധ്യത്തിൽ ബന്ധിതനായ കയ്സർ നില്ക്കുന്നു.

"ഫോ! നിങ്ങളെ അറസ്റ്റുചെയ്യുന്നു." ഹെഡ്കോൺസ്റ്റബിൾ പറഞ്ഞു.

"ങേ! എന്തിനു്?" മിഴിച്ച കണ്ണുകളോടെ അയാൾ അമ്പരന്നുനോക്കി.

"ഈ മനുഷ്യൻ ഇന്നലെ മോഷ്ടിച്ചുകൊണ്ടുവന്നു ഇവിടെവച്ചിരിക്കുന്ന ഉരുപ്പടികൾ വേഗം എടുക്കണം...."

"ഇയ്യാളേതാ! ഞാനറിയേല."

"ഫ, മിണ്ടരുതു്. വേഗമെടുക്കു തൊണ്ടിസ്സാധനങ്ങൾ." കോൺസ്റ്റബിൾ ഗർജ്ജിച്ചു.

വ്യോമമണ്ഡലത്തിൽനിന്നു് കാർമേഘങ്ങൾ കട്ടെടുത്ത സൂര്യബിംബത്തെ തിരയുവാൻ പുലരി വ്യഗ്രതകൊള്ളുകയായിരുന്നു.

—ഠ—

# ജൂലൈ 19-ാംനു-

## "പാവങ്ങളുടെ പിതാവിൻെറ തിരുനാൾ"

(ഡേവിഡ് മഹാപിള്ള)

ദൈവസ്നേഹത്തിൻെറ അവിഭാജ്യഘടകമായ പരസ്നേഹം മനുഷ്യനിൽ നൈസർഗ്ഗികമായ ഒരു വാസനയാണു്. ഏതൊരു മനുഷ്യനും ഇതാവശ്യമാണു്. എന്നാൽ ഒരു ക്രിസ്ത്യാനിക്കാകട്ടെ ഇതു അനുപേക്ഷണീയമായ ഒരു കത്തവ്യമത്രെ. അവനു്, നിത്യാനന്ദമണിമന്ദിരമാകുന്ന സ്വർഗ്ഗം തുറക്കുവാനുള്ള സുവർണ്ണതാക്കോലാണിതു്. ഈ പരസ്നേഹത്തിൻെറ പ്രത്യക്ഷപ്രകടനമാണ പരസഹായം. ഇതുവഴി പരസ്നേഹം പരമാവധി പ്രാവത്തികമാക്കി, പണക്കാരനും പാവപ്പെട്ടവനും ഒന്നുപോലെ മാതൃകയും പ്രേരണയുമായി ജീവിച്ച ഒരു സാധാരണ വൈദികനായിരുന്നു വി. വിൻസെൻറു് ഡി പോൾ. ദൈവസ്നേഹത്തിനു അനിവാര്യമായ പരസ്നേഹത്തിനുവേണ്ടി ജീവാർപ്പണംചെയ്ത വിൻസെൻറച്ചൻ പരസ്നേഹത്തിൻെറ പര്യായമായിത്തീന്നു. അദ്ദേഹം പാവങ്ങളെ പരമാവധി സ്നേഹിക്കുകയും സേവിക്കുകയുംചെയ്തു. അതു സ്വയം സംതൃപ്തിക്കോ ലോകബഹുമതിക്കോ വേണ്ടിയല്ല. പ്രത്യുത ക്രിസ്തുവിലുള്ള വിശ്വാസത്താൽ അവരിൽ ക്രിസ്തുവിനെ ദശിച്ചുകൊണ്ടാണു്. അങ്ങനെ അദ്ദേഹം "പാവങ്ങളുടെ പിതാവെ"ന്ന അപരനാമത്തിനർഹനായിത്തീന്നു.

ഈ വിശുദ്ധൻെറ ജീവിതം പരസ്നേഹത്തിനു മകുടോദാഹരണം, അഥവാ ഉത്തമമാതൃകയാണു്. ഈ വിശുദ്ധനും, അവിടുത്തെ ജീവിതമാതൃകകളും കേരളത്തിൽ വേണ്ടപോലെ അറിയപ്പെട്ടിട്ടില്ല. പരസ്നേഹതല്പരരും, പരസ്നേഹപ്രവത്തനങ്ങളിൽ ഏപ്പെട്ടിരിക്കുന്നവരും ഈ വിശുദ്ധനേയും വിശുദ്ധൻെറ ജീവിതാദശങ്ങളേയും പ്രചരിപ്പിക്കുന്നതിനു് പ്രത്യേകം പരിശ്രമിക്കേണ്ടതാണു്. മനുഷ്യനെ പരസ്നേഹതല്പരനാക്കുവാൻ പ്രേരണയും ഉത്തേജനവും നൽകുന്നതിനു ഏററം സഹായകമായ മാർഗ്ഗമാണു് വിൻസെൻറു് പുണ്യവാൻെറ ജീവിതമാതൃകകളെ പ്രചരിപ്പിക്കുന്നതു്. ഇതിനു ഈ വിശുദ്ധൻെറ തിരുനാൾ ഒരു പ്രത്യേക അവസരമായി ഉപയോഗപ്പെടുത്തേണ്ടതാണു്. പരസ്നേഹപ്രവർത്തനതല്പരരായ എല്ലാവരും ഒത്തൊരുമിച്ച സമുചിതമായ പ്രചാരണപരിപാടികളോടുകൂടി ഈ തിരുനാൾ കേരളമെങ്ങും കൊണ്ടാടുന്നെങ്കിൽ അതു അതീവപ്രയോജനകരമായിരിക്കും.

### സെ. വിൻസെൻറു് ഡി പോൾ സഖ്യവും ഈ തിരുനാളും

സെ. വിൻസെൻറു് ഡി പോൾ സഖ്യാംഗങ്ങൾ, തങ്ങളുടെ മദ്ധ്യസ്ഥനായ ഈ വിശുദ്ധൻെറ മരണത്തിരുനാൾ പ്രത്യേകമായാചരിക്കണമെന്നു "സഖ്യനിയമം" അനുശാസിക്കുന്നു. സഖ്യത്തിലെ എല്ലാവിധ അംഗങ്ങൾക്കും ഉപകാരികൾക്കും പൂ

സ്നേഹസ്മാരകം



മൂലൻ ഔസേപ്പു കൊച്ചുമാത്തു
ജനനം 16 7 1946
മരണം 5 7 1955
"ഈശോയുടെ തിരുഹൃദയമെ! എല്ലാം നിന്നെപ്രതി."
R. I. P.


ർണ്ണദണ്ഡവിമോചനം അനുവദിച്ചുകൊണ്ടു് പരി. സിംഹാസനത്തിൽനിന്നു ഈ തിരുനാളാഘോഷത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഈ സഖ്യത്തിൻെറ "കേരളത്തിലെ എല്ലാ ശാഖകളും ഈ തിരുനാൾ ഭക്തിസംവർദ്ധകമായി ആഘോഷപൂർവ്വം കൊണ്ടാടണ"മെന്നു കേരളത്തിലെ വിവിധ സെൻട്രൽ കൗൺസിലുകളിലെ ഭാരവാഹികളുടെ സംയുക്തയോഗം നിർദ്ദേശിച്ചിട്ടുമുണ്ടു്. ഇക്കാര്യത്തിലേക്കു ഓരോ കോൺഫറൻസിൻേറയും സത്വരശ്രദ്ധ പതിയുമാറാകട്ടെ.

ഇത്തവണത്തെ തിരുനാൾ ജൂലൈ 19-ാംനു- ചൊവ്വാഴ്ചയാണു്. തിരുനാൾ ദിനത്തിലോ എട്ടാമിടത്തിനകം എന്നെങ്കിലുമോ ആചരിച്ചാൽമതിയെന്നത്രെ നിയമവ്യവസ്ഥ. ഇതിനു പരി. പിതാവിൻെറ അംഗീകാരവും ദണ്ഡവിമോചനത്തിനുള്ള അനുമതിയുമുണ്ടു്. അതിനാൽ ഇത്തവണ തിരുനാൾ 24-ാംനു- ഞായറാഴ്ച ആഘോഷിക്കുന്നതായിരിക്കും സൗകര്യപ്രദം. ഓരോ കോൺഫറൻസും തിരുനാൾ സംബന്ധിച്ച ഒരു കുർബാന ചൊല്ലിക്കുകയും, എല്ലാവിധ അംഗങ്ങളും ചേന്നു ദിവ്യകാരുണ്യം സ്വീകരിക്കുകയും, ഒരു പൊതുയോഗം നടത്തുകയും ചെയ്യണമെന്നു നിയമം അനുശാസിക്കുന്നു. കഴിയുമെങ്കിൽ ഈ ദിവ്യപൂജയിൽത്തന്നെ അംഗങ്ങളെല്ലാവരും സംബന്ധിക്കുകയും ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്യണം. ബ: വൈദികൻെറ അസൗകര്യംമൂലം അന്നു ദിവ്യപൂജ നടത്തുവാൻ സാധിക്കുന്നില്ലെങ്കിൽ, കോൺഫറൻസിൻെറ ദിവ്യപൂജ അടുത്തൊരു ദിവസം നടത്തിയാൽ മതിയാകും. എന്നാൽ ദിവ്യകാരുണ്യസ്വീകരണവും പൊതുയോഗവും അന്നുതന്നെ നടത്തണം. പൊതുയോഗത്തിനും പൊതുദിവ്യകാരുണ്യസ്വീകരണത്തിനും പ്രോത്സാഹകാംഗങ്ങളേയും സഹായം സ്വീകരിക്കുന്നവരേയും പ്രത്യേകം അറിയിച്ചു സംബന്ധിപ്പിക്കണം. പൊതുയോഗത്തിനു പൊതുജനങ്ങളേയും ക്ഷണിക്കേണ്ടതാണു്. സൗകര്യമെങ്കിൽ പല കോൺഫറൻസുകൾ ഒന്നുചേർന്നു പൊതുയോഗം നടത്തുന്നതും നന്നായിരിക്കും.

ഈ തിരുനാൾ ആഘോഷമായാചരിക്കുന്നതിനു ഒരു സാമാന്യമായ പരിപാടി ഇവിടെ നിർദ്ദേശിച്ചുകൊള്ളട്ടെ.

1. രാവിലെ:- ദിവ്യപൂജ, ദിവ്യകാരുണ്യസ്വീകരണം, വിശുദ്ധനെപ്പററിയുള്ള ഒരു പ്രസംഗം (ദേവാലയത്തിൽ). 2. ഉച്ചകഴിഞ്ഞു്:- പരി. കുർബാനയുടെ ആശീർവ്വാദം, പ്രദക്ഷിണം, തുടർന്നു പൊതുയോഗം. പ്രദക്ഷിണം ജപമാല എത്തിച്ചുകൊണ്ടും സന്ദർഭോചിതമായ സംഗീതത്തോടുകൂടിയും ഭക്തിസംവർദ്ധകമായ രീതിയിൽ നടത്തണം. വിശുദ്ധൻെറ സ്വരൂപമോ ചിത്രമോ ഇല്ലെങ്കിൽ തിരുഹൃദയസ്വരൂപമോ ചിത്രം ഒട്ടിച്ച കൊടിയോ മതിയാകും. പൊതുയോഗത്തിനു അദ്ധ്യക്ഷനായും പ്രാസംഗികനായും നിയോഗിക്കുന്നതു ഈ വിശുദ്ധനേയും, സഖ്യത്തേയും, സഖ്യപ്രവത്തനങ്ങളേയുംപററി സാമാന്യമായ അറിവും താല്പര്യവുമുള്ളവരെ നോക്കിവേണം. തിരുനാളിനൊരുക്കമായി ഒരു നൊവേനയോ, ത്രിദിനാപേക്ഷയോ നടത്തുന്നതു വളരെ നന്നായിരിക്കും.

ഓരോ കോൺഫറൻസും ബ: ആദ്ധ്യാത്മികോപദേഷ്ടാവു (വികാരി) മായി ആലോചിച്ച സന്ദർഭോചിതമായ പരിപാടികളോടുകൂടി എത്രയും പ്രയോജനകരമാംവിധം ഈ തിരുനാൾ കൊണ്ടാടണമെന്നു സവിനയം അനുസ്മരിപ്പിക്കുന്നു. ഇതിനു വേണ്ടിവരുന്ന ചിലവുകൾ വഹിക്കുന്നതിനു ബ: വികാരിയുടെ ആലോചനയോടും അനുമതിയോടുംകൂടി ഒരാളെ—പ്രസേന്തിയെ—കണ്ടെത്തുവാൻ ശ്രമിക്കേണ്ടതാണു്. ആരേയും കിട്ടുന്നില്ലെങ്കിൽ അത്യാവശ്യം വേണ്ട ചിലവുകൾ കോൺഫറൻസിൽനിന്നു വഹിക്കുന്നതിനു നിയമസമ്മതിയുണ്ടു്.




## ഇടവകവാർത്തകൾ

**നിർമ്മലപുരം:** മാർതോമ്മാദിനം പ്രമാണിച്ചു് കോട്ടാങ്ങൽ ഹൈസ്കൂളിലെ എം. സി. എസ്സ്. എല്ലും ചെറുപുഷ്പമിഷൻലീഗിൻെറ കോട്ടാങ്ങൽ, ചുങ്കപ്പാറ, ആലപ്രക്കാട്, നിർമ്മലപുരം, കുളത്തൂർ എന്നീ ശാഖകളും യോജിച്ചു് പ്രസ്തുതസ്ഥാനങ്ങളിൽനിന്നു് റാലികളായി ചുങ്കപ്പാറ സെൻറു ജോർജ് പള്ളിയിൽ ചെന്നു ചേന്നു. വി. കുർബാനയുടെ വാഴ്വിനുശേഷം വി. തോമ്മാശ്ലീഹായുടെ തിരുസ്വരൂപവും വഹിച്ചുകൊണ്ടുള്ള ഘോഷയാത്ര കോട്ടാങ്ങൽ ഹൈസ്കൂളിലെത്തി. അവിടെവച്ചു് റൈററു് റവ. മോൺ. മാത്യു നെടുങ്ങാട്ടിൻെറ അദ്ധ്യക്ഷതയിൽ പൊതുയോഗം നടന്നു. മെ. തോമസ് ജെ. കണയംപ്ലാക്കൽ, വി. ഏ. വറുഗീസ് ബി. എ. എൽ. ററി. എന്നിവർ പ്രസംഗിച്ചു.

**അമ്പാറനിരപ്പേൽ:** സ്ഥലം ചെറുപുഷ്പമിഷൻലീഗിൻെറ ആഭിമുഖ്യത്തിൽ ജൂലൈ 3-ാംനു- ജാതീയദിനം ഇവിടെ ആഘോഷിച്ചിരിക്കുന്നു. രാവിലെ 9 മണിക്കു് സ്ഥലം പ്രൈമറിസ്കൂളിൽ കൂടിയ പൊതുയോഗത്തിൽ റവ. ഫാ. മൈക്കൾ പനച്ചിക്കൽ ആദ്ധ്യക്ഷം വഹിച്ചു. ശ്രീമതി ആൻറണി കുഞ്ഞമ്മയും, ശ്രീ ററി. ജെ. ജേക്കബും ഓരോ പ്രസംഗം ചെയ്തു. പാപ്പാമംഗളത്തോടുകൂടി മീററിംഗ് അവസാനിച്ചു.

**കോടിക്കുളം:** സ്ഥലം അ. കേ. ക. കോൺഗ്രസ്സ് ശാഖയുടെ ഒരു പൊതുയോഗം ജൂലൈ 3-ാംനു- ഞായറാഴ്ച റവ. ഫാദർ ജോൺ പയ്യപ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ കൂടി കൊൺ. പ്രസിഡണ്ടുസ്ഥാനത്തേക്കു Dr. പി. ജെ. തോമസ് അവർകളെ നാമനിർദ്ദേശം ചെയ്തിരിക്കുന്നു. ശാഖാപ്രസിഡണ്ടു്, സെക്രട്ടറി, പുതിയ കമ്മിററി ഇവരെ തെരഞ്ഞെടുക്കുകയുമുണ്ടായി.

**തേവര:** സേക്രഡ് ഹാർട്ടു് കോളേജിലെ കാത്തലിക്കു് സ്റ്റുഡൻസ് യൂണിയൻേറയും, സൊഡാലിററിയുടേയും ഈ വർഷത്തെ പ്രവത്തനം ഭാരവാഹികളുടെ തെരഞ്ഞെടുപ്പോടുകൂടി ആരംഭിച്ചിരിക്കുന്നു.

സംഘടനകളുടെ ഉൽഘാടനം സെൻറു് തോമസ് ദിനാഘോഷസമ്മേളനാവസരത്തിൽ, റവ. ഫാ. സെറാക്കു് എസ്സ്. ജെ. (ജനാൽചാപ്ലയിൻ A·I·C·U·F·) നിർവ്വഹിച്ചു. ഉൽഘാടനാനന്തരം ശ്രീവി.എം. മാത്യു IIU·C·യുടേയും, ശ്രീജോസഫ് എം.മഠത്തിൽ B· A· L L·B· യുടേയും പ്രസംഗങ്ങൾ നടന്നു.

**ചെങ്ങളം:** ഈ പള്ളിയിൽ വി. തോമ്മാശ്ലീഹായുടെ തിരുനാൾ ജൂലൈ 3-ാംനു- ഞായറാഴ്ച കൊണ്ടാടി. പള്ളിയിലെ തിരുകമ്മങ്ങൾക്കുശേഷം ആഘോഷമായ പ്രദക്ഷിണവും അതേതുടന്നു് ഒരു പബ്ളിക്കു് മീററിംഗുംനടത്തി. വികാരിറവ.ഫാ. ജോസഫ് ഓണംകുളംആദ്ധ്യക്ഷം വഹിച്ചു. ശ്രീപി.ജെ. ജോസഫ് B· Sc· ശ്രീ പി. ററി. തോമസ് B· Sc· എന്നിവർ ഓരോ പ്രസംഗം ചെയ്തു. ഉച്ചകഴിഞ്ഞു് മിഷൻലീഗംഗങ്ങൾ നാലുമണിമുതൽ അഞ്ചുമണിവരെ ഒരു മണിക്കൂർ ആരാധന നടത്തി. അതിൻെറ ശേഷം മിഷൻലീഗംഗങ്ങളുടെ ഒരു യോഗം കൂടുകയും അംഗങ്ങളിൽ പലരും പ്രസംഗിക്കുകയും ചെയ്തു.

**അമയന്നൂർ:** മണർകാട്ടു പള്ളിഇടവക കണിയാൻപാമ്പിൽ കുടുംബാംഗമായ ശ്രീ അബ്രാഹം വെട്ടിക്കുന്നേൽ അവർകൾ കത്തോലിക്കാസഭയിലേക്കു് പുനരൈക്യപ്പെട്ടിരിക്കുന്നു. ഈയിടെ ഇവിടെവച്ചു കത്തോലിക്കാസഭയിൽ ചേന്ന ശ്രീ മാത്യു വെളിച്ചപ്പാട്ടു് പുത്തൻപുരയിൽ അവർകൾ യാക്കോബായസഭയിലെ മണർകാട്ടു ഇടവക അമയന്നൂർ സൺഡേസ്കൂൾ അദ്ധ്യാപകനും ഖജാൻജിയും ഒരു സജീവപ്രവത്തകനുമായിരുന്നു.

(ശേഷം 5-ാംപേജിൽ)

# പ്രോട്ടസ്റ്റൻറ മെത്രാൻ ക്രിസ്തീയ പുനരൈക്യത്തെപ്പററി

(ഫാദർ തോമസ് മണ്ണംഞ്ചേരി)

പ്രോട്ടസ്റ്റൻറു മതം പരസ്പര വിരുദ്ധങ്ങളായ അനേകം സഭകളായി പിരിഞ്ഞിരിക്കുകയാണല്ലോ. ഈ കാരണത്താൽ ക്രിസ്തീയപുനരൈക്യത്തിനു വേണ്ടി പ്രോട്ടസ്റ്റൻറുകാർ മുന്നിട്ടുനിന്നു് തീക്ഷ്ണതാപൂർവ്വം പ്രവർത്തിച്ചു കൊണ്ടാണിരിക്കുന്നതു്. ഈഅടുത്തകാലത്തു് അമേരിക്കയിൽ എയിൻസ്റ്റെയിനിലും അതിനുമുമ്പു് സ്വീഡനിലും ജരുസലേത്തും മററു പലേസ്ഥലങ്ങളിലും വച്ചു് പുനരൈക്യാലോചനകൾ നടക്കുകയും പുനരൈക്യത്തിനു വേണ്ടിയുള്ള വിഭിന്ന ക്രിസ്തീയസംഘടനകളുടെ മഹാസമ്മേളനങ്ങൾ കൂടുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുതയോഗങ്ങളിൽ അനേകം മഹാന്മാരുടെ പ്രസംഗങ്ങളും ക്രിസ്തീയപുനരൈക്യത്തെപ്പററിയുള്ള ചർച്ചകളും നടന്നിട്ടുണ്ടു്. എന്നാൽ മേൽ വിവരിച്ച യോഗങ്ങളിൽ ഒന്നിലെങ്കിലും പുനരൈക്യത്തെപ്പററിയുള്ള പ്രായോഗികമായ യാതൊരു പദ്ധതിയും ആവിഷ്കരിക്കയോ നിർദ്ദേശിക്കപ്പെടുകയോ ചെയ്യുക ഉണ്ടായിട്ടില്ലാ. പുനരൈക്യസമ്മേളനങ്ങളുടെയെല്ലാം ഫലമായി, ക്രിസ്ത്യാനികളിൽ ഒരു ഗണ്യമായ വിഭാഗം ഇന്നത്തെപ്പോലെ ഛിന്നഭിന്നമായ നിലയിൽ കഴിഞ്ഞുകൂടുന്നതു അത്യന്തം നിർഭാഗ്യകരമാണെന്നും അതിനാൽ വിഭിന്ന ക്രിസ്തീയ വിഭാഗങ്ങളുടെ ഇടയിലുള്ള ഭിന്നതകൾ അവസാനിപ്പിച്ചു് അവർ എല്ലാവരും ഏകസഭയായി തീരേണ്ടതു് ഒഴിച്ചുകൂടാത്ത ആവശ്യമാണെന്നും എല്ലാവർക്കും ബോദ്ധ്യമായിക്കഴിഞ്ഞിട്ടുണ്ടു്.

ഈ അടുത്തകാലത്തു് മദ്രാസിലേക്കു നിയമിക്കപ്പെട്ട പ്രോട്ടസ്റ്റൻറു മെത്രാനായ ഡോക്ടർ ഡേവിഡ് ചെല്ലപ്പാ തിരുമേനി ക്രിസ്തീയപുനരൈക്യത്തെ പരാമർശിച്ചു് ചില പ്രസ്താവനകൾ നടത്തുകയുണ്ടായി. ചില വിദേശപത്രങ്ങളിൽ പോലും ഈ പ്രസ്താവനകൾക്കു് സ്ഥാനം ലഭിച്ചു. ബിഷപ്പു് തിരുമേനിയുടെ ബഹുമാനാർത്ഥം ഇൻഡ്യൻ ക്രിസ്ത്യൻ അസ്സോസിയേഷൻെറ വകയായി ഒരു സ്വീകരണസല്ക്കാരം നടത്തപ്പെട്ടു. വിവിധജാതിമതസ്ഥരായ അനേകം പ്രമുഖവ്യക്തികൾ ഈ സല്ക്കാരത്തിൽ സംബന്ധിച്ചു. പ്രസ്തുതസമ്മേളനത്തിൽ ബിഷോപ്പു് ചെല്ലപ്പാതിരുമേനിയെ അനുമോദിച്ചുകൊണ്ടു് പലരും നടത്തിയ പ്രസംഗങ്ങൾക്കു് മറുപടി പറഞ്ഞുകൊണ്ടു്, ഒരു നാട്ടുകാരനായ മെത്രാനെ നാനാജാതിമതസ്ഥരുൾപ്പെടെയുള്ള ഒരു മഹാജനസംഘം ഇപ്രകാരം ബഹുമാനിക്കയും അനുമോദിക്കയും ചെയ്തതിൽ അദ്ദേഹം ഹാർദ്ദമായ കൃതജ്ഞത പ്രകാശിപ്പിച്ചു. തുടന്നു് അദ്ദേഹം ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി. "ക്രിസ്തീയസഭ ഒരു ദേശീയസഭ മാത്രമല്ലാ, അതിൻെറ വിശ്വാസത്തിൽ അതു അന്തർദ്ദേശീയവും ആകുന്നു. അതുഒരേസമയത്തു ദേശീയവും അന്തർദ്ദേശീയവും ആയിരിക്കേണ്ടതു് ആവശ്യമാകുന്നു." ഇന്നത്തെസാഹചര്യങ്ങളെപ്പററിയും ഇന്നത്തെ സ്ഥിതിഗതികളിൽ ക്രിസ്ത്യാനികൾക്കുള്ള കടമകളെപ്പററിയും പ്രസ്താവിച്ചശേഷം ക്രിസ്ത്യാനികൾ തമ്മിൽ യോജിക്കേണ്ടതു് ഇന്നത്തെ ഒരു വലിയ ആവശ്യമാണെന്നു് അദ്ദേഹം വെളിപ്പെടുത്തി. ഇതിനെ തുടന്നു് അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചു:

"ഇന്നു് ഇൻഡ്യയിൽ ക്രിസ്ത്യൻപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന അനേകം സംഘടനകളും ഏജൻറന്മാരും വ്യക്തികളും ഉണ്ടു്. എന്നാൽ ഈ പ്രവർത്തനങ്ങളെ എല്ലാം സംഘടിപ്പിക്കായ്ക നിമിത്തം ചില സ്ഥലങ്ങളിൽ ആവശ്യത്തിലധികം പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഈ കാര്യത്തിൽ ഏററം വലിയ ഐക്യത്തോടും ശരിയായ സംഘടനയോടും കൂടി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന മഹത്തായ റോമ്മാ സഭയെപ്പററി നാം വിസ്മയിക്കേണ്ടിയിരിക്കുന്നു. ആ സഭയുടെ അംഗങ്ങൾ ഏവരും മാതൃസഭയോടു ഏററം വലിയ ബഹുമാനവും വിധേയത്വവും പ്രദർശിപ്പിച്ചു കൊണ്ടിരിക്കുന്നു. ഇതു പ്രോട്ടസ്റ്റൻറുകാർ കാണേണ്ടതും അനുകരിക്കേണ്ടതും ആയ ഒരു ദൃഷ്ടാന്തമാണു്. റോമൻകത്തോലിക്കാ സഭയോടു ഒരു ഐക്യം സ്ഥാപിക്കാൻ സാധിക്കുകയില്ലയോ എന്നു് പ്രോട്ടസ്റ്റൻറുകാർ ആത്മാർത്ഥമായി ചിന്തിക്കേണ്ടതാണു്. പതിനഞ്ചു കൊല്ലങ്ങൾക്കുമുമ്പു് ആരെങ്കിലും ഒരു പ്രസംഗകൻ തെക്കേ ഇൻഡ്യയിലെ ഏകീകൃതക്രിസ്ത്യൻ സഭയുടെ വൈദികനായിത്തീരാനിരിക്കുന്നയാളിനെപ്പററി വിഭാവനം ചെയ്യുകയോ പ്രസംഗിക്കുകയോ ചെയ്തിരുന്നുവെങ്കിൽ അതു കേവലം അസാദ്ധ്യവും അപ്രായോഗികവും ആയ ആശയമായി പരിഗണിക്കപ്പെടുമായിരുന്നു. എന്നാൽ ഇന്നാകട്ടെ അതു അപ്രായോഗികമല്ലെന്നു തെളിഞ്ഞിരിക്കുന്നു. അതിനാൽ പ്രോട്ടസ്റ്റൻറുകാരുടെ ഇടയിൽ പരിപൂർണ്ണമായ ഐക്യം സ്ഥാപിച്ചതിനുശേഷം അവർ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിനെപ്പററി ആലോചിക്കുകയാണു് വേണ്ടതു്. ഇങ്ങിനെ ഒരു ഐക്യം സാധിക്കുന്നതിനു നേരിടേണ്ടിവരുന്ന വിഷമതകളെ ഞാൻ ലഘൂകരിക്കുകയല്ലാ ചെയ്യുന്നതു്. എന്നാൽ വിഷമതകൾ ഉള്ളതുകൊണ്ടു് ഒരു ഐക്യത്തിനു ശ്രമിക്കാൻ പാടില്ലാ എന്നു വരുന്നതല്ലല്ലൊ. സഭാസംബന്ധമായി പരിപൂർണ്ണമായ ഐക്യം സാധിക്കുന്നതിനു് മുമ്പു് കത്തോലിക്കരും പ്രോട്ടസ്റ്റൻറുകാരും യോജിച്ചുനിന്നു പ്രവർത്തിക്കാവുന്ന അനേകം രംഗങ്ങൾ ഉണ്ടെന്നു് എനിക്കു പ്രസ്താവിക്കാൻ കഴിയും. ഉദാഹരണമായി ക്രിസ്ത്യാനികളെ പൊതുവെ സംബന്ധിക്കുന്ന ചില വിഷമപ്രശ്നങ്ങളെപ്പററി പ്രോട്ടസ്റ്റൻറുകാർക്കും കത്തോലിക്കർക്കും യോജിച്ചുനിന്നുകൊണ്ടു് ഗവമ്മേണ്ടിൻെറ അടുക്കൽ നിവേദനങ്ങൾ നടത്തി വിഷമതകൾക്കു പരിഹാരം നേടാവുന്നതാണു്."

ഡോക്ടർ ചെല്ലപ്പാ തുടന്നു പ്രസ്താവിക്കുന്നു: "നാം പരസ്പരം മനസ്സിലാക്കുകയും പരസ്പരം അനുഭാവത്തോടും സഹിഷ്ണതയോടുംകൂടി പ്രവർത്തിക്കയും ചെയ്യേണ്ടിയിരിക്കുന്നു. പ്രോട്ടസ്റ്റൻറുകാരായ എൻെറ സഹോദരങ്ങളോടു ഞാൻ ഉപദേശിക്കുന്നതെന്തെന്നാൽ അവർ കത്തോലിക്കരുടെ പുസ്തകങ്ങളും പത്രങ്ങളും മാസികകളും വായിച്ചു് കത്തോലിക്കരെ സംബന്ധിക്കുന്ന കാര്യങ്ങൾ ശരിയായി പഠിക്കുകയും ഗ്രഹിക്കുകയും ചെയ്യണമെന്നാകുന്നു. അപ്രകാരംതന്നെ റോമൻകത്തോലിക്കരും പ്രോട്ടസ്റ്റൻറുകാരുടെ പ്രശ്നങ്ങളെ ശരിയായി പഠിക്കയും മനസ്സിലാക്കുകയും ചെയ്യാൻ ശ്രമിക്കേണ്ടതാകുന്നു. ആദിമകാലത്തെ ക്രിസ്ത്യാനികളുടെ ഇടയിലുണ്ടായിരുന്ന സ്നേഹം ഇന്നത്തെ ക്രിസ്ത്യാനികൾ ഒരു മാതൃകയായി സ്വീകരിക്കണമെന്നു് ഞാൻ ഏവരേയും ഉൽബോധിപ്പിച്ചുകൊള്ളുന്നു."

ഒരു പ്രോട്ടസ്റ്റൻറുമെത്രാൻ കത്തോലിക്കാസഭയെപ്പററി ഇത്ര അനുകൂലമായി സംസാരിച്ചു ഇതിനുമുമ്പു ഒരിക്കലും കേട്ടിട്ടില്ല. ഡോക്ടർ ചെല്ലപ്പായുടെ പ്രസംഗത്തെ പ്രോട്ടസ്റ്റൻറുകാരിൽ ചിലർ വിമർശിക്കുകയും അതിനെപ്പററി പ്രതിഷേധങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുകയുണ്ടായി. എന്നാൽ അദ്ദേഹം തൻെറ അഭിപ്രായത്തിൽനിന്നും ഒട്ടും വ്യതിചലിക്കാതെ അതിനെ വീണ്ടും പത്രപ്രസ്താവനമൂലം സ്ഥിരീകരിക്കയാണു് ചെയ്തതു്.

ഡോക്ടർ ചെല്ലപ്പായുടെ അഭിലാഷം അത്ര പെട്ടെന്നു് സാധിക്കാവുന്ന ഒന്നല്ലെന്നുവരികിലും ഇംഗ്ലണ്ടിലും അമേരിക്കായിലും ജമ്മനിയിലും മററും പ്രോട്ടസ്റ്റൻറുകാർ ധാരാളമായി കത്തോലിക്കാസഭയിൽ ചേന്നുകൊണ്ടിരിക്കുന്ന കാലമാകയാൽ ഇതു അസാദ്ധ്യവും അപ്രായോഗികവും ആയ ഒരു ആശയമായി തള്ളിക്കളകയല്ലാ വേണ്ടതു്. ഇൻഡ്യയിലെ പ്രോട്ടസ്റ്റൻറുകാർ തമ്മിൽ ഒരു യോജിപ്പു ഉണ്ടാക്കിയതിനുശേഷം അവർ കത്തോലിക്കാസഭയും ആയി യോജിക്കാൻ ശ്രമിക്കണമെന്നാണല്ലൊ ഡോക്ടർ ചെല്ലപ്പാ തിരുമേനി അഭിപ്രായപ്പെട്ടിട്ടുള്ളതു്. ഇങ്ങനെ ഒരു ഐക്യംസാധിക്കുക എത്രതന്നെ ശ്രമകരമായിരുന്നാലും അതിലേക്കു് ആത്മാർത്ഥമായി ശ്രമിക്കണമെന്നുള്ള ഡോ. ചെല്ലപ്പായുടെ അഭിപ്രായം അത്യന്തം സ്വാഗതാർഹമാണെന്നുള്ളതിനു് സംശയമില്ല. ക്രിസ്തുവിനേയും ക്രിസ്തുവിൻെറ ഉപദേശങ്ങളേയുംപററി പരസ്പരവിരുദ്ധമായ വിധത്തിൽ സംസാരിച്ചുകൊണ്ടിരിക്കുന്ന അനേകം ക്രിസ്തീയസഭകൾ ക്രിസ്തുമതത്തിനു് ഒരു കളങ്കമാണു് വരുത്തിവെച്ചുകൊണ്ടിരിക്കുന്നതു്. ഇങ്ങിനെ പരസ്പരവിരുദ്ധങ്ങളായ ആശയങ്ങൾ ക്രിസ്തീയതത്വങ്ങളെപ്പററി പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന അനേകം സഭകൾ ക്രിസ്തുമതത്തെ അക്രൈസ്തവരുടെ മുമ്പിൽ അവഹേളനാപാത്രമാക്കിത്തീർക്കുകയാണു് ചെയ്യുന്നതു്. ഈ വസ്തുത പ്രോട്ടസ്റ്റൻറുകാരുടെ പ്രത്യേകശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതാണു്. "പിതാവേ, ഞാനും നീയും ഏകമായിരിക്കുന്നതുപോലെ അവർ എല്ലാവരും തമ്മിൽ ഏകമായി തീരണമെ" എന്നുള്ള ദിവ്യനാഥൻെറ ഹൃദയസ്പർശകമായ പ്രാർത്ഥനയെപ്പററി ചിന്തിക്കുന്ന ക്രിസ്ത്യാനികളിൽ ഒരുവനെങ്കിലും വിവിധ ക്രിസ്തീയസഭകളുടെ പുനരൈക്യം ക്രിസ്തുനാഥൻെറ ഹൃദയംഗമമായ അഭിലാഷമാണെന്നു് മനസ്സിലാക്കാൻ പ്രയാസം ഉണ്ടാകുന്നതല്ല.

അതിനാൽ ഡോക്ടർ ചെല്ലപ്പായുടെ അഭിലാഷമനുസരിച്ചു് പ്രോട്ടസ്റ്റൻറുകാർ അവരുടെ ഇടയിലുള്ള അഭിപ്രായവ്യത്യാസങ്ങൾ നീക്കിയശേഷം കത്തോലിക്കാസഭയുടെ ഐക്യത്തിൽ വന്നു ലയിക്കുന്നതിനും ഇങ്ങിനെ ക്രിസ്തു തൻെറ സഭയെപ്പററി "ഏക ഇടയനും ഏകതൊഴുത്തും മാത്രം ഉണ്ടായിരിക്കും" എന്നു അരുൾചെയ്തിട്ടുള്ള പ്രവചനം കാലനിപാതമെന്യെ പൂർത്തിയാകാൻ ഇടയാകട്ടെയെന്നും നമുക്കു് പ്രാർത്ഥിക്കാം.

---

വി. യൂദാ തദ്ദേവൂസിൻെറ മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

A. J. ജോസഫ

---

# ചെറുകഥ

## "കണ്ടതു കൊണ്ടാൽ.....?"

(ജയിംസ് കെ. സി. മണിമല)

മററാരുടേയും പ്രയത്നംകൊണ്ടല്ല വക്കിച്ചേട്ടൻ ഒരു പണക്കാരനായതു്. അയാൾ എല്ലുമുറിഞ്ഞ ദ്ധ്വാനിച്ചു; ബുദ്ധിപൂർവ്വം കേസ്സുകളൊക്കെ നടത്തി; ചിട്ടിമുതലിച്ചു; കച്ചവടം ചെയ്തു. അങ്ങിനെ എല്ലാ തൊഴിലുകളിലും ആ മനുഷ്യൻ ജാഗ്രതയോടെ ഇടപെട്ടു. ഇന്നു് അയാൾ ഒരു സമ്പന്നനാണു്. എന്നുവച്ചു ടാററായും ബിർളായുമൊന്നുമല്ല. "മരമില്ലാവനം തന്നിലാവണക്കൊരു വന്മരം" എന്നുണ്ടല്ലോ. അതുപോലെ ആ നാട്ടുംപുറത്തെ ഒരു പണക്കാരനാണു വക്കിച്ചേട്ടൻ.

വരവു് വർദ്ധിപ്പിക്കുകയെന്നതിനെക്കാൾ ചെലവു ചുരുക്കുകയാണു് അയാളുടെ സാമ്പത്തികതത്വം. മുട്ടോളം കഷ്ടിച്ചിറക്കമുള്ള തോർത്തേ വീട്ടിൽ അയാൾ ധരിക്കുകയുള്ളൂ. വക്കിച്ചേട്ടനു വണ്ണംവച്ചതനുസരിച്ചു തോർത്തിനു നീളം കൂടിയിട്ടില്ല. കൂടുതലുള്ളതു വാങ്ങാൻ അയാൾ ഒരുക്കവുമില്ല. അതുകൊണ്ടു പലപ്പോഴും അഴിഞ്ഞുവീഴുന്ന 'മുണ്ടുടുക്കുക' എന്നുള്ളതു അയാളുടെ അനുസ്യൂതമായ ഒരു പരിപാടിയാണു്.

ചട്ടിയിലേ വക്കിച്ചേട്ടൻചോറുണ്ണുക—അല്ല കഞ്ഞികുടിക്കുകയുള്ളൂ. അതിനു കാരണം തികഞ്ഞ ദേശാഭിമാനമൊന്നുമല്ല. ചട്ടിക്കു വിലക്കുറവുണ്ടു്. യാദൃച്ഛികമായി ഒന്നു പൊട്ടിപ്പോയാലും അരയണയേ നഷ്ടപ്പെടുന്നുള്ളൂ. "കലത്തിൽ വയ്ക്കുന്ന കഞ്ഞി ചട്ടിയിൽത്തന്നെ കുടിക്കണം. എങ്കിലേ ഫലിക്കുകയുള്ളൂ." അതാണു അയാളുടെ പ്രമാണം.

വക്കിച്ചേട്ടൻെറ പുര ഓടിട്ടതും താ സിമൻറുവാത്തതുമാണു്. അതു പരിഷ്കാരവും സൗകര്യവുമൊന്നും നോക്കിയല്ല. ആണ്ടുതോറും അയാൾ പത്തയ്യായിരം മടൽ ഓല മുടഞ്ഞുവിററു പണമാക്കും. ഓടിടാത്തപക്ഷം പുരകെട്ടാൻ കുറെ ഓല നഷ്ടപ്പെടുമല്ലോ. പുറത്തെവിടെയെങ്കിലും പോകുമ്പോൾ മുട്ടിൽനിന്നു രണ്ടിഞ്ചിറക്കമുള്ള ഒരു കേമ്പിരിമുണ്ടാണു് അയാൾ ഉടുക്കുക. തോളിൽ രണ്ടു മാറാപ്പുകൾ കാണും. ഒന്നിൽ പണവും മററതിൽ കേസ്സുനടത്താനുള്ള ചില റിക്കാർഡുകളുമായിരിക്കും. രണ്ടാംമുണ്ടു മൂന്നുമുഴം നീളമുള്ള ഒരു തോർത്താണു്. അതു തലയിൽ കെട്ടുകയോ ഇടത്തെ തോളത്തുക്കൂടെയിട്ടു് "ഏത്താപ്പു" കെട്ടുകയോ ചെയ്യും.

വക്കിച്ചേട്ടൻ ബസ്സിൽ സഞ്ചരിക്കയില്ലെന്നു പറഞ്ഞുകൂടാ. പക്ഷെ പത്തു മൈലിനുള്ളിലുള്ള യാത്രയൊക്കെ അയാൾ കാൽനടയായിത്തന്നെ നിർവ്വഹിക്കും. "വെറുതെ വല്ലവനും കാശുകൊടുക്കാൻ" അയാൾ തയ്യാറില്ല.

മൂന്നു പെൺമക്കളേ വക്കിച്ചേട്ടനുള്ളൂ. മൂത്തമകളെ കെട്ടിച്ചുവിട്ടു. രൂപാ രണ്ടായിരവും കൊടുത്തു. അതു കുറെ കൂടിപ്പോയെന്നാണു അയാളുടെ പരാതി. കുറച്ചുകൂടി വാങ്ങിക്കാൻവേണ്ടി മരുമകൻ പാഠിച്ചപണി പതിനെട്ടും നോക്കി. ഫലമില്ല. ഒടുവിൽ അയാൾ ഭാര്യയെ കൊണ്ടുവന്നു വീട്ടിൽ വിട്ടിരിക്കുകയാണു്.

രണ്ടാമത്തെ മകൾക്കും വയസ്സു പത്തിരുപതായി. പക്ഷെ കല്യാണമെങ്ങും ഉറച്ചില്ല. രണ്ടായിരത്തിൽ ഒററപൈസാ കൂട്ടി വക്കിച്ചേട്ടൻ കൊടുക്കുകയില്ല. പത്തുമുപ്പതേക്കർ സ്ഥലമുള്ള ഒരു പണക്കാരൻ ഇങ്ങനെ നിർബ്ബന്ധം പിടിക്കുന്നതുകണ്ടു പലരും ആശ്ചര്യപ്പെട്ടു. "ചക്രമുണ്ടാക്കുന്നവനേ അതിൻെറ പ്രയാസമറിയത്തുള്ളൂ. കണ്ടമാനം അതു പെണ്ണുങ്ങളെ കെട്ടുന്നവർക്കു കൊടുക്കാനുള്ളതല്ല" എന്നാണു വക്കിച്ചേട്ടൻെറ അഭിപ്രായം. അതുകൊണ്ടു് ആ പെണ്ണു് വെറും "കെട്ടാമറിയ"യായിക്കഴിയുകയാണു്.

മൂന്നാമത്തെ മകൾ അന്നക്കുട്ടിയാണു്. അവൾ പഠിക്കുന്നു മൂന്നാംഫാറത്തിൽ. "തോററാൽ ഒരു കൊല്ലംകൂടെ അവളെ പഠിപ്പിച്ചേക്കാം. ജയിച്ചാൽ വിടുകയില്ല, എന്നു വക്കിച്ചേട്ടൻ തീർത്തുപറഞ്ഞിട്ടുള്ളതാണു്. അതിനു കാരണമുണ്ടു്. ഹൈസ്കൂൾക്ലാസ്സിലേക്കു കടന്നാൽ ആറുരൂപാ ഫീസുകൊടുക്കണം. മൂന്നാംഫാറത്തിലെ ഫീസു് നിറുത്തുകയുമാണു്.

യാചകർ വല്ലവരും നടന്നുവന്നാൽ വക്കിച്ചേട്ടൻ പറയും, "പെണ്ണേ! തമ്മക്കാരനെ വേഗം പറഞ്ഞയക്കു്." ഈ പറഞ്ഞയക്കലിനുള്ള ഏററവും മികച്ച വസ്തുക്കൾ ചക്കക്കുരുവോ, ഉണക്കക്കപ്പയോ ആണു്. അതിലും ധർമ്മക്കാർക്കു കൊടുക്കാൻ പ്രത്യേകം കരുതിയിട്ടുണ്ടു്. ചക്കക്കുരുവിൽ കേടുവന്നതു തിരിഞ്ഞിടും. കപ്പയുടെ "തഴിയും മുട്ടിയും" പ്രത്യേകം ഉണക്കി ശേഖരിക്കും.

ഒരു യാചകൻ ഒരിക്കൽ കുറെ അരി ചോദിച്ചു. "അരിയോ... കൊള്ളാം, നിനക്കുവേണമെങ്കിൽ കൊണ്ടുപോയാൽ മതി. അല്ലെങ്കി ചക്കക്കുരു അവിടെയിട്ടേരു്. അരിതരാൻ ഇവിടെന്നാനീ കണ്ടമെഴുതിച്ചിട്ടിട്ടുണ്ടോ?" ഒററശ്വാസത്തിൽ വക്കിച്ചേട്ടൻ ചോദിച്ചു.

II

പൊതുക്കാര്യപ്രവത്തകർ പലപ്പോഴും വക്കിച്ചേട്ടനെ ശല്യപ്പെടുത്താറുണ്ടു്. ഒരിക്കൽ ആശുപത്രിപണിക്കു പണപ്പിരിവിനു വേണ്ടി രണ്ടുപേർ അയാളെ സമീപിച്ചു. "നേരുപറഞ്ഞാൽ ഈ ആശുപത്രീം അപ്പോത്തിക്കരീമെല്ലാം ഗുണമില്ലാത്ത വകകളാണു്. മനുഷ്യനെ കൊല്ലാതെ കൊന്നുകളയുമെന്നേ. നല്ല കഷായമോ ഗുളികയോ സേവിക്കണം രോഗത്തിനു ഫലിക്കണമെങ്കിൽ" അയാൾ ഒരു തികഞ്ഞ ആയുർവ്വേദ പണ്ഡിതനെപ്പോലെ പ്രസംഗിച്ചു.

"ഏതായാലും ഇവിടുത്തെ വകയായി എന്തെങ്കിലും ഒരു സംഭാവന."

"ഞങ്ങടെ കുടുംബം" വക്കിച്ചേട്ടൻ ഇടയ്ക്കു കയറിപ്പറഞ്ഞു, "പ

# അസാധാരണാനുകൂല്യം സിദ്ധിച്ചതിന് ഉപകാരസ്മരണ




ഡോക്ടർ തിയോഫിൽ വിസ് എം. ഡി., മെഡിക്കലോഫീസർ,
സേക്രഡ് ഹാർട്ട് ജനറൽ ഹോസ്പിററൽ, ചേർത്തല

ണ്ടേ ദാനധർമ്മത്തിനു കേൾവി കേട്ടതാ. ഞാനാണെങ്കിൽ കൊടുത്തു കൊടുത്തു മടുത്തു. ആ വള്ളക്കാരൻ മാത്തൻ വന്നു് കുഴച്ചുകൂ മൂന്നെണ്ണം കൊണ്ടുപോയി. അയല്പക്കക്കാരൊക്കെ പറമ്പീന്നു ചൂട്ടും മടലും ആവശ്യംപോലെ പെറുക്കിക്കൊണ്ടുപോകുന്നുണ്ടു്."

"ഞങ്ങൾക്കു പോകാൻ ധൃതിയുണ്ടു്. എന്തെങ്കിലും കിട്ടിയാൽ......"

വക്കീൽച്ചേട്ടൻ അടുക്കളവാതില്ക്കലേക്കു ചെന്നു മകളെ വിളിച്ചു എന്തോ നിർദ്ദേശം കൊടുത്തു. ഒരു ഇടങ്ങഴി നിറയെ ചക്കക്കുരുവുമായി അവൾ ആഗതരുടെയടുത്തു വന്നു.

"ഇതെന്തിനാണു്?" പൊതുകാര്യക്കാർ ചോദിച്ചു.

"അതു കൊണ്ടുപോകിൻ. സാധാരണ വല്ലവരും വന്നാൽ ഒരു പിടിയേ ഞാൻ കൊടുക്കുകയുള്ളു. നിങ്ങളെ പിരിയാൻ വയ്യാഞ്ഞിട്ടു്—"

"ഞങ്ങൾ പിരിഞ്ഞേക്കാം, മൂപ്പീന്നു വിഷമിക്കേണ്ടാ..." അവർ ഇറങ്ങി യാത്രയായി.

X X X

അവിടെ പുതുതായി ഒരു റോഡു് വെട്ടി തുറക്കുകയാണു്, വക്കീൽച്ചേട്ടന്റെ പറമ്പിന്റെ അതിർത്തിയിൽ സ്പർശിച്ചുപോരും. പക്ഷെ അതിൽനിന്നു് ഒരു കല്ലുപോലും ഇളക്കേണ്ടാ. ഒരു പിടി മണ്ണു് എടുക്കുകയും വേണ്ടാ.

റോഡു വെട്ടി ക്ഷീണിച്ചവർക്കു വക്കീൽച്ചേട്ടൻ ഓരോ പാത്രം കാപ്പി കൊടുക്കണമെന്നു് അവർക്കു നിർബ്ബന്ധം. അയാൾ ഒഴിവുകഴിവുകൾ പലതുപറഞ്ഞുനോക്കി. കാപ്പി പൊടിച്ചതില്ല. മകൾക്കു തലവേദനയാണു്. വീട്ടുകാരത്തി അവിടെയില്ല. പക്ഷെ ഈ പരമാർത്ഥങ്ങളൊന്നും കേൾക്കാൻ അവർ തയ്യാറില്ലാ. ഉള്ളിടത്തേ ചോദിക്കാൻ പാററുകയുള്ളൂ. അന്നു നാലുമണിക്കു വക്കീൽച്ചേട്ടൻ കാപ്പി കൊടുത്തേയൊക്കൂ എന്നു

(ശേഷം 7-ാംപേജിൽ)

ആഖ്യായിക




## അദ്ധ്യായം 7 (തുടർച്ച)

## ദാവീദിൻ നക്ഷത്രം

(വി. സി. ജോർജ് ബി. എ. എൽ.റ്റി.)

"അവൾ അടുത്ത പ്രാവശ്യം ഇവിടെ വരുമ്പോൾ നിങ്ങൾക്കവളെ കാണാമല്ലോ. എന്നാൽ അവൾ നിങ്ങൾക്കു രസം തോന്നുന്ന കാര്യങ്ങളെക്കുറിച്ചു സംസാരിക്കുന്നതിലധികം ഈ പ്രവാചകൻ, നസ്രത്തിലെ ഈശോയെപ്പററി സംസാരിക്കുന്നുവെങ്കിൽ നിങ്ങൾ വിസ്മയഭരിതനാകരുതു്. എന്നോടദ്ദേഹത്തെപ്പററി അവൾ ഒട്ടധികം പ്രതിപാദിച്ചു; പരമാർത്ഥത്തിൽ, അദ്ദേഹത്തെ സംബന്ധിച്ചു് സാരമായ ജിജ്ഞാസ അവൾ എന്നിൽ അങ്കുരിപ്പിക്കുകയും ചെയ്തു."

"തരക്കേടില്ലാ. അദ്ദേഹം ഏതെങ്കിലും മാനമായ തൊഴിലിൽ ഏർപ്പെടാതെ, സംഭാഷണചതുരനായി ധാരാളം ഒച്ചപ്പാടുണ്ടാക്കുന്നതുകൊണ്ടും കാഴ്ചയ്ക്കൊരുവിധം കോമളനാകയാലും നിങ്ങൾക്കദ്ദേഹത്തിൽ കൗതുകം ജനിച്ചു എനിക്കങ്ങനെയൊന്നും തോന്നുന്നില്ല. അദ്ദേഹത്തെപ്പോലെയുള്ള ആളുകൾ ആപല്ക്കാരികളാണ്. നേർബുദ്ധിയില്ലാത്ത ജനങ്ങളുടെ, വിശിഷ്യ സ്ത്രീകളുടെയിടയിൽ, അവർ കുഴപ്പമുണ്ടാക്കുന്നു. മറിയത്തു് പ്രകൃതിവ്യത്യാസമുണ്ടായിയെന്നു നിങ്ങൾതന്നെ പറഞ്ഞുവല്ലൊ. ഏതായാലും അവൾ സമർത്ഥയും സംസ്കാരസമ്പന്നയുമായ ഒരു കുമാരിയാണ്. അാറിക്കായിൽ ജാതയെന്നും പ്ലെയിറോ ഏദിസ്ഥമാക്കിയെന്നും തോന്നുമാറു അത്ര നന്നായി അവൾ ഗ്രീക്കു് സംസാരിക്കുന്നു. ഏതായാലും ഈ നസ്രായൻ ഉണ്ടാക്കുന്ന അനത്ഥങ്ങളെപ്പററി ശൗനിക്കുവാൻ കാലം അതിക്രമിച്ചിരിക്കുകയാണ്."

"പീലാത്തോസ്", ആ ദേഹത്തിനെതിരായി എന്തെങ്കിലും ചെയ്യുവാൻ അങ്ങേക്കു സാധിക്കുകയില്ലല്ലൊ."

"ഉം! എന്തുകൊണ്ടു്?"

"രണ്ടു പ്രബല കാരണങ്ങൾകൊണ്ടു്. ഒന്നാമതു് നിങ്ങളുടെ പ്രതിയോഗിയെന്നു് പരിഗണിക്കപ്പെടാവുന്ന ഒരാളെ—ക്ഷമിക്കണം, ഞാൻ ആദ്ധ്യാത്മികാർത്ഥത്തിലാണ് പറയുന്നതു്—ശൂന്യമാക്കുക നിങ്ങളുടെ സ്ഥാനഗൗരവത്തിനു് യോജിക്കുകയില്ല. കൂടാതെയും, അദ്ദേഹം യഹൂദരായ നിങ്ങളുടെ സ്നേഹിതന്മാർക്കെല്ലാം കണ്ണിലുണ്ണിയുമാണ്."

"യഹൂദരായ് എൻെറ സ്നേഹിതന്മാർക്കെല്ലാം കണ്ണിലുണ്ണി!" വൈരസ്യത്തോടുകൂടി പീലാത്തോസ് പറഞ്ഞു. "എൻെറ യഹൂദ സ്നേഹിതന്മാരിലാരെങ്കിലും, എന്നെ അല്പമെങ്കിലും ഇനിമേൽ വകവയ്ക്കുമോ?"

ആ സമയം ഒരു ഭടൻ പ്രവേശിച്ചു സ്വാമിയെ അഭിമുഖീകരിച്ചു് കൈയുയർത്തി ആചാരം ചെയ്തു.

"എന്താ കാര്യം?" പീലാത്തോസ് ചോദിച്ചു.

"അരിമത്ത്യൻജോസഫ് പ്രൊക്കുറയിററരെ മുഖംകാണിക്കുവാൻ കാത്തുനില്ക്കുന്നു."

"ഉടൻതന്നെ ജോസഫിനെ കടത്തിവിടുക. അദ്ദേഹം സ്വാഗതാർഹനാകുന്നു."

ഭടൻ വിടവാങ്ങി. ഉത്തരക്ഷണം ജോസഫ് പ്രത്യക്ഷനായി. നെഞ്ചിന്മേൽ കൈകൾ വിരിച്ചു നമ്രശിരസ്കനായി ജോസഫ് പ്രൊക്കുറയിററരെയും ക്ലാവുദിയായെയും അഭിവാദ്യംചെയ്തു. ക്ലാവുദിയാ ശയ്യയിൽ നിവർന്നിരുന്നുകൊണ്ടു് "സമാധാനം" എന്നു ഗ്രീക്കു ഭാഷയിൽ ആശംസിച്ചു.

പീലാത്തോസ് സന്ദർശകൻെറ സമീപത്തേക്കു അല്പം നീങ്ങിയിട്ടു് "ജോസഫ്, സ്വാഗതം! ബുധൻെറ പാദുകങ്ങളാണ് താൻ ഉപയോഗിക്കുന്നതെന്നു തോന്നുന്നു. എൻെറ കാര്യം നിങ്ങൾ തീരെ വിസ്മരിച്ചിരിക്കുന്നുവെന്നു് ഞാൻ പരിഭവം പറഞ്ഞുകഴിഞ്ഞതേയുള്ളു. എന്തെങ്കിലും പ്രത്യേക സംഗതിവശാൽ വന്നുവോ?"

"അല്ല, എന്നാൽ അല്ലെന്നു തീർത്തുപറയുവാനും പാടില്ല. എൻെറ പ്രധാനകാര്യം അങ്ങയെ സന്ദർശിക്കുകയെന്നതാണ്. കൂടാതെ, അപ്രധാനമല്ലെന്നു ഞാൻ വിശ്വസിക്കുന്ന ഒരു കാര്യത്തെപ്പററി അങ്ങയുടെ അഭിപ്രായം അറിവാനുമുണ്ടു്. പക്ഷെ ആ സംഗതിയിൽ ധൃതിയില്ല. ഇപ്പോൾ അസൗകര്യമെങ്കിൽ വേറെ ഒരവസരത്തിൽ മതിയാകും. എനിക്കു പറയുവാനുള്ളതു് അത്ര ആനന്ദപ്രദമായിരിക്കുകയില്ലതാനും."

"മാററിവയ്ക്കേണ്ട, എന്തെങ്കിലും ഇന്നുതന്നെ പറയുക. ഇപ്പോൾതന്നെ ഞാൻ ദുർഭഗാവസ്ഥയിലാണ്. നിങ്ങൾ എന്തുതന്നെ പറഞ്ഞാലും അതു് അധികം ഹതഭാഗ്യമാകുവാൻ പോകുന്നില്ല."

ജോസഫ് ആസനസ്ഥനായശേഷം സംഭാഷണം തുടന്നു: "പ്രൊക്കുറയിററർ, നാമൊരിക്കൽ ആ കള്ളൻ ബറാബാസിൻെറ കാര്യം ചർച്ചചെയ്തല്ലൊ. അയാളുടെ പ്രസ്ഥാനം ഭീകരമായി വർദ്ധിച്ചുവരുകയാണെന്നറിയാമോ?"

"തീർച്ചയായും. ക്ലാവുദിയായും ഞാനും ആ കള്ളൻെറ കാര്യം പറയുകയായിരുന്നു. അവൻെറ ചോരസംഘം അക്രമങ്ങൾ വളരെ നടത്തുന്നു. ഇന്നലെതന്നെ അവർ അമ്പതു ഭടന്മാരെ ഒന്നാകെ കൊന്നൊടുക്കി."

"ബറാബാസിൻെറ അനുയായികളുടെ സംഖ്യ ഈ നഗരത്തിൽപോലും, യഹൂദജനങ്ങളിൽ വന്തരക്കാരുടെയും ഇടത്തരക്കാരുടെയും ഇടയിൽ അനുനിമിഷം വർദ്ധിച്ചുവരുകയാണെന്നു അങ്ങേക്കറിയാമല്ലൊ."

പീലാത്തോസ് തട്ടത്തുപറഞ്ഞു: "ഇപ്പോഴേക്കും പത്താളുകളിൽ ഒരുവനെങ്കിലും ദാവീദിൻ നക്ഷത്രത്തോടുകൂടിയ ചിഹ്നം ധരിക്കുന്നതായിട്ടാണ് എൻെറ അറിവു്! എൻെറ ആളുകൾ അന്ധന്മാരായി കഴിയുകയല്ല ചെയ്യുന്നതു്. ഇനിയും നിങ്ങൾ ചോദിക്കുവാൻ കരുതുന്നതു് ഏതൽസംബന്ധം എന്തു ചെയ്യുവാൻ ഞാൻ പോകുന്നുവെന്നല്ലേ?"

"അതെ, പ്രൊക്കുറയിററർ, എൻെറ സന്ദർശനത്തിൻെറ ഒരു ഉദ്ദേശ്യമതാണ്. ഞാൻ അങ്ങയുടെ ഭരണനിർവ്വഹണകാര്യങ്ങളിൽ ... പെടുന്നുവെന്നു ധരിക്കരുതെ. അപ്രകാരമുള്ള ഒരു മോഹം എന്നിൽനിന്നു വളരെ വിദൂരമാകുന്നു. എന്നാൽ ബറാബാസിൻെറ പ്രസ്ഥാനം ഞങ്ങൾക്കും ഉപദ്രവകരമായിത്തീർന്നിരിക്കുന്നു. ഞങ്ങളോടനുകൂലിക്കാത്ത ഇസ്രായേലരെ ബറാബാസിൻെറ അനുയായികൾ ആക്രമിച്ചു കീഴ്പ്പെടുത്തുവാൻ ശ്രമിക്കുന്നു."

"അവർ നിങ്ങൾക്കെന്തെങ്കിലും ഉപദ്രവം ചെയ്തുവോ?"

"എൻെറ സ്വന്തം കാര്യം പറയണമെന്നു് ഞാൻ ഉദ്ദേശിച്ചിരുന്നില്ല. എൻെറ വക ആട്ടുമാട്ടുകളെ അവർ ശതക്കണക്കിനപഹരിച്ചുകഴിഞ്ഞു. അതെനിക്കു് സഹിക്കാം. എന്നാൽ എൻെറ ഇടയന്മാരിൽ മൂന്നുപേരെ അവർ വധിച്ചു. അതു് കഷ്ടതരംതന്നെ. ഈവക ദുരനുഭവങ്ങൾ പല പല ഭൂവുടമകൾക്കും കർഷകർക്കും ഉണ്ടായിട്ടുണ്ടു്. ഇന്നലെ ഈ സംഗതി സാന്നെദ്രിനിൽ ആലോചനാവിഷയമായിരുന്നു."


THE SOUTH INDIAN BANK.LTD.

H. O. TRICHUR. Estd. 1929.

A SCHEDULED BANK

| | | |
|---|---|---|
| Authorised Capital | Rs. | 50,00,000 |
| Subscribed " | Rs. | 25,00,000 |
| Paid up " | Rs. | 8,75,000 |
| Reserve & Other Funds | Rs. | 5,65,408 |
| Deposits as on 31-12-'54 | Rs. | 204,87,883 |

Government Securities bought and sold on terms which can be ascertained on application.

BRANCHES:-

ALLEPPEY, IRINJALAKUDA, PALGHAT, ALWAYE, KOLLENGODE, POLLACHI, COCHIN, KOZHIKODE, PONANI, COIMBATORE, KUNNAMKULAM, SALEM, ERNAKULAM, MADRAS, TIRUPPUR, GOBICHETTI-PALAYAM, OTTAPALAM, TRICHUR, WADAKKANCHERI



For favours received



Mrs. Mary Sebastian
Trichur


പ്രൊക്കുറയിററർ പൊട്ടിച്ചിരിച്ചു; "സാന്നെദ്രിനോ! ബാലഭേഷ്! അടുത്തപടി ഉന്നതാചാര്യൻ കയെഫാസോ, അയാളുടെ ശ്വശുരനോ എന്നെ കണ്ടു് ഈ നാട്ടിൽ റോമൻഭരണം അപകടത്തിലായിയെന്നു നിവേദനം നടത്തുകയായിരിക്കും. അതൊ അവർ ആ മുദ്ഗലകൃത്യം ജോസഫിനെ ഏല്പിച്ചിരിക്കുകയാണോ?"

"പ്രൊക്കുറയിററർ, അങ്ങിക്കാര്യങ്ങളൊന്നും അത്ര സാരമായി പരിഗണിക്കുന്നില്ല അല്ലേ?" വിരലുകൾ കറുത്ത കമ്പിളി ഉടുപ്പിൻെറ കട്ടികൂടിയ തുണിക്കുമീതെ ഓടിച്ചുകൊണ്ടു ജോസഫ് ചോദിച്ചു.

"ഞാൻ ഇതൊരു വിനോദമായേ പരിഗണിക്കുന്നുള്ളു. വാസ്തവത്തിൽ അങ്ങനെയാണുതാനും. കൊള്ളക്കാർ നിങ്ങളെ ഉപദ്രവിച്ചല്ലോയെന്നു ചിന്തിച്ചു ഞാൻ ദുഃഖിക്കുന്നു. എങ്കിലും നിങ്ങൾ എന്തുകൊണ്ടു് രക്ഷാപരിപാടികൾ സ്വീകരിക്കുന്നില്ലയെന്നത്രെ ഞാൻചോദിക്കുന്നതു. സ്വന്തം താല്പര്യങ്ങളെ പരിരക്ഷിക്കുന്നതിൽ നിങ്ങളാരും ഔദാസീന്യം പ്രകടിപ്പിച്ചിരുന്നില്ല. മാത്രമോ ഞാൻ നിർദ്ദേശിച്ച രക്ഷാപദ്ധതികളെ നിങ്ങൾ പലപ്പോഴും തിരസ്കരിക്കുകയും ചെയ്തു."

"പ്രൊക്കുറയിററർ, ഒരു വിപ്ലവം അഭിമുഖീകരിക്കുവാൻ പോകുന്നതു് ഞങ്ങളല്ല, നിങ്ങൾ തന്നെയാകുന്നു. കൊള്ളക്കാരെ അമർച്ച ചെയ്യേണ്ടതു് ഞങ്ങളുടെ കാര്യമായിരിക്കാം. ഇവിടെ കവർച്ചയല്ലാ, സാക്ഷാൽ വിപ്ലവമാണ് പുരോഗമിക്കുന്നതു്." ഗവർണർ അദ്ദേഹത്തിൻെറ വ്യാസം കുറഞ്ഞ മുഖം മന്ദഹാസാർത്ഥം ചുളിച്ചുകൊണ്ടു പറഞ്ഞു: "ഇവിടെ നാം ഭിന്നാഭിപ്രായക്കാരാണ്. നിങ്ങൾ റോമയ്ക്കെതിരായ വിപ്ലവത്തിൻെറ പ്രാരംഭം കാണുന്നു. ഞാൻ കാണുന്നതു കൂട്ടക്കവർച്ചയും കൊലയുമാണ്. എനിക്കു് ഇന്നും എന്നും ബറാബാസ് ഒരു ചോരസംഘത്തിൻെറ നേതാവു് മാത്രം. ഞാൻ അവനെയും അനുയായികളെയും വധശിക്ഷയ്ക്കു വിധിക്കുന്നതു് കവർച്ചക്കാരും കൊലപാതകികളും എന്ന നിലയിൽ ആയിരിക്കും, റോമാവിരോധികളായ വിപ്ലവകാരികൾ ആയിട്ടല്ലാ."

"നാം ബറാബാസിനെപ്പററി കഴിഞ്ഞ പ്രാവശ്യം സംസാരിച്ചതു് ഞാൻ ഓമ്മിക്കുന്നു. ദസ്യുക്കളേയും ഘാതകന്മാരേയും മാത്രം ദശിക്കുവാനെ അങ്ങു് ഇച്ഛിക്കുന്നുള്ളുവെന്നു തോന്നുന്നു."

"ജോസഫ് എൻെറ ആത്മമിത്രമാണല്ലൊ. കാര്യം തുറന്നു പറഞ്ഞേക്കാം. ഞാൻ ഭരിക്കുന്ന സംസ്ഥാനത്തു് വിപ്ലവമോ വിപ്ലവം സംബന്ധിച്ച നിസ്സാരദ്ധ്വനിയോ ഉണ്ടായിക്കൂടാ. എനിക്കതേപ്പററി സ്മരിക്കുവാൻ സാദ്ധ്യമല്ല. റോമിലുള്ളവർഎന്നോടു്, നിങ്ങൾ ദുർബലനായ ഒരു ഗവർണറാണ്, നിങ്ങളുടെ സംസ്ഥാനത്തിൽ സമാധാനം പാലിക്കുവാൻ നിങ്ങൾ അപ്രാപ്തനാണ്, എന്നിങ്ങനെ പറയുവാൻ അവസരമുണ്ടാക്കണമെന്നാണോ നിങ്ങളുടെ പക്ഷം? എൻെറ അഭിമതം സ്നേഹിതനിപ്പോൾ മനസ്സിലായില്ലേ?"

"എനിക്കു മനസ്സിലായി. അതാണല്ലോ ഭരണനയം. പക്ഷേ, ഈക്കൂട്ടരെ—ഈസാധാരണ കവർച്ചക്കാരെയും കൊലപാതകികളെയും എന്നു തന്നെ പറയാം—ബന്ധിക്കുന്നതിനും കുററവിസ്താരത്തിനു് വിധേയരാക്കി ശിക്ഷിക്കുന്നതിനും പ്രസ്തുതനയം അങ്ങേക്കു വിഘ്നകാരിയല്ലല്ലൊ."

"അല്ലാ, ജോസഫ് തീർച്ചയായും അല്ല. എന്നാൽ കുററവിസ്താരത്തിനും ശിക്ഷയ്ക്കും മുമ്പായി അവരെ പിടികിട്ടേണ്ടതാവശ്യമാണല്ലൊ. അതൊ നിയമലംഘനത്തിൽ തുടരുവാൻ ബറാബാസിനെ അനുവദിച്ചുകൊണ്ടു് അയാൾക്കു ശിക്ഷ കല്പിച്ചു് വീരയോദ്ധാവെന്ന നിലയിൽ അയാളെ ബഹുമാനിച്ചു് ഞാൻ വിഡ്ഢിവേഷം കെട്ടണമോ?"

"ഒരു വെറും മോഷ്ടാവിനെ അഥവാ ഘാതകനെ ബന്ധനത്തിലാക്കുക അങ്ങേക്കു നിഷ്പ്രയാസം സാധിക്കാവുന്ന കാര്യമല്ലേ?" സ്വരത്തിൽ ഈഷൽ പുച്ഛരസം കലത്തി ജോസഫ് ചോദിച്ചു.

"നിങ്ങളുടെ പരിഹാസപരത അസ്ഥാനത്താണ്, ജോസഫ്. ബറാബാസിനെ പിടികിട്ടുക എളുപ്പമല്ലാ. നിങ്ങളുടെ ആളുകൾ ഞങ്ങൾക്കെതിരായി അവനെ സഹായിക്കുന്നതുകൊണ്ടു പ്രത്യേകിച്ചും. എൻെറ ഭടന്മാർ അവനെ തങ്ങളുടെ കൈയിൽ കിട്ടിയതായി പലപ്പോഴും ചിന്തിച്ചു. ഓരോ അവസരത്തിലും നിങ്ങളുടെ ആളുകളുടെസഹകരണംമൂലം അവൻ നിർബാധം രക്ഷപെടുകയാണുണ്ടായതു്."

"അയാളെ സഹായിച്ചു എന്നു സംശയിക്കപ്പെട്ടവരെ അങ്ങു് ക്രൂരമായി ശിക്ഷിച്ചുവല്ലൊ."

"ക്രൂരമായി! ബറാബാസിനെതിരായി ഊർജ്ജിതനടപടികൾനടത്തുവാൻനിങ്ങളെന്നോടാവശ്യപ്പെടുന്നു. ആ കാര്യം എനിക്കു മനസ്സിലാക്കാം. പെരുങ്കള്ളനെ, ഘാതകനെ, സഹായിക്കുകയും സമാശ്വസിപ്പിക്കുകയും ചെയ്യുന്ന ആളുകൾ നിങ്ങളുടെ ഇടയിലുണ്ടു്. അവരിൽ ചിലരെ ബന്ധിച്ചു് ഞാൻ പണിപ്പുരകളിലേക്കു്, വലിക്കപ്പലുകളിലേക്കും കുരിശുകളിലേക്കുമല്ലാ, അയക്കുകയുമുണ്ടായി. ഈദൃശമായ എൻെറ വർത്തനമാണോ നിങ്ങൾ ക്രൂരമെന്നു പറയുന്നതു്? ജോസഫേ, നിങ്ങളുടെ ജനങ്ങളോടു ഞാൻ വളരെ മൃദുവായി പെരുമാറുന്നുവെന്നാണ് എനിക്കു പറയുവാനുള്ളതു്. പക്ഷെ എനിക്കു് ലഭിക്കുന്ന പ്രതിഫലം കൃതഘ്നതമാത്രം."

"പണിപ്പുരകളിലെ സ്ഥിതി കഠോരമാകുന്നു."

പ്രൊക്കുറയിററർ സ്കന്ധസങ്കോചത്താൽ അസന്തോഷം പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു: "എങ്കിൽ കുരിശും വലിക്കപ്പലും മാരാത്മകങ്ങളാകുന്നു. ഞാൻ പണിപ്പുരകൾ നിർമ്മിക്കുകയും ചക്കുകൾ സ്ഥാപിക്കുകയും ചെയ്തില്ലാ. അവ റോമാസാമ്രാജ്യത്തിൻെറ സ്ഥാപനങ്ങളാണ്, നിങ്ങൾക്കറിയാമല്ലൊ. നാം ആ കാര്യം ഇവിടെ ചർച്ചചെയ്യേണ്ടതായിട്ടില്ലാ. ഇനിയും ഒരു കാര്യം. ഈ ബറാബാസിൻെറ സംഗതി കുത്തിപ്പൊക്കി എന്നെ കളിപ്പിക്കുവാൻ നിങ്ങൾ മുതിരുന്നില്ലേയെന്നും ഞാൻ സംശയിക്കുന്നു."

"പ്രൊക്കുറെയിററർ, അങ്ങയുടെ ആശയം എന്തായിരിക്കും?"

കുററം സ്ഥാപിക്കുവാനൊരുങ്ങുന്ന ഒരഭിഭാഷകൻെറ നില പീലാത്തോസ് അവലംബിച്ചു.

"നസ്രായൻ ഈശോയുടെ സംഗതി എന്താണ്? കേൾക്കട്ടെ" അദ്ദേഹം ചോദിച്ചു. (തുടരും)


സത്യദീപം വരിസംഖ്യ

പ്രതിവർഷം

ഇൻഡ്യയിൽ ക. 6—8—0

ഇൻഡ്യക്കു പുറമെ " 8—12—0


Reg. M. No. 2293

# Sathya Deepam

Vol. 28 Ernakulam July 13 1955 No. 46




# ബാലരംഗം




## "കൊച്ചുപുണ്യവാൻ"


### വിശുദ്ധ ഡോമിനിക്ക് സാവിയോ

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

കുഞ്ഞുദോമിനി വളൎന്നുവന്നതോടെ നല്ല കാര്യങ്ങൾ ചെയ്യുന്നതിനുള്ള ധൈര്യവും വർദ്ധിച്ചുവന്നു. നന്മപ്രവൃത്തികൾ ചെയ്യണം; തിന്മയെ ചെറുക്കണം. ഇവ രണ്ടും പുണ്യജീവിതത്തിനാവശ്യമാണു്. ദോമിനി തിന്മയെ ചെറുക്കുന്ന രണ്ടു ചിത്രങ്ങളാണല്ലൊ കഴിഞ്ഞതവണ നാം കണ്ടതു്. ഒരു കൂട്ടുകാരൻ ഒരു ചീത്തപ്പുസ്തകവുമായി അവരുടെ ഇടയിൽ കടന്നുകൂടി. ഈ വിഷബീജം ദോമിനി കണ്ടുപിടിച്ചു. അതു കൈവശപ്പെടുത്തി ചീന്തിക്കീറി നശിപ്പിച്ചു. അങ്ങിനെ അവരിൽ പലരെ നശിപ്പിക്കുമായിരുന്ന ആ തിന്മയുടെ വഴിയടഞ്ഞു. ചീത്തവാക്കുകൾ പറയുന്ന ഒരു കുട്ടി അവരുടെ ഇടയിൽ വന്നുചേൎന്നു. അവന്റെ ആ ദുസ്വഭാവം മാറുന്നതുവരെ മററു കുട്ടികൾ അവന്റെ സംഭാഷണങ്ങൾമൂലം ചീത്തയാകാതിരിക്കുവാൻ ദോമിനിക്കു വളരെ ശ്രമം ചെയ്യേണ്ടതായിവന്നു. ദോമിനി വിജയിച്ചു. എത്ര അനുകരണാർഹമായ മാതൃക! വല്യേട്ടൻ.



റോഡിൽക്കൂടി നടക്കുമ്പോൾ ഒരു ദേവാലയത്തെ കടക്കേണ്ടിവന്നാൽ എന്തുചെയ്യണം? ദോമിനി തൊപ്പിയെടുത്തു ആചാരം ചെയ്തിരുന്നു.



ദോമിനി:- "അപ്പാപ്പാ, അപ്പാപ്പനെന്തിനാ ഈ ചീത്തവാക്കുകൾ പറയുന്നതു്? അതു ദൈവദൂഷണമല്ലേ?

വയസ്സൻ:- "എന്റെ കുഞ്ഞേ, ഞാനങ്ങനെ ശീലിച്ചുപോയി. മേലിൽ ഞാൻ സൂക്ഷിച്ചുകൊള്ളാം."

## 30-ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

അദ്ധ്യാപികയുടെ പേർ- ശോശമ്മ

## പ്രശ്നം നമ്പ്ര് 31

(കെ. വി. വർഗ്ഗീസ്, മൂഴിക്കുളം. വയസ്സു 13)

നിങ്ങൾ വളരെ സ്നേഹിക്കുന്ന ഒന്നാണു് ഞാൻ. ഞാൻ വീട്ടിലേക്കു വരുന്നതുവരെ നിങ്ങൾക്കുള്ള ജിജ്ഞാസ ഇതു തെളിയിക്കുന്നുണ്ടു്. എന്റെ പേരിനു നാലക്ഷരം. ഒന്നാമത്തെ അക്ഷരം ബാസ്കരനിലുണ്ടു്, കുമാരനിലില്ല; രണ്ടാമത്തെ അക്ഷരം വലയിലുണ്ടു്, പുഴയിലില്ല; മൂന്നാമത്തെ അക്ഷരം കൗമാരത്തിലുണ്ടു്, ബാല്യത്തിലില്ല; അവസാനത്തെ അക്ഷരം അംഗത്തിലുണ്ടു്, വരിക്കാരനിലില്ല. ഞാനാരാണെന്നു പറയാമോ?

(ഉത്തരം അടുത്തതിൽ)

## "പിള്ളേരെപ്പിടുത്തക്കാർ"

(തോമസ് ജെ. മണലേൽ. ചേർത്തല)

പിള്ളേരെപ്പിടുത്തക്കാരുടെ കഥകൾ ഇന്നെവിടേയും പറഞ്ഞു കേൾക്കുന്നുണ്ടു്. ഇതെല്ലാം വെറും കെട്ടുകഥകളാണോ, വല്ല അടിസ്ഥാനവും ഉണ്ടോ എന്നറിയാൻ വയ്യ. മിഠായിയും പഴങ്ങളും മററും കാണിച്ചു കുട്ടികളെ അവരുടെ അടുക്കലേക്കാകർഷിക്കുന്നുവെന്നും അടുത്തുവരുമ്പോൾ ചില ഭസ്മങ്ങൾ അവരുടെ മുഖത്തെറിഞ്ഞു് ബോധക്ഷയപ്പെടുത്തി അവരെ ഭാണ്ഡങ്ങളിലാക്കുന്നു എന്നുമാണു് ഇതേപ്പററി നാടാകെ പരന്നിട്ടുള്ള കിംവദന്തികൾ. ഇവർ കുട്ടികളെ എന്തിനാണു് കൊണ്ടുപോകുന്നതെന്നു് ചോദിച്ചാൽ ഒരു നൂറഭിപ്രായങ്ങൾ കേൾക്കാം. ചിലർ ഇതിൽ കുറേശ്ശെ രാഷ്ട്രീയവും കുത്തിച്ചെലുത്താതിരിക്കുന്നില്ല. കാഷായവസ്ത്രവും താടിമീശയും ഭാണ്ഡക്കെട്ടും ധരിച്ചു് ചില സന്യാസികളുടെ വേഷത്തിലാണുപോലും ഇക്കൂട്ടർ നടക്കുന്നതു്. ഇതൊക്കെ വളരെ നേരംപോക്കായ കെട്ടുകഥകളാണെങ്കിലും പല പാവപ്പെട്ട മാതാപിതാക്കന്മാരേയും തിരിച്ചറിവു വരാത്ത കുട്ടികളേയും പരിഭ്രമിപ്പിക്കുന്നതിനു ഇതു ഇടയാക്കീട്ടുണ്ടു്.

എന്നാൽ ഇതിൽനിന്നു് വ്യത്യസ്ഥമായ രീതിയിൽ യഥാൎത്ഥത്തിലുള്ള ഒരു "പിള്ളേരെപ്പിടുത്തം" ഇന്നു നടന്നുകൊണ്ടിരിക്കുന്നുണ്ടു്. ഈ പിടുത്തക്കാരുടെ വലയിൽനിന്നു രക്ഷപ്രാപിക്കുന്ന കാര്യമാണു് ഇന്നത്തെ സ്കൂൾവിദ്യാൎത്ഥികളുടേയും മററു കുട്ടികളുടെയും പരമപ്രധാനമായ പ്രശ്നം. ഇക്കൂട്ടർ സ്കൂളിൽ അദ്ധ്യാപകന്മാരായിട്ടും വിദ്യാൎത്ഥികളായിട്ടും അങ്ങാടിക്കവലകളിലും മുറുക്കാൻ കടയിലും ഉള്ള സ്നേഹിതരായിട്ടും കുട്ടികളെ സമീപിക്കുകയാണു്. "പാർട്ടി" ചിലവിൽ സ്കൂൾജീവിതം കഴിക്കുന്ന ചില പ്രവൎത്തകരും ഇല്ലാതില്ല. സ്കൂളിനകത്തും പുറത്തും ഈ പ്രവൎത്തകർ അവരുടെ ആശയങ്ങളിലേക്കും തത്വങ്ങളിലേക്കും കുട്ടികളെ വശീകരിക്കുവാൻ അക്ഷീണം പരിശ്രമിക്കുകയാണു്. കണ്ണുപീയൂഷങ്ങളായ ഗാനങ്ങളും വികാരോദ്ദീപകങ്ങളായ കഥകളും പറഞ്ഞു് കുട്ടികളെ അവരിലേക്കാകർഷിക്കുന്നു. ചിലപ്പോഴെല്ലാം ചില സിഗററുകുററികൾ കുട്ടികൾക്കു സപ്ലെ ചെയ്യുന്നതു് അമിതലാഭോദ്ദേശത്തോടുകൂടിയാണെങ്കിലും പുറമെ അതു സ്നേഹപ്രകടനമാണു്. കുട്ടികളിലുള്ള അധമവികാരങ്ങളെ ഇളക്കിവിടുവാൻ പര്യാപ്തമായ വിധത്തിൽ ഇക്കൂട്ടർ സംഭാഷണം രൂപപ്പെടുത്തുന്നു. അങ്ങനെ നിൎമ്മലമായ ബാലഹൃദയങ്ങളിൽ അധമചിന്തകളാകുന്ന കാർമേഘപടലങ്ങൾ തള്ളിക്കയററുന്നു. ദരിദ്രരായ കുട്ടികളുടെ ഇടയിൽ ഇന്നത്തെ സാമ്പത്തികവ്യവസ്ഥിതിയുടെ പോരായ്മകളേയും ധനവാന്മാരുടെ കുട്ടികളുടെ ഇടയിൽ ഇന്നത്തെ സാമുദായിക ആചാരങ്ങളിലുള്ള അസ്വാതന്ത്ര്യങ്ങളെയും ഇങ്ങനെ കുട്ടികളുടെ പ്രായവും സ്ഥിതിവ്യത്യാസങ്ങളുമനുസരിച്ചു് കുട്ടികൾക്കിഷ്ടപ്പെടുന്ന രീതിയിൽ അവരുടെ സംഭാഷണവിഷയങ്ങൾ ക്രമപ്പെടുത്തുന്നു. വസ്തുതകളുടെ നിജസ്ഥിതി മനസ്സിലാക്കുവാൻ കഴിവില്ലാത്ത കുട്ടികൾ ഇക്കൂട്ടരുടെ വാചാലതയിൽ മയങ്ങിപ്പോകുന്നതിൽ അത്ഭുതമില്ലല്ലോ. ഇത്രയുമായിക്കഴിഞ്ഞാൽ അവരുടെ വക പത്രമാസികകളും ഗ്രന്ഥങ്ങളും കുട്ടികൾക്കു് വായിക്കുവാനായി സപ്ലെ ചെയ്യുന്നു. അങ്ങിനെ കുട്ടികളെ അവരുടെ ആദൎശങ്ങളിലും അഭിപ്രായങ്ങളിലും ഉറപ്പിക്കുന്നു. അവരും പ്രവൎത്തകരായി രൂപാന്തരപ്പെടുന്നു.

കുട്ടികളുടെ മനഃകണ്ണുകളിൽ ഭസ്മം എറിഞ്ഞു് ഇന്നത്തെ ഇളംതലമുറയെ ചാക്കിട്ടു പിടിക്കുന്ന ഈ പ്രവൎത്തനം ഇടതടവില്ലാതെ ഇന്നു നടക്കുകയാണു്. നമ്മെയും നമ്മുടെ സഹോദരങ്ങളെയും ഈ "പിള്ളേരെപ്പിടുത്തക്കാരി"ൽ നിന്നു രക്ഷിക്കുവാൻ ധൈര്യസമേതം നാം മുൻപോട്ടുവരണം. അതിനു ഒന്നാമതായി നാം മതപഠനത്തിൽ ശ്രദ്ധ പതിക്കണം. വേദപാഠക്ലാസുകളും കുട്ടികൾക്കായുള്ള ഭക്തസഖ്യങ്ങളും നമ്മുടെ സജീവപ്രവൎത്തനരംഗങ്ങളാകണം. ദിവസംതോറും ഒരു നിശ്ചിതസമയം വായനക്കായി മാററിവയ്ക്കണം. തിരുസഭയുടെ തത്വങ്ങൾ യുക്തിയുക്തമാണു്; അവ പ്രമാദരഹിതങ്ങളാണു്. പിന്നെയെന്തുകൊണ്ടാണു് വിമൎശനങ്ങളേയും ആക്ഷേപങ്ങളേയും എതിരഭിപ്രായങ്ങളേയും ശക്തിയുക്തം ഖണ്ഡിക്കുവാൻ നമുക്കു കഴിയാത്തതു്? നമ്മുടെഅറിവുകുറവുകൊണ്ടു്. കൂടാതെ നമ്മുടെ ആദർശത്തെ ദൈനംദിനജീവിതത്തിൽ നാം പ്രത്യക്ഷമാക്കണം. നാം ജീവിക്കുന്നതു് പ്രവൎത്തനത്തിന്റെ കാലഘട്ടത്തിലാണു് എന്നതു മറക്കരുതു്. ഇന്നത്തെ വിദ്യാൎത്ഥിലോകത്തിന്റെയിടയിൽ കമ്മ്യൂണിസം പച്ചപിടിച്ചു നിൽപുണ്ടെങ്കിൽ വിദ്യാൎത്ഥികളായ നാം തന്നെ അതിനു പരിഹാരം നേടണം. പിള്ളേരെപ്പിടുത്തക്കാരുടെ വങ്കത്തരങ്ങൾ നമ്മുടെ വിദ്യാൎത്ഥിലോകത്തിന്റെയിടയിൽ ചിലവില്ലാത്ത ഒരു ചരക്കാക്കിത്തീൎക്കണം. അവരുടെ പരാജയം നിശ്ചയമാണു്.

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1